2020 ഏപ്രിൽ
04
ശനി
1195 മീനം 22

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ   www.metrovaartha.com   12 പേജ് ₹ 7.00   KOZHIKODE

▶ പേജ് 5

വിവിധ ചികിത്സകൾക്കായി കേരളത്തിലെത്തി കൊവിഡ് ലോക് ഡൗൺ മൂലം കുടുങ്ങിപ്പോയ 53 ഒമാൻ പൗരന്മാരെയും വഹിച്ചു കൊണ്ടുള്ള ഒമാൻ എയർ WY2224 വിമാനം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഇന്നലെ വൈകിട്ട് മസ്കറ്റിലേക്ക് പറന്നുയർന്നപ്പോൾ. » മനു ഷെല്ലി

കർണാടകത്തിന് തിരിച്ചടി

ന്യൂഡൽഹി: കേരളത്തിൽ നിന്നുള്ള രോഗികളെ മംഗലാപുരത്ത് ചികിത്സയ്ക്കു കൊണ്ടുപോകാൻ അതിർത്തി റോഡ് തുറക്കണമെന്ന കേരള ഹൈക്കോടതി ഉത്തരവിനെതിരേ കർണാടക സമർപ്പിച്ച ഹർജിയിൽ സുപ്രീം കോടതി കേന്ദ്ര സർക്കാരിന്റെ നിലപാട് തേടി. ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന കർണാടകയുടെ ആവശ്യം കോടതി അംഗീകരിച്ചുമില്ല. ഹർജിയിൽ ഏപ്രിൽ ഏഴിനു കൂടുതൽ വാദം കേൾക്കും. ഈ പ്രതിസന്ധി സമയത്ത് ഇരു സംസ്ഥാനങ്ങളും പ്രശ്നം വഷളാക്കരുതെന്ന് കോടതി നിർദേശിച്ചു.

കേരള, കർണാടക ചീഫ് സെക്രട്ടറിമാരും ആരോഗ്യ സെക്രട്ടറിമാരുമായി കേന്ദ്ര ആരോഗ്യ സെക്രട്ടറി ചർച്ച നടത്തി പ്രശ്നത്തിനു രമ്യമായ പരിഹാരം കണ്ടെത്തണമെന്നും ജസ്റ്റിസുമാരായ എൽ. നാഗേശ്വര റാവു, ദീപക് ഗുപ്ത എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു. വിഡിയോ കോൺഫറൻസിങ്ങിലൂടെയായിരുന്നു ഹർജിയിൽ കോടതി വാദം കേട്ടത്. ഗുരുതരാവസ്ഥയിലായ രോഗികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിമാർ ചർച്ച ചെയ്ത് മാർഗരേഖയുണ്ടാക്കണം. ഇതു പരിഗണിച്ചാവും വിഷയത്തിൽ അന്തിമ വിധിയെന്ന സൂചനയാണു കോടതി നൽകുന്നത്. അടിയന്തര സാഹചര്യങ്ങളിൽ വാഹനങ്ങൾ കടത്തിവിടേണ്ടിവരുമെന്നു കോടതി വാക്കാൽ അഭിപ്രായപ്പെട്ടു.

റോഡ് അടച്ചിരിക്കുന്നത് കൊറോണ വ്യാപനം തടയാനാണെന്നും വിഷയം കേരള ഹൈക്കോടതിയുടെ അധികാരപരിധിയിൽ വരുന്നതല്ലെന്നും കർണാടക വാദിച്ചു. പുറത്തുനിന്നുള്ള രോഗികളെ ഉൾക്കൊള്ളാനുള്ള സൗകര്യങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽ മംഗലാപുരം ജില്ലയിൽ ഇല്ല. രോഗികൾക്കായി അതിർത്തി തുറന്നുകൊടുത്താൽ കർണാടകയിലെ അതിർത്തി ജില്ലകളിൽ വൻതോതിൽ കൊറോണ വ്യാപനമുണ്ടാവാം- അവർ വാദിച്ചു. അടിയന്തര ചികിത്സയ്ക്കു പോകുന്ന രോഗികൾക്കു വേണ്ടി മാത്രമാണ് റോഡ് തുറക്കാൻ ആവശ്യപ്പെടുന്നതെന്ന് കേരളത്തിനു വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത ചൂണ്ടിക്കാട്ടി.

ഇരുട്ടകറ്റാൻ നാളെ ദീപം തെളിക്കാം: മോദി

ന്യൂഡൽഹി: കൊറോണയെന്ന ഇരുട്ടിനെ അകറ്റുന്നതിലുള്ള രാജ്യത്തിന്റെ കൂട്ടായ്മ കാണിക്കുന്നതിന് നാളെ (ഏപ്രിൽ അഞ്ച്) വെളിച്ചത്തിന്റെ ദിനമാക്കി മാറ്റാമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നാളെ രാത്രി ഒമ്പതിന് ഒമ്പതു മിനിറ്റ് എല്ലാവരും വീടുകളിൽ ലൈറ്റെല്ലാം അണച്ച് ബാൽക്കണിയിലോ വാതിൽക്കലോ വിളക്കുകളും മെഴുകുതിരികളും ടോർച്ചുകളും മൊബൈൽ ഫ്ലാഷ് ലൈറ്റുകളും തെളിയിക്കണം. ഇതുവഴി വെളിച്ചത്തിന്റെ സൂപ്പർ പവർ നമുക്ക് അനുഭവിക്കാം, പൊതുലക്ഷ്യത്തെ പ്രതിഫലിപ്പിക്കാം. ആ വെളിച്ചത്തിൽ, പ്രഭയിൽ, നമ്മുടെ മനസിൽ ഉറപ്പിക്കാം, നമ്മൾ ഒറ്റയ്ക്കല്ലെന്ന്. കൊറോണയെ തോൽപ്പിക്കുകയെന്ന പൊതുലക്ഷ്യത്തിൽ 130 കോടി ഇന്ത്യക്കാർ ഒന്നിച്ചാണെന്ന്- മോദി പറഞ്ഞു. ഇന്നലെ രാവിലെ ജനങ്ങൾക്കു നൽകിയ വിഡിയോ സന്ദേശത്തിലാണു മോദിയുടെ ആഹ്വാനം.

എന്നാൽ, ദീപം തെളിക്കുന്നതിനു വേണ്ടി ആരും വീടിനു പുറത്തു പോകരുത്. കൂട്ടം കൂടരുത്. സാമൂഹിക അകലം പാലിച്ചേ തീരൂ. ആരും ലക്ഷ്മണ രേഖ ലംഘിക്കരുത്- അദ്ദേഹം കൂട്ടിച്ചേർത്തു. പ്രകാശവും പ്രതീക്ഷയും കൊണ്ടാണ് കൊറോണക്കെതിരായ പോരാട്ടം നമ്മൾ തുടരുന്നത്. ഒന്നിച്ചുനിന്നാൽ കൊറോണയെ നേരിടാൻ രാജ്യത്തിനു കഴിയും. ലോക്ക്ഡൗണിനോട് നല്ല രീതിയിൽ തന്നെ ജനങ്ങൾ സഹകരിക്കുന്നുണ്ട്. ഈ ഐക്യം കാത്തുസൂക്ഷിക്കണം.

എത്രനാൾ വീടുകളിൽ ഇരിക്കേണ്ടിവരുമെന്ന് ആശങ്കപ്പെടുന്നവരുണ്ട്. നമുക്കു ചുറ്റും അന്ധകാരമാക്കിയിരിക്കുകയാണ് കൊറോണ. ഈ ഇരുട്ടിനെ ഇല്ലാതാക്കാൻ നമുക്കു കഴിയും. നാലു വശത്തും ദീപം തെളിച്ച് നമുക്കിതിനെ തോൽപ്പിക്കാം. 130 കോടി ഇന്ത്യക്കാരുടെ സൂപ്പർ പവർ ഏപ്രിൽ അഞ്ചിനു നമുക്ക് തെളിയിക്കാനാവണം- മോദി പറഞ്ഞു.

കൊറോണയെ എങ്ങനെ ഒറ്റയ്ക്കു നേരിടുമെന്ന് പലർക്കും ആശങ്കയുണ്ട്. ആരും ഒറ്റയ്ക്കല്ല. 130 കോടി ജനങ്ങൾ നിങ്ങളോടൊപ്പമുണ്ട്. രാജ്യം ഒന്നായാണു കൊറോണക്കെതിരേ പോരാടുന്നത്. രോഗത്തിന്റെ ക്ലേശങ്ങൾ അനുഭവിക്കുന്നവരെ നിരാശയിൽ നിന്ന് ഉയർത്തിക്കൊണ്ടുവരാനാകണമെന്നും പ്രധാനമന്ത്രി.

കൊറോണയെ ഇന്ത്യ നേരിടുന്ന രീതി മറ്റു രാജ്യങ്ങൾക്കു മാതൃകയാണെന്നും പലരും അനുകരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. ജനതാ കർഫ്യൂ, മണി മുഴക്കൽ, കൈയടിക്കൽ, പാത്രത്തിൽ കൊട്ടൽ എന്നിവയെല്ലാം പരീക്ഷണകാലഘട്ടത്തിൽ രാജ്യം ഒന്നിച്ചു നിൽക്കുന്നു എന്നു തെളിയിച്ചു. കൊറോണക്കെതിരേ രാജ്യത്തിന് ഒന്നിച്ചുനിൽക്കാനാവുമെന്ന വിശ്വാസം ആഴത്തിലാക്കി. ഈ ഒത്തൊരുമ ലോക്ക്ഡൗൺ കാലത്തും കാണുന്നു- അദ്ദേഹം പറഞ്ഞു.

രാജ്യം സഹകരിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: ഞായറാഴ്ച രാത്രി ഒൻപതിനു പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ദീപം തെളിയിക്കലിനോട് രാജ്യം സഹകരിക്കുമെന്നാണു താൻ കരുതുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. "പ്രകാശം പരത്തുക എന്നതിനോട് ആർക്കും വിയോജിപ്പുണ്ടാകേണ്ട കാര്യമില്ല. അതൊരു നല്ല കാര്യമാണ്. അതിനോട് രാജ്യം സഹകരിക്കും എന്നു തന്നെയാണു പ്രതീക്ഷിക്കുന്നത്"- വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി.

"എന്നാൽ, തീർത്തും സാധാരണക്കാരായ ലക്ഷക്കണക്കിന് ആളുകളുടെ മനസിൽ ശരിയായ പ്രകാശം എത്തിക്കുകയാണു വേണ്ടത്. സാധാരണക്കാരും കച്ചവടക്കാരും തൊഴിലാളികളും ഉൾപ്പെടെ ഒട്ടേറെപ്പേരുടെ മനസിൽ ശരിയായ രീതിയിൽ പ്രകാശം തെളിയിക്കാനാകണം. അതിനു വേണ്ടതു സാമ്പത്തിക പിന്തുണയാണ്. അതു പിന്നാലെ വരുമായിരിക്കും. ആദ്യം ഇത്തരത്തിൽ ഒരു പ്രകാശം വരട്ടെ എന്നായിരിക്കും പ്രധാനമന്ത്രി ചിന്തിച്ചിട്ടുണ്ടാവുക"- ഇതു സംബന്ധിച്ച ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിക്കണമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽ കുമാറും പറഞ്ഞു. ആ സന്ദേശത്തിൽ രാഷ്ട്രീയം കാണേണ്ടതില്ല. ഓരോ വീട്ടിലും ഒറ്റപ്പെട്ടു കഴിയുമ്പോൾ വെളിച്ചത്തിലൂടെ നമ്മൾ എല്ലാവരും ഒരുമിച്ചാണെന്ന സന്ദേശമാണ് അദ്ദേഹം മുന്നോട്ടുവയ്ക്കുന്നത്. രാജ്യം മുഴുവൻ ഒറ്റക്കെട്ടായി കൊറോണക്കെതിരേ പോരാടുന്നുവെന്ന് ഇതിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കാം- സുനിൽ കുമാർ ചൂണ്ടിക്കാട്ടി.

കൊവിഡ് 19: ഇന്ത്യയ്ക്ക് ലോകബാങ്കിന്റെ 100 കോടി ഡോളർ

ന്യൂഡൽഹി: കൊവിഡ് 19 വ്യാപനം തടയാൻ ഇന്ത്യയ്ക്ക് ലോകബാങ്കിന്റെ 100 കോടി ഡോളർ. പകർച്ചവ്യാധി നേരിടുന്നതിന് 25 രാജ്യങ്ങൾക്കായി നീക്കിവച്ച 190 കോടി ഡോളറിൽ നിന്നാണ് ഇന്ത്യയ്ക്കുള്ള സഹായം. ദക്ഷിണേഷ്യയിൽ ഏറ്റവുമധികം സഹായവും ഇന്ത്യയ്ക്കാണ്.

രോഗബാധിതരെ കണ്ടെത്തുക, അവരുമായി സമ്പർക്കം പുലർത്തിയവരെ കണ്ടെത്തി നിരീക്ഷണത്തിലാക്കുക, ലബോറട്ടറി സൗകര്യങ്ങൾ വർധിപ്പിക്കുക, ഐസൊലേഷൻ വാർഡുകൾ ക്രമീകരിക്കുക, സുരക്ഷാ വസ്ത്രങ്ങൾ സംഭരിക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് ഈ പണം ഉപയോഗിക്കാം.

കൊവിഡ് തടയാൻ ഇന്ത്യയെടുത്ത നടപടികളിൽ സംതൃപ്തിയുണ്ടെന്ന് ലോകബാങ്കിന്റെ ഇന്ത്യ ഡയറക്റ്റർ ജുനൈജ് അഹമ്മദ് പറഞ്ഞു. 21 ദിവസത്തെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതിനൊപ്പം സമ്പദ് വ്യവസ്ഥയെ ബലപ്പെടുത്താൻ നടത്തിയ ശ്രമവും പ്രധാനമന്ത്രി കല്യാൺ യോജന പോലുള്ള പദ്ധതികൾ ഉപയോഗിച്ച് സാമൂഹിക ക്ഷേമം ഉറപ്പാക്കിയതും അഭിനന്ദനാർഹമെന്നും ജുനൈദ് അഹമ്മദ്.

9 പേർക്കു കൂടി രോഗബാധ

1,69,997 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: കേരളത്തിൽ ഇന്നലെ ഒമ്പതു പേർക്ക് കൊവിഡ് 19 വൈറസ് ബാധ സ്ഥിരീകരിച്ചു. കാസർഗോഡ് ഏഴുപേർക്കും തൃശൂർ, കണ്ണൂർ ജില്ലകളിൽ നിന്നും ഓരോരുത്തർക്കുമാണ് രോഗം സ്ഥിരികരിച്ചത്. ദുബായിൽ നിന്നും വന്ന നാലുപേർക്കും ഷാർജ, അബുദാബി, ഡൽഹി നിസാമുദ്ദീൻ മർക്കസ് എന്നിവിടങ്ങളിൽ നിന്നും വന്ന ഓരോരുത്തർക്കും സമ്പർക്കത്തിലൂടെ രണ്ടുപേർക്കുമാണ് രോഗമുണ്ടായത്.

സംസ്ഥാനത്ത് 295 പേർക്കാണ് ഇതുവരെ രോഗബാധ സ്ഥിരീകരിച്ചത്. 14 പേരുടെ പരിശോധനാഫലം ഇന്നലെ നെഗറ്റീവ് ആയി. കണ്ണൂരിൽ ചികിത്സയിലായിരുന്ന അഞ്ചു പേരുടെയും കാസർഗോഡ് മൂന്നു പേരുടെയും ഇടുക്കിയിൽ പൊതുപ്രവർത്തകൻ ഉൾപ്പെടെ രണ്ടുപേരുടെയും കോഴിക്കോട് രണ്ടുപേരുടെയും (അതിലൊരാൾ കാസർഗോഡ് സ്വദേശി), പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്നും ഓരോരുത്തരുടേയും പരിശോധനാഫലം നെഗറ്റീവാണ്. കോട്ടയത്തെ വൃദ്ധ ദമ്പതികളും അവരെ ശുശ്രൂഷിച്ച നഴ്സും രോഗം ഭേദമായതിനെത്തുടർന്ന് ആശുപത്രി വിട്ടു.

നിലവിൽ 251 പേരാണ് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 42 പേർ രോഗമുക്തി നേടി. 1,69,997 പേർ നിരീക്ഷണത്തിലാണ്- 1,69,291 പേർ വീടുകളിലും 706 പേർ ആശുപത്രികളിലും. 184 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

₹ 11,092 കോടി സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുവദിച്ചു

ന്യൂഡൽഹി: കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് 11,092 കോടി രൂപ നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. സംസ്ഥാന ദുരന്ത നിവാരണ മാനെജ്മെന്റ് ഫണ്ടിനു കീഴിലായിരിക്കും ഈ തുക നൽകുക. കൊവിഡ് പ്രതിരോധത്തിന് ആവശ്യമായ ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞദിവസം വിഡിയോ കോൺഫറൻസിൽ മുഖ്യമന്ത്രിമാർക്ക് ഉറപ്പുനൽകിയതിനു പിന്നാലെയാണ് പ്രഖ്യാപനം.

2020-21 കാലത്തെ സംസ്ഥാന ദുരന്ത നിവാരണ മാനെജ്മെന്റ് ഫണ്ടിന്റെ ആദ്യ ഗഡു എന്ന നിലയിൽ അടിയന്തര സഹായം എന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ ഉത്തരവിൽ പറയുന്നത്. കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം രോഗനിർണയത്തിനും ചികിത്സയ്ക്കും ഈ ഫണ്ട് വിനിയോഗിക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതിയുണ്ട്.

ക്വാറന്റൈൻ - ഐസൊലേഷൻ സൗകര്യങ്ങൾ സജ്ജീകരിക്കൽ, സ്രവ സാംപിളുകളുടെ ശേഖരണം, കൂടുതൽ പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ആരോഗ്യപ്രവർത്തകർക്കായി സംരക്ഷണ ഉപകരണങ്ങൾ വാങ്ങൽ സർക്കാർ ആശുപത്രികളിലേയ്ക്കുള്ള ഉപകരണങ്ങൾ എന്നിവയ്ക്ക് ഈ പണം ചെലവാക്കാം.

തെർമൽ സ്കാനറുകൾ, വെന്റിലേറ്ററുകൾ, എയർ പ്യൂരിഫയർ തുടങ്ങിയവ വാങ്ങാം. നഗരസഭകൾ, പൊലീസ്, അഗ്നിരക്ഷാ സേന എന്നിവരുടെ വിവിധ ആവശ്യങ്ങൾക്കും ഈ ഫണ്ട് വിനിയോഗിക്കാൻ അനുമതിയുണ്ട്. വീടില്ലാത്തവർക്ക് താത്കാലിക അഭയ കേന്ദ്രങ്ങൾ ഒരുക്കൽ, അവർക്കു ഭക്ഷണം, ഇതരസംസ്ഥാന തൊഴിലാളികൾക്കു സംരക്ഷണം എന്നിവയ്ക്കും ഈ പണം ഉപയോഗിക്കാമെന്ന് ഉത്തരവിൽ പറയുന്നു.



കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ രാജ്യത്തെ 49 പ്രമുഖ കായികതാരങ്ങളുമായി നടത്തിയ വീഡിയൊ കോൺഫറൻസിൽ ഒളിംപ്യൻ പി.ടി. ഉഷ. കേരളത്തിൽ നിന്ന് ഉഷ, അഞ്ജു ബോബി ജോർജ്, കെ.ടി. ഇർഫാൻ എന്നിവരാണു പങ്കെടുത്തത്. കൊവിഡ് ബോധവത്കരണത്തിൽ ഓരോരുത്തരും ഭാഗമാകണമെന്ന് പ്രധാനമന്ത്രി അഭ്യർഥിച്ചതായി അഞ്ജു ബോബി ജോർജ് 'മെട്രൊ വാർത്ത'യോട് പറഞ്ഞു.

ലോക് ഡൗൺ: കെ.എം. എബ്രഹാം അധ്യക്ഷനായി സമിതി

തിരുവനന്തപുരം: കൊവിഡ് വ്യാപനം പ്രതിരോധിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന 21 ദിവസത്തെ ലോക് ഡൗൺ പിൻവലിക്കലും അതിനു ശേഷമുള്ള തുടർനടപടികളും എങ്ങനെയാവണമെന്ന് പഠിക്കാൻ മുൻ ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രഹാം അധ്യക്ഷനായി 17 അംഗ വിദഗ്ധസമിതിയെ സംസ്ഥാന സർക്കാർ നിയോഗിച്ചു.

കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ വിഡിയോ കോൺഫറൻസിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഇത്തരമൊരു സമിതിയെ നിയോഗിക്കാൻ നിർദേശിച്ചത്. സമിതിയുടെ റിപ്പോർട്ട് പ്രധാനമന്ത്രിക്കു കൈമാറും.

അടൂർ ഗോപാലകൃഷ്ണൻ, മാമ്മൻ മാത്യു, എം.വി. ശ്രേയാംസ് കുമാർ, ബിഷപ്പ് മാർ മാത്യു അറയ്ക്കൽ, അരുണ സുന്ദർരാജൻ, മുൻ ഡിജിപി ജേക്കബ് പുന്നൂസ്, അഡ്വ. ബി. രാമൻപിള്ള, രാജീവ് സദാനന്ദൻ, ഡോ. ബി. ഇക്ബാൽ, ഡോ. ഫസൽ ഗഫൂർ, മുരളി തുമ്മാരുകുടി, ഡോ. പി.എ. കുമാർ, ഡോ. ഖദീജാ മുംതാസ്, ഡോ. മൃദുൽ ഈപ്പൻ, ഡോ. ഇരുദയരാജൻ എന്നിവരാണ് സമിതിയംഗങ്ങൾ.

സ്വർണം

ഗ്രാം	- 3,975
പവൻ	- 31,800

www.facebook.com/metrovaarthaofficial

കാലത്തിന് കണ്ണാടി പിടിച്ച് അശോകൻ ചരുവിൽ

ഹരി ഇരിങ്ങാലക്കുട

കാട്ടൂർ: കൊറോണക്കാലത്ത് പുതിയ നോവലിന്റെ പണിപ്പുരയിൽ പ്രവേശിച്ച് മലയാളത്തിന്റെ പ്രിയ കഥാകാരൻ അശോകൻ ചരുവിൽ. ഇതുവരെ എഴുതിയിട്ടുള്ളത് ചെറുകഥകളും രണ്ടു ലഘു നോവലുകളും. വെറും വായനയ്ക്കു വേണ്ടിയുള്ള ഒരു നോവലല്ല മനസിൽ. മറ്റുള്ളവർ വിചാരിക്കുന്നതു പോലെ എളുപ്പത്തിൽ രചന നിർവഹിക്കാവുന്ന വിഷയവുമല്ല.

ഈ കാലഘട്ടത്തിന്റെ അടയാളങ്ങൾ മുഴുവൻ ഒപ്പിയെടുക്കുകയാണ് കഥാകാരന്റെ ലക്ഷ്യം. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ വിഭജനം തൊട്ടുള്ള രാഷ്ട്രീയ പശ്ചാത്തലവും സാമൂഹിക മുന്നേറ്റങ്ങളും നോവലിൽ ചർച്ച ചെയ്യപ്പെടും. സമകാലിക സംഭവങ്ങൾക്കും വലിയൊരു ഇടം നൽകണം. എല്ലാത്തിലുമുപരി, എഴുത്തിന്റെ സത്യസന്ധത നിലനിർത്തേണ്ടതും ഒഴിച്ചുകൂടാനാവത്തതാണ്. ഇത്തരമൊരു ബൃഹദ് നോവലിന്റെ രചനയ്ക്ക് ഏറ്റവും ആവശ്യമായ കുറിപ്പുകളും മറ്റും തയാറാക്കേണ്ടതുണ്ട്. അതിനു സഹായിക്കുന്ന ഗ്രന്ഥങ്ങളും ചരിത്ര സംഭവങ്ങളും റെഫർ ചെയ്യാൻ ഈ കൊറോണക്കാലം ഉപകാരപ്പെടുമെന്നാണ് അശോകന്റെ ഉത്തമവിശ്വാസം.

കൃഷിയോട് വളരെ ആഭിമുഖ്യമുള്ള എഴുത്തുകാരനാണ് അശോകൻ ചരുവിൽ. സ്വന്തം പുരയിടത്തിൽ പച്ചക്കറി കൃഷി ചെയ്യാനുള്ള ആഗ്രഹത്തിന് തടസമാകുന്നത് ഇടയ്ക്കിടെ അലട്ടുന്ന സ്പോണ്ടിലൈറ്റിസ്. സുഹൃത്തും കഥാകൃത്തുമായ അഷ്ടമൂർത്തിയും ഇപ്പോൾ പുരയിടക്കൃഷിയിൽ സമയം കണ്ടെത്തിക്കഴിഞ്ഞു.

ലോക്ക് ഡൗണിനെ തുടർന്ന് സാധാരണ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പങ്കുവയ്ക്കാനും കഥാകൃത്ത് സമയം കണ്ടെത്തി. ഒരു മഹാവിപത്ത് തടയാൻ ഏർപ്പെടുത്തിയ സംവിധാനമെന്ന നിലയ്ക്ക് ജനങ്ങൾ ലോക്ക് ഡൗണിനോട് പൂർണമായി സഹകരിക്കണം. സമൂഹത്തിൽ ഒറ്റപ്പെട്ടവരെയും നിത്യവൃത്തിക്കു പ്രയാസപ്പെടുന്നവരെയും ജോലി നഷ്ടപ്പെട്ട സാധാരണക്കാരെയും സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. പഞ്ചായത്തുകളിൽ ആരംഭിച്ച സമൂഹ അടുക്കളയുടെ നടത്തിപ്പിൽ സഹായങ്ങൾ നൽകിക്കൊണ്ട് അത്തരക്കാരെ സഹായിക്കാൻ കഴിയും.

രണ്ടു പ്രളയ ദുരന്തങ്ങൾ നേരിട്ട ശേഷമാണ് സംസ്ഥാനം കൊറോണയെന്ന മഹാമാരിയെ നേരിടുന്നത്. പ്രളയത്തോടെ തന്നെ തകർന്നടിഞ്ഞ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ഏറെ വെല്ലുവിളികൾ നേരിടുന്ന സന്ദർഭമാണ്. ഈ ഘട്ടത്തിൽ സംസ്ഥാന സർക്കാരിനെ സഹായിക്കേണ്ടത് ഓരോരുത്തരും ഏറ്റവും ഉചിതമായി കാണണമെന്നും അശോകൻ ചരുവിൽ.

താനൂരിൽ ട്രോമ കെയർ പ്രവർത്തകന് വെട്ടേറ്റു

തേഞ്ഞിപ്പലം: ട്രോമ കെയർ പ്രവർത്തകന് വെട്ടേറ്റു. താനൂർ പണ്ടാരകടപ്പുറം സ്വദേശി പോറുകടവത്ത് ജാബിർ(27) നാണ് വെട്ടേറ്റത്. ഇന്ന് പുലർച്ചെ മൂന്നര മണിയോടെയാണ് ആയുധങ്ങളുമായി എത്തിയ അക്രമിസംഘമാണ് ഇയാളെ ആക്രമിച്ചത്. വീട്ടിലേക്ക് വരുന്നവഴിയാണ് ആക്രമണമുണ്ടായത്. ട്രോമോകെയറിന്റെ സജീവപ്രവർത്തകനായ ജാബിർ കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊലീസുമായി സഹകരിച്ച് പ്രവർത്തനം നടത്തി തിരികെ വീട്ടിലേക്ക് വരുമ്പോളാണ് ആക്രമണമുണ്ടായതെന്ന പറയുന്നു.

കൈക്കും കാലിനും വെട്ടേറ്റ ഇയാളെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നൽകിയ ശേഷം വീട്ടിലേക്ക് തിരിച്ചയച്ചു. സംഭവത്തിൽ താനൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

ചീഞ്ഞ ചെമ്മീൻ പിടിച്ചെടുത്തു

തലശേരി : ആന്ധ്ര വിജയവാഡയിൽ നിന്നും ലോറിയിൽ കൊണ്ടുവന്ന ഭക്ഷ്യയോഗ്യമല്ലാത്ത 30 കിലോ ചെമ്മീൻപിടികൂടി നശിപ്പിച്ചു. വ്യാഴാഴ്ച രാത്രി തലശേരി മട്ടാമ്പ്രം ഇന്ദിരാ പാർക്കിന് സമീപം നിർത്തിയിട്ട ലോറിയിൽ നിന്നും ദുർഗന്ധം അനുഭവപ്പെട്ടതിനെ തുടർന്ന് പരിസരവാസികൾ പൊലീസിനെ വിവരമറിയിക്കുകയായിരുന്നു. തലശേരി എസ്.ഐ ബിനു മോഹന്റെ നേതൃത്വത്തിലുള്ള പൊലീസും, നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധിച്ചപ്പോഴാണ് പുഴുവരിച്ച നിലയിൽ ചെമ്മീൻ കണ്ടത്.

മതിയായ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ കൊണ്ടുപോയതിന് പൊലീസ് കേസെടുത്തു. തലശേരിയിലെ മത്സ്യ വ്യാപാര ഏജന്റ് റഫീഖ് ആണ് മത്സ്യം കോഴിക്കോടേക്ക് കൊണ്ടുപോകാനായി ഏർപ്പാടാക്കിയത് ഇയാളിൽ നിന്നും ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം പിഴ ഈടാക്കും.എസ്.ഐ. ബിനു മോഹൻ, ഹെൽത്ത് സൂപ്പർവൈസർ ഉസ്മാൻ ചാലിയാടൻ, ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ.സി ലതീഷ്, വി.ആർ ജയചന്ദ്രൻ എന്നിവരടങ്ങുന്ന സംഘമാണ് ചെമ്മീൻപിടികൂടിയത്.

വിലക്കു ലംഘിച്ച് ചായ കച്ചവടം നടത്തിയവർക്കെതിരെ കേസ്

തേഞ്ഞിപ്പലം: കൊവിഡ് - 19 നെ തുടർന്ന് സർക്കാറിന്റെ നിർദ്ദേശം മറികടന്ന് ചായ കച്ചവടം നടത്തിയ മൂന്ന് പേർക്കെതിരേ കേസ്. പെരുവള്ളൂർ പഞ്ചായത്തിലെ ഇരുമ്പം കൂടുക്കിലെ രണ്ടും കാടപ്പടിയിലെ ഒരു സ്ഥാപനത്തിലെ ചായ കച്ചവടക്കാർക്കെതിരേയാണ് ഇന്നലെ തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത് .

ഇരുമ്പം കുടുക്കിൽ പാരഡൈസ് ബേക്കറിയിലെ ഒളകര യാറത്തുംപടി മുടിമന്നിൽ മരക്കാർ മകൻ കൂനാരി തുമ്പത്ത് മുഹമ്മദ് (46), ഇരുമ്പം കുടുക്കിൽ സഫ ഹോട്ടലിലെ പെരുവള്ളൂർ, നടുക്കര, എള്ളാത്ത് പറമ്പിൽ മുഹമ്മദ് കുട്ടിയുടെ മകൻ മൂസ (52), കാടപടി ന്യൂ സ്റ്റാർ ഹോട്ടലിലെ കരിപ്പൂർ, കോഴിക്കാമാടം മഹമ്മദ് മുസ്ലാറുടെ മകൻ സി അബ്ദുൾ വഹാബ് (40) എന്നിവർക്കെതിരേയാണ് കേസ്.സർക്കാറിന്റെ നിർദ്ദേശം ലംഘിച്ച് ചായ കച്ചവടം നടത്തിയതിനെതിരേയാണ് കേസെടുത്തതെന്ന് പൊലീസ് വ്യക്ത മാക്കിയത്.

വിഷുവിന് വിഷ രഹിത പച്ചക്കറിയുമായി എരഞ്ഞോളി പഞ്ചായത്ത്

തലശേരി : എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ജീവനി പദ്ധതി പ്രകാരം പതിനാറാം വാർഡിൽ ഒരുമ ജെ.എൽ.ജി ഗ്രൂപ്പ് പരേത്ത് താഴെ വയലിലാണ് വെള്ളരി കൃഷി വിളവെടുപ്പ് തുടങ്ങിയത്. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന ആശയം ഉൾക്കൊണ്ടു കൊണ്ട് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് എരഞ്ഞോളി കൃഷിഭവൻ നടപ്പിലാക്കുന്ന ജീവനിപദ്ധതി പ്രകാരം വടക്കുമ്പാട് പതിനാറാം വാർഡിൽ വർഷങ്ങളായി തരിശിട്ട അറുപത് സെന്റ് സ്ഥലത്ത് ഒരുമ ജെ.എൽ.ജി ഗ്രൂപ്പിലെഏഴു പേർ ചേർന്നാണ് കൃഷി ചെയ്തത്.

ചീര,വെണ്ട, പയർ, മുളക്, വെള്ളരി, കയ്പ, കുമ്പളം, പൊട്ടിക്ക എന്നിവയാണ് വിളവെടുത്തത്.നാടിനെ നടുക്കിയ കൊറോണ രോഗം കാരണം വിളവെടുപ്പിൽ നിന്ന് ലഭിച്ച പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് കൊടുക്കാറുണ്ടെന്ന് സി.ഡി.എസ്.അംഗം എം.പി. ശ്രീഷ പറഞ്ഞു.ഒരുമ ജെ എൽ ജി. ഗ്രൂപ്പ് എൻ.ചിത്രജ സെക്രട്ടറിയും എം.യമുന പ്രസിഡണ്ടുമായും അംഗങ്ങളായ എം. പി. ശ്രീഷ, എ.കമല, കെ.സനിത, ടി.പി.ഷൈമ, കെ.നിർമ്മല, സി.ശ്രീജ, കെ.രാജീവൻ, സി. സജീവൻ, കെ.വത്സൻ എന്നിവരാണ് കൃഷി ചെയ്തത്.

ചൂടിലും കരുതലോടെ... കോഴിക്കോട് ജില്ലയിൽ ഉഷ്ണതരംഗമുള്ളതിനാൽ ജാഗ്രതയോടെ പൊലീസ് നഗരത്തിലെ വാഹനങ്ങൾ പരിശോധിക്കുന്നു. - **വിമിത്ത് ഷാൽ**

സിപിഎമ്മിന്റെ നേതൃത്വത്തിൽ ഭക്ഷ്യ വസ്തുക്കൾ നൽകി

കുറ്റ്യാടി: കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്ക് സി പി ഐ എം വളയന്നൂർ ചിറ ബ്രാഞ്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. വളയന്നൂരിലെയും സമീപ പ്രദേശങ്ങളിലെയും സുമനസുകളുടെ പങ്കാളിത്തത്തോടു കൂടിയാണ് കിറ്റിന് ആവശ്യമായ വിഭവങ്ങൾ ശേഖരിച്ചത്. അരി, പഞ്ചസാര, ചായപ്പൊടി, മഞ്ഞൾപ്പൊടി, കടല, ഉപ്പ്, പരിപ്പ്, സവാള തുടങ്ങിയ ധാന്യങ്ങൾ അടങ്ങിയ കിറ്റുകളാണ് ഓരോ കുടുംബത്തിനും നൽകിയത്. ലളിതമായ ചടങ്ങിൽ സി പി ഐ കുറ്റ്യാടി ലോക്കൽ കമ്മിറ്റി സെക്രട്ടറി പി സി രവീന്ദ്രൻ മാസ്റ്റർ വളയന്നൂർ ചിറ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി കെ പി ബാബുരാജിന് കിറ്റ് നൽകി ഉദ്ഘാടനം ചെയ്തു.ഇ കെ ബാബു, ഇ വി രാജേഷ്, എം എം ബൈജു, ബിജു വളയന്നൂർ, കെ കെ ശശി,ദിവീഷ് എന്നിവർ രണ്ടംഗങ്ങൾ ഉൾപ്പെടുന്ന വിവിധ സ്ക്വാഡുകളായി തിരിഞ്ഞ് കൊറോണ മാനദണ്ഡങ്ങൾ പാലിച്ചുള്ള പ്രവർത്തനമാണ് നടത്തിയത്

സർക്കാരിനൊപ്പം ആസ്റ്റർ മിംസ്, കൊവിഡ് ചികിത്സയ്ക്ക് 750 കിടക്കകൾ റെഡി

കോഴിക്കോട്: കൊറോണപ്രതിരോധത്തിന് സർക്കാർ സംവിധാനങ്ങൾക്കൊപ്പം ചലിക്കാൻ ആസ്റ്റർ മിംസും. കൊവിഡ് 19 ബാധിച്ച രോഗികളുടെ ചികിത്സയ്ക്കായ് ആസ്റ്റർമിംസിന്റെ കേരളത്തിലെ അഞ്ച് ആശുപത്രികളിലായി 750 കിടക്കകൾ വിട്ടുനൽകുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് ആസ്റ്റർ മിംസിന്റെ ഏറണാകുളം, കോഴിക്കോട്, കോട്ടയ്ക്കൽ, കണ്ണൂർ, വയനാട് ആശുപത്രികളിലായി 750 കിടക്കകൾ വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2.5കോടി നൽകുമെന്നും ഡോ.ആസാദ് മൂപ്പൻ മുഖ്യമന്ത്രിയെ അറിയിച്ചു.750 കിടക്കൾ ചികിത്സയ്ക്കായ് നീക്കിവെക്കുന്നതിന് പുറമേ കൊച്ചി, കോഴിക്കോട്, കണ്ണൂർ ആശുപത്രികൾക്ക് സമീപമുള്ള ഹോട്ടലുകൾ അപ്പാർട്മെന്റ് കൾ തുടങ്ങിയിടങ്ങളിൽ നിരീക്ഷണത്തിലുള്ള രോഗികളെ ചികിത്സിക്കാനായി ഡോക്റ്റർമാരുടെ സേവനം നൽകുമെന്നും ആസാദ്മൂപ്പൻ മുഖ്യമന്ത്രിക്ക് ഉറപ്പുനൽകിയിട്ടുണ്ട്.ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച്സെന്റർ (ഐസിഎംആർ) അംഗീകാരം നൽകിയ കൊറോണ വൈറസ് പരിശോധനാ ലാബ് അടുത്തദിവസം തന്നെ കോഴിക്കോട് ആസ്റ്റർമിംസിൽ പ്രവർത്തിച്ച് തുടങ്ങും.

ഇളനീർ വിതരണം

ബാലുശേരി: കൊറോണ വ്യാപനം തടയുവാൻ കൊടും ചൂടിൽ ജോലി ചെയ്യുന്ന പൊലീസിന് ബാലുശേരി ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ ഇളനീർ വിതരണം നടത്തി. സിഐ ജീവൻ ജോർജ് ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡന്റ്ഹരീഷ് കുമാർ അധ്യക്ഷത വഹിച്ചു. എസ്ഐ പ്രജീഷ്, ക്ലബ് സെക്രട്ടറി ഫൈസൽ കിനാലൂർ ,ട്രഷറർ പ്രേമരാജൻ സംബന്ധിച്ചു.

കൊറോണാ സാധ്യത നിർണയ സഹായി വികസിപ്പിച്ച് ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ

കോഴിക്കോട്: കൊറോണ വൈറസ് രോഗബാധയുടെ സാധ്യത പൊതുജനങ്ങൾക്ക് സ്വയം നിർണയിക്കാൻ സഹായിക്കുന്ന ഒരു ഓൺലൈൻ സംവിധാനം ഒരുക്കി ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ. ലോകാരോഗ്യ സംഘടനയും കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും പ്രസിദ്ധീകരിച്ച മാർഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ സംവിധാനം മലയാളത്തിലും ഇംഗ്ലീഷിലുമായി തയാറാക്കിയിരിക്കുന്നത്.ഉപയോക്താക്കൾക്ക് അവരുടെ രോഗ ലക്ഷണങ്ങൾ, യാത്രാ ചരിത്രം, രോഗി സമ്പർക്കം എന്നിവയെക്കുറിച്ച് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലൂടെ അവരുടെ രോഗ സാധ്യത സ്വയം വിലയിരുത്താൻ കഴിയും. വളരെ ലളിതമായി ഒരു 'ചാറ്റ്' രൂപത്തിലാണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഉയർന്ന രോഗ സാധ്യത ഉണ്ടെന്ന് കണ്ടെത്തിയാൽ, തുടർ നടപടികളെ കുറിച്ചുള്ള നിർദേശങ്ങൾ ലഭിക്കും. കൊറോണ വൈറസ് രോഗത്തെ കുറിച്ച് കൂടുതൽ അറിയാൻ ഉള്ള ഉപാധികളും ഹെൽപ് ലൈൻ നമ്പറും ഇതിൽ നൽകിയിട്ടുണ്ട്. ഇതിനകം രാജ്യത്തുടനീളമുള്ള പതിനായിരത്തിലധികം ജനങ്ങൾ ഉപയോഗിച്ച ഈ സംവിധാനം പ്രയോജനപ്പെടുത്താൻ https://covid.bmhcare.in എന്ന ലിങ്ക് സന്ദർശിച്ചാൽ മതിയാവുന്നതാണ്.

കോഴിക്കോട് നിലവിലുള്ളത് അഞ്ച് പോസിറ്റീവ് കേസുകൾ

കോഴിക്കോട്: കോവിഡുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ അവശേഷിക്കുന്നത് അഞ്ച് പോസിറ്റീവ് കേസുകൾ മാത്രം. മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്ന ഒരു കോഴിക്കോട് സ്വദേശി കൂടി രോഗം ഭേദമായി ഡിസ്ചാർജ്ജ് ചെയ്യപ്പെട്ടതിനെ തുടർന്നാണിത്. ബുധനാഴ്ചയും ഒരാൾക്ക് രോഗം ഭേദമായിരുന്നു. ഇതുകൂടാതെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുണ്ടായിരുന്ന ഒരു കാസർഗോഡ് സ്വദേശിയും അസുഖം ഭേദമായി ഡിസ്ചാർജ് ആയിട്ടുണ്ട്.

ഇതോടെ പോസിറ്റീവായ ഒരു കാസർഗോഡ് സ്വദേശിയും ഒരു കണ്ണൂർ സ്വദേശിയുമാണ് മെഡിക്കൽ കോളെജിൽ അവശേഷിക്കുന്നത്. ഇന്ന് ജില്ലയിൽ പുതിയ പോസിറ്റീവ് കേസുകളില്ല.ജില്ലയിൽ ഇന്ന് ആകെ 21,934 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇന്ന് പുതുതായി വന്ന 13 പേർ ഉൾപ്പെടെ 26 പേരാണ് മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിലുള്ളത്. 15 പേരെ മെഡിക്കൽ കോളേജിൽ നിന്നു ഡിസ്ചാർജ് ചെയ്തിട്ടുണ്ട്.

ഇന്ന് 16 സ്രവസാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 297 സാമ്പിളുകൾ പരിശോധനയ്ക്കയച്ചതിൽ 274 എണ്ണത്തിന്റെ ഫലംലഭിച്ചു. 264 എണ്ണം നെഗറ്റീവാണ്. അസുഖം ഭേദമായവർ ഉൾപ്പെടെ ഏഴ് കോഴിക്കോട് സ്വദേശികളും ഒരു കണ്ണൂർ സ്വദേശിയും രണ്ട് കാസർഗോഡ് സ്വദേശികളുമാണ് പോസിറ്റീവായി റിപ്പോർട്ട് ചെയ്യപ്പെട്ടത്.

പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 23 പേരുടെ പരിശോധന ഫലംകൂടി ലഭിക്കാൻ ബാക്കിയുണ്ട്.ആരോഗ്യവകുപ്പ് ഡയറക്റ്റർ വീഡിയോ കോൺഫറൻസിലൂടെ ജില്ലയിലെ കൺട്രോൾറൂമിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. മാനസികസംഘർഷം കുറയ്ക്കുന്നതിനായി ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ മെന്റൽഹെൽത്ത് ഹെൽപ്പ് ലൈനിലൂടെ 26 പേർക്ക് ഇന്ന് കൗൺസലിംഗ് നൽകി. കൂടാതെ മാനസികസംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 24 പേർ ഫോണിലൂടെ സേവനം തേടി.

ജില്ലാമെഡിക്കൽ ഓഫീസർ സൂം വീഡിയോ കോൺഫറൻസിലൂടെ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് തല പ്രവർത്തനങ്ങൾ അവലോകനം നടത്തി.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് കല നൽകുന്ന ഭക്ഷ്യവസ്തുക്കൾ മുഹമ്മദ് റാഫി ഏറ്റുവാങ്ങുന്നു.

ഭക്ഷ്യവസ്തുക്കൾ കൈമാറി

കാക്കൂർ: കുട്ടമ്പൂർ ആർട്സ് ആൻഡ് കൾച്ചറൽ ലവേഴ്സ് അസോസിയേഷൻ (കല) കാക്കൂർ പൊലീസ് സ്റ്റേഷൻ പരിധിയിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ഭക്ഷ്യ വസ്തുക്കൾ കൈമാറി. സ്റ്റേഷൻ ഇൻസ്പെക്റ്റർ മുഹമ്മദ് റാഫി ഭക്ഷ്യവസ്തുക്കൾ ഏറ്റുവാങ്ങി. കല സെക്രട്ടറി ഒ.എം. രാമചന്ദ്രൻ, പ്രസിഡന്റ് ടി. കൃഷ്ണൻകുട്ടി, എസ്ഐ. ആഗേഷ്, എഎസ്ഐ നാസർ, റഷീദ് എന്നിവർ പങ്കെടുത്തു.

സർവകലാശാലക്യാംപസിൽ - ബോട്ടാണിക്കൽ ഗാർഡന് മുൻവശം ചത്ത് കിടന്ന നായയെ കുഴിച്ചിടാൻ ശ്രമിക്കുന്ന ഗാർഡൻ തൊഴിലാളി

ചേളാരി ഐഒസി പ്ലാന്റിൽ മുഖ്യമന്ത്രിയുടെ സത്വര ഇടപെടൽ വേണമെന്ന്

തേഞ്ഞിപ്പലം: ചേളാരിയിലെ ഐഒസി പ്ലാന്റിൽ മുഖ്യമന്ത്രിയുടെ സത്വര ഇടപെടലുണ്ടാകണമെന്ന് ഐഒസി ജനകീയ സമര സമിതി നേതാക്കൾ ആവശ്യപ്പെട്ടു .രാജ്യം ലോക്ക് ഡൗണ് പ്രഖ്യാപിച്ചപ്പോൾ മുതൽ കോവിഡ്19 നെതിരെ യാതൊരു മുൻകരുതലുകളുമെടുക്കാതെയാണ് പ്രവർത്തിക്കുന്നത് 300 ൽ പരം തോഴിലാളികൾ കയറിയിറങ്ങുന്നതും ജോലി ചെയ്യുന്നതുമായ കമ്പനിയിലേക്കു കർണാടകയിലെ മംഗലാപുരത്തു നിന്നും ടാങ്കർ ലോറിയിൽ എൽ.പി ജി എത്തിച്ചു മലബാറിലെ വിവിധ ജില്ലകളിലേക്ക് വിതരണത്തിന് പോകുന്നതും തിരിച്ചു വരുന്നതുമായ ജീവനക്കാർക്കും യാതൊരു മുൻകരുതലും എടുത്തില്ല. പി കെ കുഞ്ഞലിക്കുട്ടി എംപി, മന്ത്രി കെ.ടിജലീൽ, മലപ്പുറം ജില്ലാ കലക്റ്റർ, ജില്ലാ മെഡിക്കൽ ഓഫീസർ ,എസ്.പി എന്നിവർക്ക് പരാതി നൽകിയതിനെ തുടർന്നാണ് ജില്ലാ ഭരണകൂടം ഇടപെട്ടത്. തൊഴിലാളികൾക്ക് മാസ്ക്, ഗേറ്റിനു പുറത്തു സാനിട്ടറൈസർ, നാമമാത്ര വാഹന ക്ലീനിംഗ് എന്നിവ ഒരുക്കിയത്. ജീവനക്കാർക്കും മറ്റും ഡിഫി മാസ്കുൾ എത്തികേണ്ട സഹചര്യംപോലുംഉണ്ടായി. രോഗ ഭയം കാരണം കാസർകോട് ജില്ലയിൽ വിതരണത്തിന് പോകേണ്ടതില്ലെന്നണ് സി.ഐ.ടി.യു, ഐ.എൻ.ടി.യു സി, ബി എം എസ്,എന്നീ ട്രക്ക് സംഘടനകളുടെ തീരുമാനം.എന്നാൽ അവശ്യ വസ്തു എന്ന നിലയിൽ ഓഫീസിൽ നിന്നും ഉണ്ടായ ഇടപെടലിനെത്തുടർന്നു ഗ്യാസ് എത്തിക്കാൻ യൂണിയനുകൾ തീരുമാനിച്ചിട്ടുണ്ട്. ചില ട്രക്കുകൾ പോകാം എന്നും അറിയിച്ചിട്ടുമുണ്ട്. ഇവർക്ക് കഴിഞ്ഞ ദിവസം ആരോഗ്യവകുപ്പ് ക്ലാസും നൽകിയിട്ടുണ്ട്. എന്നാൽ പല ജില്ലകളിലെയും ഏജൻസി ഉടമസ്ഥതയിലുള്ള 50 ൽ പരം ലോറി തൊഴിലാളികൾ ചേളാരി അങ്ങാടിയിലും പരിസരത്തുമാണ് താമസിക്കുന്നത് .അവിടങ്ങളിൽ യാതൊരു ശ്രദ്ധയും തൊഴിലാളികൾ എടുക്കുന്നില്ലെന്നും അങ്ങാടിയിൽകറങ്ങി നടക്കുകയാണെന്നും നേതാക്കൾ പറഞ്ഞു. കർണാടകയിൽ നിന്നുമെത്തുന്ന ടാങ്കർ ജീവനക്കാർക്ക് താമസിക്കാൻ സൗകര്യവുമില്ല.മറ്റ് ജില്ലകളിൽ.ഉൾപെടെ പോയി വരുന്ന തൊഴിലാളികൾ എന്ന നിലയിൽ ലോക്ക് ഡൗണ് തീരുന്നതുവരെ താമസത്തിനു സൗകര്യമൊരുക്കണമെന്നും,അവരെ നിരീക്ഷിക്കുന്നതിനു മെഡിക്കൽ സംഘത്തെയും പൊലീസിനെയും വേറെ വേറെ നിയോഗിക്കണമെന്നും ഐ.ഒ.സി കനകീയ സമര സമിതി നേതാക്കളായ ,പി.എം മുഹമ്മദ് അലി ബാബു ,റഫീഖ് പോകാട്ടുങ്ങൾ,കെ. മുഹമ്മദ് ബാബു, സന്തോഷ് ,കാണിയാടത് ബഷീർ ,റഷീദ് മൗലവി,എം. കെ. ഹനീഫ എന്നിവർ ആവശ്യപ്പെട്ടു.

സൗജന്യ റേഷൻ വിതരണം: കൃത്രിമം കാണിക്കുന്നവർക്കെതിരേ നടപടി

മലപ്പുറം: കോവിഡ് 19 ന്റെ സാഹചര്യത്തിൽ റേഷൻ കാർഡുടമകൾക്ക് നൽകുന്ന സൗജന്യ റേഷൻ വിതരണത്തിൽ ക്രമക്കേടും കൃത്രിമവും കാണിക്കുന്ന കടയുടമകൾക്കെതിരേ കർശന നടപടിയെടുക്കുമെന്ന് ജില്ലാസപ്ലൈ ഓഫീസർ അറിയിച്ചു. ജില്ലയിലെ പലഭാഗങ്ങളിൽ വിതരണം ചെയ്യുന്ന സൗജന്യ റേഷൻ സാധനങ്ങളുടെ തൂക്കത്തിൽ കൃത്രിമം കാണിക്കുന്നതായി പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് നടപടി. കാർഡുടമകൾക്ക് അർഹമായ വിഹിതം ലഭ്യമാക്കുന്നതിനും പരാതിക്കിടവരുത്താതെ റേഷൻ വിതരണം നടത്തുന്നതിനും റേഷൻ വ്യാപാരികൾ ജാഗ്രത പുലർത്തണം.കാർഡുടമകൾ ബില്ലുകൾ കൃത്യമായി വാങ്ങി ബില്ലുപ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ വിശദ പരിശോധന നടത്തും. സൗജന്യറേഷൻ വാങ്ങിക്കുന്നതിന് കാർഡുടമകൾ തിരക്കു കൂട്ടേണ്ട കാര്യമില്ലെന്നും ഏപ്രിൽ മാസത്തെ സൗജന്യ റേഷൻ 30 വരെ ലഭിക്കുമെന്നും ജില്ലാസപ്ലൈ ഓഫീസർ അറിയിച്ചു.

അമ്മയും കുഞ്ഞും ഹെൽപ് ഡെസ്ക്കുമായി യുവമോർച്ച

കോഴിക്കോട്: ലോക്ഡൗണിൽ വാഹനസൗകര്യവും മരുന്നും ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഗർഭിണികളെ സഹായിക്കാൻ ഹെൽപ് ഡെസ്ക്കുമായി യുവമോർച്ച ജില്ലാ കമ്മറ്റി. പുതുജീവന് സുരക്ഷയേകാൻ അമ്മയും കുഞ്ഞും എന്നാണ് ഹെൽപ് ഡെസ്ക്കിന് പേരു നൽകിയിരിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക്ക് വഴി വാഹനസൗകര്യവും മരുന്നും ലഭ്യമാക്കുമെന്ന് യുവമോർച്ച ജില്ലാ പ്രസിഡന്റ് ടി. രനീഷ് അറിയിച്ചു. ഹെൽപ് ഡെസ്ക്ക് നമ്പർ: 9544400018, 9037959136, 8089444048,

അഗ്നി ശമന സേനാവിഭാഗം കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് കിച്ചനിലേക്ക് നൽകിയ ഭക്ഷ്യവസ്തുക്കൾ പ്രസിഡണ്ട് കെ.ടി രാജൻ എറ്റുവാങ്ങുന്നു

അഗ്നിശമന സേനാവിഭാഗം മരുന്നും ഭക്ഷ്യവസ്തുക്കളും നൽകി

കുറ്റ്യാടി : കേരളാ ഫയർ സർവീസ് അസോസിയേഷൻ നാദാപുരം യൂണിറ്റിലെ സേനാംഗങ്ങൾ കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചനിലെത്തുവർക്ക് മുട്ട, ബ്രഡ്, പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ നൽകി.കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ടി.ചന്ദ്രൻ ഏറ്റുവാങ്ങി. കൊറൊണാ പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി അഗ്നി ശമന സേനാവിഭാഗം കഴിഞ്ഞ ദിവസങ്ങളിൽ കുറ്റ്യാടി, നാദാപുരം നിയോജക മണ്ഡലത്തിലെ പൊതു സ്ഥലങ്ങളിൽ അണുവിമുക്തമാക്കുന്നതിന്ന് പുറമെ വീടുകളിൽ മരുന്നുകളും മറ്റ് ഭക്ഷണ വസ്തുക്കളും ചെയ്ത് വരികയാണെന്നും ഏത് അടിയന്തിര ഘട്ടങ്ങളിലും 101 എന്ന നമ്പറിൽ ബന്ധപെടേണ്ടതാണെന്നും സേനാംഗങ്ങൾ അറിയിച്ചു. ഭക്ഷ്യവസ്തു വിതരണ പരിപാടിയിൽസംസ്ഥാന എക്സിക്യൂട്ടീവും കോഴിക്കോട് മേഖലാ പ്രസിഡന്റുമായ ഷൈനേഷ് മൊകേരി, യൂണിറ്റ് പ്രസിഡന്റ് ഷിജേഷ്, മേഖലാ കമ്മിറ്റി അംഗം ജിജിത്,യൂണിറ്റ് കൺവീനർ സന്തോഷ്,ട്രഷറർ ഷിഗിലെഷ്,വിജേഷ്,വിവേക് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വിശപ്പകറ്റാൻ ഭക്ഷണം ലഭിക്കാതെ നായകൾ ചത്തൊടുങ്ങുന്നു

വേലായുധൻ പി. മൂന്നിയൂർ

തേഞ്ഞിപ്പലം: സർവകലാശാല ക്യാംപസിൽനായകൾചത്തൊടുങ്ങു ന്നു. കാലിക്കറ്റ് സർവകലാശാല ബോട്ടണിക്കൽ ഗാർഡന് സമീപം ഇന്നലെ ഒരുനായ ചത്ത് കിടന്നത് സമയത്തിന് ഭക്ഷണം ലഭിക്കാത്തതാണെന്ന് ആക്ഷേപം. നായ ചത്ത് കിടക്കുന്നത് ബോട്ടാണിക്കൽ ഗാർഡനിൽ ജോലി ചെയ്യാനെത്തിയ തൊഴിലാളികളുടെ ശ്രദ്ധയിൽ പ്പെടുകയായിരുന്നു. ക്യാംപസിൽ അലഞ്ഞു നടക്കുന്ന നായ്ക്കൾ ഏറെയാണ്. സർവകലാശാല ക്യാംപസിലെ ഹോസ്റ്റലുകൾ, കാന്റീനുകൾ, ഹോട്ടലുകൾ എന്നിവടങ്ങളിൽ നിന്ന് ലഭിക്കുന്ന വേസ്റ്റ് ഭക്ഷണങ്ങൾ കഴിച്ചാണ് അലഞ്ഞ് നടക്കുന്ന നായ്ക്കൾ വിശപ്പകറ്റിയിരുന്നത്. എന്നാൽ കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ സർവകലാശാല ക്യാംപസിലെ ഹോട്ടലുകളും കാന്റീനുകളും അടച്ചു .ഇതിനെ തുടർന്ന് ഭക്ഷണവും വെള്ളവും ലഭിക്കാതെ നായകൾ ഒരോന്നായിചത്തൊടുങ്ങുന്നസാഹചര്യമാണുള്ളത് .കൊവിഡ്- 19 നെ തുടർന്ന് ഭക്ഷണം ലഭിക്കാതെ ഒരാളും മരിക്കാൻ പാടില്ലെന്നും സർക്കാർനിഷ്കർഷിക്കുന്നുണ്ടെങ്കിലും മിണ്ടാപ്രാണികളായ ജന്തു - മൃഗാദിളുടെ കാര്യത്തിൽ അധികൃതർ തികഞ്ഞ അലംഭാവമാണെന്ന് ആ ക്ഷേപ മുയർന്നു. ഇത്തരത്തിൽ നിരവധി നായ്ക്കൾ മനുഷ്യരുടെ കണ്ണിൽപ്പെട്ടും അല്ലാതെയും ചത്തൊടുങ്ങുന്നത് നിത്യ സംഭവമാണ്. ജന്തു - പക്ഷി മൃഗാദികളെ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനവും വിഭാഗവും സർക്കാറിൽ നിലവിലുണ്ടായിട്ടും ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധയുണ്ടായില്ലെങ്കിൽ ഇവയുടെ വംശ നാശത്തിനിടയാക്കാം.

ഫോർമാലിൻ കലർന്ന മത്സ്യം പിടികൂടി

തലശേരി: ഗോപാല പേട്ട ചാലിൽ ഭക്ഷ്യ സുരക്ഷ വിഭാഗം നടത്തിയ പരിശോധനയിൽ ഫോർമാലിൻ കലർന്ന മത്സ്യം പിടികൂടി. നൂറ്റമ്പത് കിലോ സ്രാവാണ് പിടികൂടിയത്. ഇന്നലെ രാവിലെ ചാലിലെ ഉണക്കുമത്സ്യ സംഭരണ വിൽപന കേന്ദ്രത്തിൽ നടത്തിയ പരിശോധനയിലാണ് ഫോർമാലിൻ കലർന്ന മത്സ്യം പിടികൂടിയത്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷ വിഭാഗം പരിശോധന നടത്തിയത്. നൂറ്റമ്പത് കിലോ സ്രാവാണ് പിടിച്ചെടുത്തത്. ഉണക്കുവാൻ വേണ്ടി കൊണ്ടുവന്ന മത്സ്യമാണ് ഇതെന്ന് ഭക്ഷ്യ സുരക്ഷ വിഭാഗം അസിസ്റ്റൻറ് കമ്മീഷ്ണർ പി.കെ ഗൗരീഷ് പറഞ്ഞു. ആദ്യഘട്ടമായി സ്ഥാപന ഉടമയിൽ നിന്ന് പിഴ ഈടാക്കാനാണ് തീരുമാനം.

തലശ്ശേരി ഫയർഫോഴ്സ് അണുവിമുക്തമാക്കി

തലശേരി : കൊടുവള്ളി കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ അന്തർ സംസ്ഥാന ബസുകൾ ഉൾപ്പടെ 56 ബസുകൾ തലശേരി അഗ്നിശമന സേനയിലെ സിനിയർ ഫയർ റെസ്ക്യൂ ഓഫീസർ സി. ഉല്ലാസൻ, ബൈജു കോട്ടായി, കെ. സജിത്ത്, സന്തോഷ് എന്നിവരടങ്ങുന്ന സംഘം അണുവിമുക്തമാക്കി. യാത്രക്കാർ ഇരിക്കുന്ന സ്ഥലങ്ങളും ഓഫീസും പരിസരങ്ങളും അണുവിമുക്തമാക്കി. രാവിലെ 9 മണിക്ക് ആരംഭിച്ച പ്രവൃത്തി ഉച്ചയ്ക്ക് 1 മണിയോടെയാണ് അവസാനിച്ചത്. ജനതാ കർഫ്യൂ പ്രഖ്യാപിച്ചത് മുതൽ എല്ലാ ദിവസവും അഗ്നിശമന സേന രണ്ട് വിഭാഗങ്ങളായി തിരിഞ്ഞ് തലശേരി നഗരസഭയിലെ 52 വാർഡുകളിലും സമീപ പഞ്ചായത്തുകളായ പിണറായി, ധർമ്മടം, കതിരൂർ, എരഞ്ഞോളി, ന്യൂമാഹി എന്നിവിടങ്ങളിൽ അണുവിമുക്ത പ്രവർത്തനം നടത്തുന്നുണ്ട്. തലശേരി ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് പരിസരവും ആശുപത്രി വളപ്പും നിത്യേന അണുവിമുക്തമാക്കുന്നുണ്ട്.നാനൂറ് ലിറ്റർ വെള്ളത്തിൽ സോഡിയം ഹൈപ്പോ കോറൈഡ് എന്ന അണുനാശിനി 2 ലിറ്റർ ചേർത്താണ് അണു നശീകരണം നടത്തുന്നത്. സ്റ്റേഷൻ ഓഫീസർ എൻ.കെ ശ്രീജിത്ത്, അസി. സ്റ്റേഷൻ ഓഫീസർ എം.എസ് ശശിധരൻ, തുടങ്ങി മുപ്പതോളം അഗ്നിശമന ജീവനക്കാരാണ് രണ്ട് ഷിഫ്റ്റുകളിലായി അണുവിമുക്തപ്രവർത്തനം നടത്തുന്നത്. അതോടൊപ്പം ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് മരുന്നുകളും ഭക്ഷ്യ കിറ്റുകളും ഇവർ എത്തിച്ച് നൽകുന്നുമുണ്ട്.

വ്യാജ മദ്യം നിർമാണം: 60 ലിറ്റർ വാഷ് പിടിച്ചെടുത്തു

തേഞ്ഞിപ്പലം: വ്യാജ മദ്യ നിർമാണത്തിന് ഉപയോഗിച്ച 60 ലിറ്റർ വാഷ് എക്സൈസ് അധികൃതർ പിടിച്ചെടുത്തു . പരപ്പനങ്ങാടി ഉള്ളണം ഭാഗത്ത് നിന്ന് ഇന്നലെയാണ് വാഷ് കണ്ടെടുത്തത് .കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ വിദേശ മദ്യ വിൽപ്പന നിർത്തിവെച്ചിരുന്നു. ഇതിനെ തുടർന്ന് വ്യാജമദ്യ നിർമാണം തടയുന്നതിന്റെ ഭാഗമായ് പരപ്പനങ്ങാടി എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡിലാണ് വ്യാജ മദ്യ നിർമാണത്തിനായ് കലക്കി വെച്ചവാഷ്പിടിച്ചെടുത്തത്. മൂന്ന് കുടങ്ങളിലായ് 60 ലിറ്റർ വാഷും വാറ്റു ഉപകരണങ്ങളുമാണ് അധികൃതർ പിടിച്ചെടുത്തത് .എക്സൈസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്നായിരുന്നു റെയ്ഡ്. എക്സൈസ് ഉദ്യോഗസ്ഥൻമാരായ പ്രദീപ്കുമാർ , സൂരജ് , സുഭാഷ്, വിനീഷ്, ഡ്രൈവർ വിനോദ് എന്നിവർ ഉൾപ്പെട്ട സംഘമാണ് വാഷ് പിടിച്ചെടുത്തത്.

പരപ്പനങ്ങാടി - ഉള്ളണത്ത് എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത വാഷ്

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 94 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊറോണ ഭീഷിണിയില്ലാത്തെ ഇപ്പോഴും ചിത്രീകരണം തുടരുന്ന സിനിമ

കൊറോണ ഭീതിമൂലം സിനിമ ഷൂട്ടിങ്ങും പ്രദർശനവും എല്ലാം നിർത്തിവെച്ചിരിക്കുകയാണ്. എന്നാൽ കൊറോണ ഭീഷണിയില്ലാതെ ഇപ്പോഴും ഷൂട്ടിങ് തുടരുന്ന ഒരു മലയാള സിനിമയുണ്ട്. ഉപ്പും മുളകും സംവിധായകൻ എസ്.ജെ. സിനു ആദ്യമായി സംവിധാനം ചെയ്യുന്ന ജിബൂട്ടിയുടെ ചിത്രീകരണമാണ് ഇപ്പോഴും തുടരുന്നത്. കിഴക്കേ ആഫ്രിക്കയിലെ ജനവാസം തീരെ ഇല്ലാത്ത ആഫ്രിക്കയിലെ ജിബൂട്ടി എന്ന പ്രദേശത്താണ് ചിത്രീകരണം പുരോഗമിക്കുന്നത്.മാർച്ച് 5 ന് മുമ്പ് തന്നെ താരങ്ങളും അണിയറ പ്രവർത്തകരും അവിടെ എത്തിയിരുന്നു. ഏപ്രിൽ 19 വരെ ഇവിടെ ചിത്രത്തിന്റെ ഷൂട്ടിങ് തുടരും. അമിത് ചക്കാലക്കൽ, ദിലീഷ് പോത്തൻ, ജേക്കബ് ഗ്രിഗറി, അഞ്ജലി നായർ ഉൾപ്പെടെയുള്ള താരങ്ങൾ ജിബൂട്ടിയിലുണ്ട്. നൈൽ ആൻഡ് ബ്ലൂ ഹിൽ മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ സ്വീറ്റി മരിയ ജോബിയാണ് ജൂബൂട്ടി നിർമ്മിക്കുന്നത്.

ജിനുവിന്റെ കഥയ്ക്ക് ഉപ്പും മുളകും തിരക്കഥാകൃത്ത് അഫ്സൽ കരുനാഗപ്പള്ളി തിരക്കഥ, സംഭാഷണം നിർവഹിക്കുന്നു. അമിത് ചക്കാലക്കൽ, ഗ്രിഗറി, ദിലീഷ് പോത്തൻ, ശകുൻ ജസ്വാൾ, രോഹിത് മഗ്ഗു, അലൻസിയർ, ഗീത, സുനിൽ സുഖദ, ബിജു സോപാ

കൊവിഡിനോട് സമാനം ഈ ചിത്രങ്ങളിലെ സംഭവങ്ങൾ..!

വൈറസും സിനിമയും

സുധീർ നാഥ്

1980ൽ ജപ്പാനീസ് സംവിധായകൻ കിഞ്ചി ഫുക്കാസാക്കു തിരക്കഥയെഴുതി സംവിധാനം ചെയ്ത സിനിമയാണ് 'വൈറസ്'. അമെരിക്കൻ ജെനിറ്റിസിസ്റ്റ് കണ്ടുപിടിച്ച ഒരു അപകടകാരിയായ എംഎം88 എന്ന വൈറസുമായി പോയ ഒരു വിമാനം അപകടത്തിൽപ്പെടുന്നതും അത് മനുഷ്യവംശത്തിന് ഇറ്റാലിയൻ ഫ്ലൂ എന്ന പേരിൽ വലിയ നഷ്ടം വരുത്തുന്നതുമാണ് സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്. 10 ഡിഗ്രിയിൽ ഈ വൈറസ് നിർവീര്യമായി നശിക്കും. സിനിമയുടെ ഒടുവിൽ വൈറസിന് മറുമരുന്ന് കണ്ടുപിടിക്കുന്നു.

1995ൽ അമെരിക്കൻ സംവിധായകൻ ടെറൻസി വാൻസി ഗില്ല്യം സംവിധാനം ചെയ്ത 12 മംഗീസ് എന്ന സിനിമയിൽ വൈറസാണ് വിഷയം. 1962ൽ ഫ്രഞ്ച് ഭാഷയിൽ ഇറങ്ങിയ ഷോട്ട് ഫിലിമായ ലാ ജെറ്റിയെ അടിസ്ഥാനമാക്കിയാണ് ടെറൻസി സിനിമ നിർമ്മിച്ചത്. 2008ൽ ഡോൺ മെക്കല്ലർ തിരക്കഥ എഴുതി, ഫെർമാൻഡോ മെറിലസ് സംവിധാനം ചെയ്ത ചിത്രമാണ് ബ്ലൈൻഡ്നെസ്. ഈ പേരിൽ 1995ൽ പോർച്ചുഗീസ് നോവലിസ്റ്റ് ജോസ് സരമാഗു എഴുതിയ നോവലിനെ അടിസ്ഥാനമാക്കി നിർമിച്ചതാണ് സിനിമ. ഈ സിനിമയിലും കൊവിഡ് 19ന് സമാനമായ സാഹചര്യങ്ങളാണുള്ളത്. സാമൂഹ്യവ്യാപനവും, ക്വാറന്റൈയിനും എല്ലാം ചിത്രത്തിൽ കാണാം.

ഈ ചിത്രത്തിൽ ഒരു വൈറസ് വ്യാപനം കാരണം ജനങ്ങൾക്ക് കാഴ്ച്ചനഷ്ടപ്പെടുന്നതാണ് കഥ. വൈറസ് ബാധയേറ്റ ജനങ്ങളെ എല്ലാം ക്വാറന്റൈൻ ചെയ്ത് വൈറസ് ബാധ ഏൽക്കാത്തവർ പട്ടണം വിടുകയാണ്. ഭക്ഷണത്തിനും മറ്റുമായി പരസ്പരം പോരാടുകയാണ് വൈയറസ് ബാധയേറ്റ് കാഴ്ച്ച നഷ്ടപ്പെട്ട ക്വാറന്റൈൻ ചെയ്യപ്പെട്ടവർ. വൈറസ് ബാധ ഏറ്റവർക്ക് കുറച്ചുനാളിനു ശേഷം ഇവർക്കു കാഴ്ച്ച തിരിച്ചു കിട്ടുന്നു. പക്ഷേ, പട്ടണം കാലിയായിരിക്കുന്ന കാഴ്ച്ചയാണ് സിനിമയിൽ.

2011ൽ പുറത്തിറങ്ങിയ കൺടേജിയൻ എന്ന സിനിമ ഇപ്പോൾ പൊട്ടിപുറപ്പെട്ടിരിക്കുന്ന കൊറോണ വൈറസിനെ പ്രവചിക്കുന്ന സ്വഭാവമുള്ളതാണ്. അമേരിക്കൻ സംവിധായകൻ സ്റ്റീവൻ സോഡർവർഗാണ് സിനിമ സംവിധാനം ചെയ്തിരിക്കുന്നത്. ഇന്ന് നമ്മൾ തത്സമയം വാർത്താ ചാനലുകളിൽ കാണുന്ന പല സംഭവങ്ങൾക്കും സമാനമായ പല രംഗങ്ങളും ഈ സിനിമയിൽ കാണാം. വൈറസിന്റെ പകർച്ച തടയുന്നതിന് ലോകാരോഗ്യ സംഘടന നിർദേശിക്കുന്ന പലതും. തുടർച്ചയായി കൈ കഴുകണമെന്നും, ഷേക്ക്ഹാൻഡ് ഒഴിവാക്കണമെന്നും, സാമൂഹ്യ അകലം പാലിക്കണമെന്നുമൊക്കെയുള്ള നിർദേശങ്ങളും മറ്റും സിനിമയിൽ ചിത്രീകരിച്ചിട്ടുണ്ട് മറ്റു സിനിമകളിൽ നിന്ന് ഈ സിനിമയ്ക്ക് യാഥാർത്ഥ്യങ്ങളോട് കൂടുതൽ അടുപ്പമുണ്ടെന്നത് വേറിട്ടു നിർത്തുന്നു.

ഹൃത്വിന്റെ ജീവിത കഥ പാഠപുസ്തകത്തിൽ

തമിഴ്നാട്ടിലെ ആറാം ക്ലാസ് പാഠപുസ്തകത്തിൽ ആണ് ഹൃതിക്ക് കുട്ടിക്കാലത്ത് സംസാര വൈകല്യത്തെ എങ്ങനെ മറികടന്നു എന്ന കഥ പറയുന്നത്. താൻ ആരാധിക്കുന്ന നടന്റെ ജീവിത കഥ മരുമകളുടെ പാഠപുസ്തകത്തിൽ കണ്ടെതിന്റെ ആവേശത്തിലാണ് നടൻ ഹൃതിക് റോഷന്റെ ആരാധകൻ. തമിഴ് നാട്ടിലെ ആറാം ക്ലാസിലെ പാഠപുസ്തകത്തിൽ ആണ് താരത്തിന്റെ ജീവിത കഥ പറയുന്നത്. ട്വിറ്ററിലൂടെ ഫോട്ടോ ഉൾപ്പെടെ ആരാധകൻ പങ്കുവെച്ച പോസ്റ്റ് ഇപ്പോൾ ചർച്ചയാകുകയാണ്.

വീട്ടിൽ വെറുതെ ഇരിക്കുമ്പോൾ ഞാൻ എന്റെ മരുമകളുടെ ഒരു പാഠപുസ്തകം വായിക്കുകയായിരുന്നു. അതിലെ ഒരു ഭാഗം കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ബോളിവുഡ് താരം ഹൃതിക് റോഷന്റെ ജീവിത കഥ. കുട്ടികൾ മികച്ച ആത്മവിശ്വാസം നൽകാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കാണ് കഴിയുക. ആയാൾ സോഷ്യൽ മീഡിയയിൽ കുറിച്ചു.

കുട്ടിക്കാലത്ത് സംസാര വൈകല്യത്തെ അദ്ദേഹം എങ്ങനെ മറികടന്നുവെന്നതിനെക്കുറിച്ചുള്ള ഹൃതിക്കിന്റെ കഥയാണ് തമിഴ്നാട്ടിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ആത്മവിശ്വാസം' എന്ന അധ്യായത്തിലാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. സംസാരം ഇടറിപ്പോയതിന്റെ പേരിൽ സ്കൂളിൽ നിന്ന് കരഞ്ഞാണ് അന്ന് വീട്ടിൽ എത്തിയതെന്നും പാഠഭാഗത്തിൽ പറയുന്നുണ്ട്. പിന്നീട് സ്പീച്ച് തെറാപ്പി ക്ലാസുകളിൽ ചേർന്നു, പ്രശ്നത്തെ മറികടക്കാൻ കണ്ണാടിക്ക് മുന്നിൽ മണിക്കൂറുകളോളം വ്യത്യസ്ത വാക്കുകൾ സംസാരിക്കുന്നത് പരിശീലിച്ചു.

എഴുത്തുകാരൻ ബെൻ ബ്രൂക്ക് സ്റ്റോറീസിലും ഹൃതികിന്റെ കഥ നേരത്തെ ഉൾപ്പെടുത്തിയിരുന്നു. തേരെ മേരെ ബീച്ച് മെൻ ഷോയിൽ തന്റെ സംഭാഷണ വൈകല്യത്തെക്കുറിച്ച് ഹൃതിക് ആദ്യമായി സംസാരിച്ചിരുന്നു. 'നിങ്ങൾ സംസാരിക്കാൻ തുടങ്ങുന്നതുവരെ എല്ലാം സാധാരണമാണെന്ന് തോന്നും. നിങ്ങളുടെ ഹൃദയം സ്പന്ദിക്കുന്നു, നിങ്ങൾക്ക് മനസിലാകുന്നില്ല അപ്പോൾ സംസാരിക്കാൻ കഴിയാത്തവന്റെ വേദന'- അദ്ദേഹം അന്ന് പറഞ്ഞ ഈ വാക്കുകൾ ചർച്ചയായിരുന്നു.

മുൻപ് ഹൃതികിന്റെ സഹോദരി സുനൈന റോഷൻ സഹോദരനെക്കുറിച്ച് എഴുതിയ ബ്ലോഗ് അന്ന് ചർച്ചയായിരുന്നു. അവരുടെ കുട്ടിക്കാലം മുതലുള്ള സംഭവങ്ങളെക്കുറിച്ചും അവർ ബ്ലോഗിൽ എഴുതിയിരുന്നു. ' അവൻ ജീവിതത്തിലെ മറ്റൊരു പ്രധാന തടസത്തെ പരാജയപ്പെടുത്തി, അത് മറികടക്കുക അല്ലാതെ അവന്റെ മുന്നിൽ മറ്റു മാർഗമുണ്ടായിരുന്നില്ല. ജീവിക്കാനുള്ള വഴി കണ്ടെത്തുക എന്ന യുദ്ധത്തിൽ അവൻ വിജയിച്ചു. പതിമൂന്നാം വയസ്സിൽ അവൻ മണിക്കൂറുകളോളം ഉറക്കെ വായിക്കുമായിരുന്നു. ചിലപ്പോൾ എല്ലാ ദിവസവും രാവിലെയും രാത്രിയും ഒറ്റയ്ക്ക് ബാത്ത്റൂമിൽ ഇരുന്ന് സംസാരിക്കുന്നത് കാണാം. 22 വർഷം അവൻ അത് ചെയ്തിരുന്നു എന്ന് താരത്തിന്റെ സഹോദരി ബ്ലോഗിൽ എഴുതിയിരുന്നു.

ടിക് ടോക്കിൽ അരങ്ങേറ്റം കുറിച്ച് തൃഷ

കൊറോണ പ്രതിസന്ധിയെ തുടർന്ന് രാജ്യം മുഴുവൻ ലോക്ഡൗൺ ചെയ്തിരിക്കുകയാണ്. വീട്ടിൽ തന്നെ സ്വയം ഐസൊലേഷനിൽ കഴിയുകയാണ് ജനങ്ങൾ. ക്വാറന്റൈനിൽ കഴിയുന്ന സിനിമാ താരങ്ങൾ സോഷ്യൽ മീഡിയയിലൂടെ തങ്ങളുടെ വിശേഷങ്ങൾ പങ്കുവെയ്ക്കാറുണ്ട്.

നടി തൃഷയുടെ ടിക് ടോക് വീഡിയോയാണ് സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആയിരിക്കുന്നത്. മേഘൻ തീ സ്റ്റാലിയന്റെ ഗാനത്തിനാണ് തൃഷ ചുവടുവെച്ചിരിക്കുന്നത്. ടിക് ടോക്കിലുള്ള തൃഷയുടെ അരങ്ങേറ്റം ഏറ്റെടുത്തിരിക്കുകയാണ് ആരാധകർ. മണി രത്നം ഒരുക്കുന്ന 'പൊന്നിയിൻ സെൽവൻ' ആണ് തൃഷ അഭിനയിക്കുന്ന ഏറ്റവും പുതിയ ചിത്രം. 'പരപാദം വിളയാട്ടു', 'ഗർജനാനി', 'രാംഗി' എന്നിവയാണ് തൃഷയുടെതായി റിലീസിനൊരുങ്ങുന്ന മറ്റ് സിനിമകൾ

പ്രീതി പാചകത്തിലാണ്

ലോക്ക് ഡൗൺ കാലത്ത് ബോളിവുഡ് താരം പ്രീതി സിന്റ തന്റെ വിനോദവേളയിലെ സന്തോഷം ആരാധകരുമായി പങ്കുവെച്ചിരിക്കുകയാണ്. വീട്ടിലിരിക്കുമ്പോൾ താൻ മസാല ദോശ ഉണ്ടാക്കിയ വിശേഷമാണ് താരം ആരാധകരുമായി പങ്കിട്ടിരിക്കുന്നത്. ബോളിവുഡിലെ പല താരങ്ങളും ഇപ്പോൾ അടുക്കളയിൽ ഭക്ഷണ പരീക്ഷണത്തിലാണ്. ക്വാറന്റീൻ കാലത്ത് ട്രെൻഡിങ്ങും പാചകം തന്നെയാണ്. മസാല ദോശയായിരുന്നു പ്രീതിയുടെ പരീക്ഷണ വിഭവം. ഈ ക്വാറന്റീൻ സമയം തനിക്കിഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കാൻ പഠിക്കാൻ ഒരു അവസരം തന്നുവെന്നും താരം ഇൻസ്റ്റാഗ്രാമിൽ കുറിച്ചു. മസാല ദോശയുണ്ടാക്കിയ ശേഷം താരം താനുണ്ടാക്കിയ മസാല ദോശയുടെ ചിത്രം പങ്കുവെച്ചുകൊണ്ട് ഇൻസ്റ്റാഗ്രാമിൽ കുറിച്ചത് ഇങ്ങനെയാണ്.

ഒടുവിൽ മസാല ദോശ ഉണ്ടാക്കാൻ പഠിച്ചു. പുറത്തു പോകാതെ ആരേയും കാണാതെ വീട്ടിൽ തന്നെ ഇരിക്കുന്നു എന്നത് വിശ്വസിക്കാനാവാത്ത സത്യമാണെന്നും ആലോചിക്കുമ്പോൾ വിചിത്രമായി തോന്നുമെങ്കിലും പിന്നീട് പശ്ചാത്താപിക്കുന്നതിലും വീട്ടിലിരിക്കുന്നത് തന്നെയാണ് ഉത്തമമെന്നും പ്രീതി കുറിച്ചിരിക്കുന്നു. എനിക്കിഷ്ടമുള്ള ചില ഭക്ഷണങ്ങളുടെ പാചകവിധികൾ പഠിക്കാനും അമ്മയുടെ കൂടെ സമയം ചെലവഴിക്കാനും പറ്റുന്നത് എത്ര നല്ലതാണെന്നും അകത്ത് ഇരിക്കുന്ന സമയം പ്രതീക്ഷയോടെയും ഫലപ്രദമായും ഉപയോഗിക്കാൻ ശ്രമിക്കാമെന്നുമായിരുന്നു താരത്തിൻ്റെ കുറിപ്പ്.

തപ്സിയുടെ മുടി പരീക്ഷണങ്ങൾ

ശക്തമായ കഥാപാത്രത്തിലൂടെ ബോളിവുഡിൽ തന്റേതായ സ്ഥാനം നേടിയെടുത്ത താരമാണ് തപ്സി പന്നു. ബോൾഡ് ആൻഡ് സ്ട്രോങ്ങ് കഥാപാത്രങ്ങളിലാണ് താരം അധികവും പ്രത്യക്ഷപ്പെടുന്നത്. തപ്സിയുടെ ചിത്രങ്ങൾ പോലെ തന്നെയാണ് താരത്തിന്റെ പല നിലപാടുകളും. ഇത് സോഷ്യൽ മീഡിയയിലും ബോളിവുഡ് കോളങ്ങളിലും ചർച്ചയാകാറുമുണ്ട്.

ലോക്ക് ഡൗൺ കാലം മറ്റുള്ള താരങ്ങളെ പോലെ തപ്സിയും വീട്ടിൽ തന്നൊണ്. എല്ലാവരും പാചകത്തിലും വീട്ടു ജോലിയിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നടി മുടി സംരക്ഷണത്തിലാണ്. സ്വന്തം തലമുടിയിൽ പുതിയ പരീക്ഷണങ്ങൾക്ക് തുനിയുകയാണ് താരം. അത് ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചിട്ടുമുണ്ട്.

എന്റെ മുടിയിലെ പരീക്ഷണങ്ങൾ! എന്റെ ക്യാപ്ഷനോടൊയാണ് താരം പുതിയ പരീക്ഷണത്തെ കുറിച്ച് വിശദീകരിച്ചിരിക്കുന്നത്. കൂടാതെ വീഡിയോയും പോസ്റ്റ് ചെയ്തിട്ടുണ്ട്. എന്റെ മുടിയിൽ ഞാൻ എല്ലായ്പ്പോഴും പരീക്ഷണം നടത്താറുണ്ട്. പ്ലസ്ടുവിൽ പഠിക്കുമ്പോൾ രഹസ്യമായി എന്റെ തലമുടി സ്ട്രെയ്റ്റ് ചെയ്തിരുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് എനിക്ക് നീല, പർപ്പിൾ കളർ ചെയ്യണമെന്ന് തോന്നി, ഈ ഘട്ടത്തിൽ ആരും ശ്രദ്ധിക്കില്ലെന്ന് കരുതി... കറുപ്പ് മടുത്തു. കുറച്ച് ദിവസത്തേക്ക് ഇത് രസകരമായിരക്കും, പക്ഷേ കളർ ചെയ്തത് എനിക്ക് പേടിസ്വപ്നങ്ങൾ നൽകുന്നുണ്ട് എന്ന് തപ്സി കുറിച്ചു.

കൂടാതെ തന്റെ ക്രൈം ഇൻ പാർട്ട്ണർ കാന്താ മോട്വാനിയിൽ നിന്നാണ് ഇത്തരം ഭ്രാന്തൻ ആശയങ്ങൾ ജീവിതത്തിലേക്ക് എപ്പോഴും ലഭിക്കുന്നതെന്നും താരം കുറിക്കുന്നു. നിങ്ങളുടെ മുടിയെ സൂക്ഷിക്കാൻ സാധിക്കില്ലെങ്കിൽ ദയവായി ഇത് വീട്ടിലോ മറ്റെവിടെയെങ്കിലുമോ പരീക്ഷിക്കരുത് എന്ന മുന്നറിയപ്പ് താരം നൽകുന്നുണ്ട്. താരത്തിന്റെ മുടി സംരക്ഷണം സോഷ്യൽ മീഡിയയിൽ ചർച്ച വിഷയമായിട്ടുണ്ട്. രസകരമയ കമന്റുകളാണ് വീഡിയോയ്ക്ക് ലഭിക്കുന്നത്.

താരത്തിന്റെ ഹെയർ സ്റ്റൈൽ പലപ്പോഴും പ്രേക്ഷകരുടെ ഇടയിൽ ചർച്ചയാകാറുണ്ട്.

മാധുരിയുടെ ആഡംബര കാർ

വാഹനങ്ങളോടുള്ള മാധുരി ദിക്ഷിത്തിന്റെ പ്രേമം പ്രസിദ്ധമാണ്. ബെൻസ് എസ് ക്ലാസും മെബാക്കും റേഞ്ച് റോവറും തുടങ്ങി ആഡംബര കാറുകളാൽ സമ്പന്നമാണ് മാധുരിയുടെ ഗ്യാരേജ്. എന്നാൽ മാധുരി സ്വന്തമാക്കിയ പുതിയ ഇന്നോവ ക്രിസ്റ്റയാണ് ഇപ്പോൾ സോഷ്യൽ മീഡിയയിലെ താരം. വെറുമൊരു ഇന്നോവ ക്രിസ്റ്റ അല്ലിത്. ആഡംബര വാഹനങ്ങളെ തോൽപ്പിക്കുന്ന വിധത്തിൽ പരിഷ്കരിച്ച വാഹനമാണ് ഈ ഇന്നോവ. സാധാരണ ഇന്നോവയെ വെല്ലുന്ന ആഡംബരങ്ങളാണ് ഇതിൽ നിറയെ. റോൾസ് റോയ്സ് കാറുകളെ അനുസ്മരിപ്പിക്കുന്ന ആകാശത്തെ നക്ഷത്രങ്ങൾ പൊലുള്ള റൂഫ് ഡിസൈനാണ്. കൂടാതെ റൂഫിൽ ആംബിയന്റ് ലൈറ്റുകളുമുണ്ട്. മധ്യ നിര സീറ്റുകളുടെ നടുക്കായി കൂൾഡ് സ്റ്റോറേജ് സ്പെയ്സും നൽകിയിട്ടുണ്ട്.

പിന്നിലെ യാത്രക്കാർക്കായി ടച്ച്സ്ക്രീൻ ഇൻഫോടൈൻമെന്റ് സിസ്റ്റവും ഒരുക്കിയിരിക്കുന്നു. ഇന്നോവയുടെ മൂന്നാം നിര സീറ്റുകൾ ഊരി മാറ്റാതെ അവയ്ക്കും പ്രീമിയം ലെതർ ഫിനിഷ് നൽകിയിട്ടുണ്ട്. ഇന്നോവയുടെ പെട്രോൾ ഓട്ടമാറ്റിക്ക് പതിപ്പിലാണ് മോഡിഫിക്കേഷൻ നടത്തിയിരിക്കുന്നത്. ഇലക്ട്രിക്കലി അഡ്ജെസ്റ്റ് ചെയ്യാവുന്ന സോഫാ സ്റ്റൈൽ മധ്യനിര സീറ്റുകൾ തന്നെയാണ് ഇന്നോവയുടെ ഹൈലൈറ്റ്. ഡോർപാഡിൽ അടക്കം ലതർ ഇൻസേർട്ടുകൾ നൽകിയിരിക്കുന്നു. കൂടാതെ വുഡൻ ഇൻസേർട്ടുകളുമുണ്ട്. എല്ലാ ലെതർ ഭാഗങ്ങൾക്കും ഡയമണ്ട് സ്റ്റിച്ചിംഗ് ലഭിക്കുന്നു. അത് വാഹനത്തിന് പ്രീമിയം ആഢംബര അനുഭവം കൂടുതൽ മികച്ചതാക്കുന്നു. കൂടാതെ, റൂഫിൽ അധിക ഉപകരണങ്ങൾ ലഭിക്കുന്നു. റൂഫിൽ ലൈറ്റുകളുള്ള ഒരു പാനൽ ഉണ്ട്, കൂടാതെ ആംബിയന്റ് ലൈറ്റുകളും വാഹനത്തെ വേറിട്ടതാക്കുന്നു.

ക്യാബിനിൽ പിയാനോ ബ്ലാക്ക് ഘടകൾ ഉപയോഗിച്ച് ധാരാളം മരം പാനലുകൾ ലഭിക്കുന്നു. മധ്യ നിരയിലെ സീറ്റുകൾക്കിടയിലുള്ള സെൻട്രൽ പാനൽ എടുത്തു മാറ്റാവുന്നതുമാണ്. വിനോദ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രണ്ട് വ്യക്തിഗത സ്ക്രീനുകളും മധ്യ നിര യാത്രക്കാർക്ക് ലഭിക്കും. അവസാന വരി സീറ്റുകൾ DC2 നീക്കംചെയ്യാതെ പ്രീമിയം ലെതർ അപ്ഹോൾസ്റ്ററിയിൽ പൊതിഞ്ഞിരിക്കുന്നത് മനോഹര കാഴ്ചയാകുന്നു.പെട്രോൾ ഓട്ടോമാറ്റിക്ക് ആണ് മാധുരി ദീക്ഷിതിന്റെ ഈ പുതിയ ടൊയോട്ട ഇന്നോവ ക്രിസ്റ്റ. നിരവധി ബോളിവുഡ് താരങ്ങളുടെ ഇഷ്ട വാഹനമാണ് ജാപ്പനീസ് വാഹന നിർമ്മാതാക്കളായ ടൊയോട്ടയുടെ ഇന്നോവ ക്രിസ്റ്റ. മലൈക അറോറ, ജാക്കി ഷ്രോഫ് തുടങ്ങിയവരെല്ലാം അതിൽപ്പെടും.പ്രശസ്ത വാഹന ഡിസൈനർ കമ്പനിയായ ഡിസി ഡിസൈനാണ് മാധുരിക്കായി ഇന്നോവ ക്രിസ്റ്റയുടെ ആഡംബരം കൂട്ടിയത്.

ADMISSION 2020 - 2021
B.Ed | M.Ed
LLB | LLM
UGC / NCTE / BCI
UPSC / KERALA PSC
APPROVED
GLOBAL ACADEMY
FOR DISTANCE EDUCATION
Kaloor Jn., Kochi
info@globalacademy.org.in
www.globalacademy.org.in
Ph: 94478 21793, 94476 43193

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 22 ശഅ്ബാൻ 9

2020 ഏപ്രിൽ 4 ശനി

കമ്യൂണിറ്റി കിച്ചണുകളിൽ വിവേചനം പാടില്ല

കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ലോകത്തേക്കും മാതൃകാപരമായ ചെറുത്തുനിൽപ്പിലാണു നമ്മുടെ രാജ്യം. ഒറ്റപ്പെട്ട ചില അനിഷ്ട സംഭവങ്ങളും അജ്ഞതയുമൊക്കെ ചില്ലറ പ്രതിസന്ധികളുണ്ടാക്കുന്നുണ്ടെങ്കിലും മഹാഭൂരിപക്ഷം ജനങ്ങളും ഏകമനസോടെയാണ് ഈ പ്രതിസന്ധിഘട്ടത്തെ നേരിടുന്നത്. അവർക്കു മതപരമോ, ജാതീയമോ, രാഷ്ട്രീയമോ, പ്രാദേശികമോ ആയ ഒരു വൈജാത്യവുമില്ല. മനുഷ്യനും മനുഷ്യത്വവുമാണ് അവർക്കു വലുത്. ജനങ്ങളുടെ അനിതരസാധാരണമായ ഈ കൂട്ടായ്മയുടെ കരുത്തുകൊണ്ടു മാത്രമാണു ലോകത്തെ മറ്റു പല രാജ്യങ്ങളും നേരിടുന്ന തലത്തിലേക്കു കൊവിഡ് 19 ദുരന്തം ഇന്ത്യയെ കൈപിടിച്ചു കൊണ്ടുപോകാതിരിക്കുന്നത്. ഇന്നലെ രാവിലെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തോടു നടത്തിയ സന്ദേശത്തിൽ ഇക്കാര്യം അടിവരയിട്ടു സൂചിപ്പിക്കുന്നു. കൊവിഡ് ചെറുത്തുനിൽപ്പിൽ ആരും ഒറ്റയ്ക്കല്ല, രാജ്യത്തെ 130 കോടി ജനങ്ങളും ഒരുമിച്ചാണെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ഈ രാജ്യത്തിന്റെ പ്രതിബദ്ധതയുടെ മുഴുവൻ ചേരുവകളുമുണ്ട്. കൊറോണയെ ചെറുക്കുമ്പോൾത്തന്നെ, സാമാന്യ ജനങ്ങളുടെ ജീവസന്ധാരണത്തിനുള്ള വഴികളെക്കുറിച്ചും വളരെ ഗൗരവത്തോടെ ആലോചിക്കേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ കേരളം വളരെ ജാഗ്രതയോടെയും കരുതലോടെയുമാണു മുന്നേറുന്നത്. വിവിധ ക്ഷേമനിധികളിൽ നിന്ന് അതതു മേഖലകളിലെ ഗുണഭോക്താക്കൾക്കു വലിയ തോതിലുള്ള സഹായ പ്രഖ്യാപനങ്ങൾ നടത്തി മുഖ്യമന്ത്രി പിണറായി വിജയനും ജനകീയ പ്രതിബദ്ധതയ്ക്ക് മാറ്റുകൂട്ടി. ഇതെല്ലാം ഒരു പ്രത്യേക സാഹചര്യത്തിൽ നാടൊരുമിച്ച് ഏറ്റെടുക്കുന്ന സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. ഈ ഉത്തരവാദിത്വം പ്രധാനമന്ത്രിയുടെയോ മുഖ്യമന്ത്രിയുടെയോ അവർ നയിക്കുന്ന സർക്കാരുകളുടെയോ രാഷ്ട്രീയമോ അല്ലാത്തതോ ആയ സംഘടനകളുടെയോ മാത്രമല്ല, നാം ഓരോരുത്തരുടേതു കൂടിയാണ്. ലോക്ക്ഡൗൺ പത്തു ദിവസം പിന്നിട്ടു. എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും അതിന്റെ ഇരകളാണ്. പലതരത്തിലുള്ള ബുദ്ധിമുട്ടുകളാണ് എല്ലാവരും അനുഭവിക്കുന്നത്. എന്നാൽ, നിത്യവരുമാനമില്ലാത്ത, കൂലിപ്പണിക്കാരും ഭവനരഹിതരും നിരാലംബരുമായ ലക്ഷക്കണക്കായ സാധാരണക്കാരെയാണ് ഇത് ഏറ്റവും രൂക്ഷമായി ബാധിച്ചിരിക്കുന്നത്. അവരുടെ നിത്യനിദാന ജീവിതച്ചെലവിലേക്കുള്ള മാർഗങ്ങൾ കണ്ടെത്തുക എന്നതു പൊതു സമൂഹത്തിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്വമാണ്. ലോക്ക് ഡൗണിൽ കുടുങ്ങിയും ക്വാറന്റൈനിൽ പെട്ടും വീടുകളിലും മറ്റിടങ്ങളിലും കഴിയുന്നവർ, വിവിധ ചികിത്സകൾക്കായി ആശുപത്രികളിലുള്ളവർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് പല കേന്ദ്രങ്ങളിലായി താമസിക്കുന്ന അതിഥി തൊഴിലാളികൾ തുടങ്ങി കാരുണ്യസ്പർശം അർഹിക്കുന്ന വളരെക്കൂടുതൽ ആളുകളുണ്ട്. അവരെ ലക്ഷ്യമാക്കി തുറന്നിരിക്കുന്ന കമ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനം സുഗമമാക്കുകയാണു പ്രധാന അതിജീവന മാർഗം. എന്നാൽ കമ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വലിയ തരത്തിലുള്ള പരാതികൾ പല കേന്ദ്രങ്ങളിൽ നിന്നും ഉയരുന്നുണ്ട്. അവയുടെ പ്രവർത്തനങ്ങൾ അവതാളത്തിലാക്കുന്ന ചില നീക്കങ്ങളും നടക്കുന്നുണ്ട്. അതൊഴിവാക്കപ്പെടേണ്ടതുമുണ്ട്.

സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും നാൽപ്പതോളം മുനിസിപ്പാലിറ്റികളിലും ആറു മുനിസിപ്പൽ കോർപ്പറേഷനുകളിലും കമ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിൽ 571 പഞ്ചായത്തുകളിലും ഭൂരിപക്ഷം നഗരസഭകളിലും ആറ് കോർപ്പറേഷനുകളിലും അവ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. എന്നാൽ, ഈ അടുക്കളയുടെ സുഗമമായ പ്രവർത്തനങ്ങൾക്കു മതിയായ ഫണ്ടില്ലെന്ന കാരണം പറഞ്ഞു പലേടത്തും പ്രവർത്തന രഹിതമാകുന്ന അവസ്ഥ നിലനിൽക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ഇതിനുള്ള പണം കണ്ടെത്തണമെന്നാണു പ്രധാന നിർദേശം. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്പോൺസർമാരെയും ഡോണർമാരെയും കണ്ടെത്തി ഫണ്ട് സ്വരൂപിക്കാനും അനുമതിയുണ്ട്. മിക്കയിടത്തും ഫലപ്രദമായിത്തന്നെ ഇതെല്ലാം നടക്കുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട ചില മേഖലകളിൽ ഈ ഏകോപനം നടക്കുന്നില്ല. അതിനു പകരം രാഷ്ട്രീയമായും അല്ലാതെയും വേറിട്ടു നിന്നുകൊണ്ട് വെവ്വേറെ തരത്തിലുള്ള ഫണ്ടുശേഖരണവും ഭക്ഷണ വിതരണവും നടക്കുന്നതായി പരാതികളുണ്ട്.

പാലക്കാട് ജില്ലയിലെ പുതുശേരി ഗ്രാമപഞ്ചായത്തിൽ പാവപ്പെട്ടവർക്കുള്ള കമ്യൂണിറ്റി കിച്ചണിലേക്കു ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ സംഭാവന നൽകിയ ആയിരം കിലോഗ്രാം അരി, പഞ്ചായത്തു കമ്മിറ്റിയിലോ, കമ്യൂണിറ്റി കിച്ചണിലോ അറിയിക്കാതെ രാഷ്ട്രീയ നേട്ടത്തിനായി വിതരണം ചെയ്ത സംഭവം ഉദാഹരണം. ഇത്തരം സംഭവങ്ങൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും ഭക്ഷ്യവസ്തുക്കൾ ഇഷ്ടക്കാർക്കല്ല, അർഹിക്കുന്ന എല്ലാവർക്കുമായി വിതരണം ചെയ്യണമെന്നാണ് ഇന്നലെ മുഖ്യമന്ത്രി വ്യക്തമാക്കിയത്. മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും കമ്യൂണിറ്റി കിച്ചണുകൾ പ്രവർത്തന സജ്ജമാക്കുന്ന മുറയ്ക്ക്, പാവപ്പെട്ടവരുടെ ഭക്ഷണത്തിനുള്ള ക്രമീകരണങ്ങൾ ഈ കേന്ദ്രങ്ങൾ വഴി ഏകോപിപ്പിക്കുന്നതാണ് ഉചിതം. അതിൽ രാഷ്ട്രീയവും അല്ലാതെയുമുള്ള വിവേചനങ്ങൾ ഒഴിവാക്കാൻ എല്ലാവരും ഏക മനസോടെ നിലകൊള്ളേണ്ട അവസരമാണിത്. പുതുശേരി പോലുള്ള അപവാദങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത കാണിക്കട്ടെ, തദ്ദേശ സ്ഥാപനങ്ങളും അവയെ നയിക്കുന്നവരും.

മെട്രോ ക്വിസ്



1. ഇനിപ്പറയുന്ന രാജ്യങ്ങളിൽ എവിടത്തെ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയാണ് കിം കാമ്പ്ബെൽ?
2. മുഗൾ കാലഘട്ടത്തിലെ ഒരു ഐതിഹാസിക അടിമ പെൺകുട്ടിയായിരുന്നു ഷെരീഫ് ഉൻ നിസ്സ അഥവാ നാദിറ ബീഗം, അക്ബർ ചക്രവർത്തി നൽകിയ ഏത് പേരിലാണ് ഇവർ പ്രശസ്തയായത്?
3. മരണാനന്തരം ഭാരത് രത്ന ലഭിച്ച ആദ്യ വനിത?
4. ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതാ ശാസ്ത്രജ്ഞ ആരാണ്?
5. ഭാരത് രത്ന ലഭിച്ച ആദ്യ വനിത ആരാണ്?
6. ഇന്ത്യൻ നാവികസേന 'നാവിക അറ്റാഷെ' ആയി റഷ്യയിൽ പോസ്റ്റു ചെയ്ത ആദ്യത്തെ വനിതാ ഉദ്യോഗസ്ഥ?
7. അറിയപ്പെടുന്ന ഇന്ത്യൻ വ്യക്തിത്വമായ തബസ്സും ഫാത്തിമ ഹാഷ്മി ഏത് മേഖലയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?
8. ഗോവ ഫൌണ്ടേഷന്റെ സ്ഥാപകാംഗമായ ഇവർ, 1987 ൽ ഗോവയിലെ മണൽത്തീരങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു പൊതു താൽപ്പര്യ വ്യവഹാരത്തിന് (PIL) തുടക്കമിട്ടു. നിലവിൽ പീപ്പിൾ ഫോർ അനിമൽസിന്റെ പ്രസിഡന്റായ ഈ പരിസ്ഥിതി പ്രവർത്തക ആരാണ്?
9. 'ഏഷ്യയിലെ നോബൽ' എന്ന് അറിയപ്പെടുന്ന മഗ്സേസെ അവാർഡ് ലഭിച്ച ആദ്യത്തെ ഇന്ത്യൻ വനിത?
10. 1949 ൽ സ്ഥാപിതമായ ഗുജറാത്തിലെ അഹമ്മദാബാദിലെ ദർപ്പണ അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ് എന്ന കലാക്ഷേത്രം ലോകപ്രശസ്തിയാർജ്ജിച്ചതാണ്. ഏത് പ്രശസ്ത നർത്തകിയാണ് ഇതിന്റെ സ്ഥാപക?

ഉത്തരങ്ങൾ

1. കാനഡ
2. അനാർക്കലി
3. ഇന്ദിരാ ഗാന്ധി
4. അസിമ ചാറ്റർജി
5. ഇന്ദിരാ ഗാന്ധി
6. കരബി ഗൊഗോയ്
7. ചലച്ചിത്രം
8. നോർമ അൽവാരിസ്
9. കിരൺ ബേദി
10. മൃണാളിനി സാരാഭായ്

അതിരുകളും അതിർത്തികളും

വിജയ് ചൗക്ക്

സുധീർ നാഥ്

> ഐസൊലേഷനും, ക്വാറന്റൈനും ഇന്ന് എല്ലാവർക്കും പരിചിതമായ വാക്കുകളായി മാറി. അങ്ങനെ ഐസൊലേഷനിൽ പോകുന്നവരുടെ അതിർത്തി മുറിയുടെ ചുറ്റുമതിലോ, വാതിലോ ആയി മാറി.

ജനങ്ങൾ കൊവിഡ് വൈറസിനെ ലോകത്താകമാനം കൂടുതൽ അറിഞ്ഞിരിക്കുന്നു. കൊവിഡ് ഒരു ഭീകരനാണെന്ന് അവരെ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല എന്ന അവസ്ഥയിലാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ മനുഷ്യരെല്ലാം സ്വയം ഉൾവലിഞ്ഞിരിക്കുകയാണ്. രാജ്യം ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ വീടിനുള്ളിലേക്ക് എല്ലാവരും കയറി. വീടിന്റെ വാതിൽ ഓരോരുത്തരും അവരവരുടെ അതിരുകളാക്കി. അതിരുകൾക്കപ്പുറത്ത് അനാവശ്യമായി പോകുന്നത് ഒഴിവാക്കി. അതിരുകൾ കടന്നുവരുന്നത് സംശയത്തോടെ നോക്കി. രക്തബന്ധത്തെ പോലും അകലത്തു നിർത്തിയാണ് സ്നേഹം പ്രകടിപ്പിച്ചത് എന്നതു കേട്ടുകേൾവിയില്ലാത്തതാണെങ്കിലും, സത്യമാണ്.

ഒരു വീട്ടിലെ ഒരാൾക്ക് കൊവിഡ് വൈറസ് ഏറ്റെന്ന സംശയം ഉണ്ടായാൽ അയാൾ സ്വയം ഐസൊലേഷനിൽ (ഏകാന്തവാസത്തിന്) പോകുന്നു. ഐസൊലേഷനും, ക്വാറന്റൈനും ഇന്ന് എല്ലാവർക്കും പരിചിതമായ വാക്കുകളായി മാറി. അങ്ങനെ ഐസൊലേഷനിൽ പോകുന്നവരുടെ അതിർത്തി മുറിയുടെ ചുറ്റുമതിലോ, വാതിലോ ആയി മാറി. വീട്ടിലുള്ളവർ പോലും വാതിലിൽ അഥവാ അതിർത്തിയിൽ നിന്നുകൊണ്ട് ഭക്ഷണം കൊടുക്കുന്ന സാഹചര്യങ്ങൾ നമ്മുടെ നാട്ടിലുമുണ്ടായി. ചൈനയിൽ കൊറോണ രോഗികൾക്ക് ഭക്ഷണം എത്തിച്ചിരുന്നത് റോബോട്ടുകൾ ആയിരുന്നു എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

കോളനികളും അപ്പാർട്ട്മെന്റുകളും പട്ടണങ്ങളും ഗ്രാമങ്ങളും അവരുടെ അതിരുകൾ അടച്ചിരിക്കുന്നു. അനാവശ്യക്കാരാരും അകത്തു കടക്കുന്നില്ല എന്നവർ ഉറപ്പുവരുത്തുന്നു. അപരിചിതരുടെ വരവ് സംശയങ്ങളുടെ കൂമ്പാരമാകുന്നു. നിയമനിർവഹണം നടത്തുന്ന പൊലീസല്ല, മറിച്ച് ജനങ്ങൾ തന്നെ അപരിചിതരെ ചോദ്യം ചെയ്യുന്നു. ഇങ്ങനെ ചുറ്റുവട്ടത്തെ അതിർത്തികൾ എല്ലാം നിരീക്ഷണത്തിലായത് കളവുകൾ കുറയാനും കാരണമായിട്ടുണ്ട്. ബലാത്കാരങ്ങൾ ഇല്ലാതായിരിക്കുന്നു.

പോലീസുകാർ അവരുടെ സ്റ്റേഷൻ അതിർത്തികളിൽ ബാരിക്കേഡുകൾ സ്ഥാപിച്ച് സംരക്ഷകരായി. അതിർത്തി കടക്കുന്നവരെ പരിശോധിക്കുന്നു. യാത്രികന് യാത്രാ ഉദ്ദേശ്യം വെളിപ്പെടുത്തേണ്ടതായി വരുന്നു. പൊലീസ് ഉണ്ടാക്കിയ ഓരോ അതിർത്തികളും കടന്നുപോകുമ്പോൾ വിശദീകരണങ്ങൾ ന്യായമാകേണ്ടതുണ്ട്. ജില്ലാ അതിർത്തികളും സംസ്ഥാന അതിർത്തികളും അടയ്ക്കപ്പെട്ടു. ആവശ്യക്കാർക്ക് കാര്യം ബോധ്യപ്പെടുത്തി അതിർത്തികൾ കടന്നുപോകാം എന്ന നിലയാണിപ്പോൾ.

പക്ഷേ, കർണാടകത്തിന്റെ അതിർത്തികൾ കേരളീയർക്ക് മുന്നിൽ അടഞ്ഞത് ഇപ്പോൾ വലിയ ചർച്ചയും, വാർത്തയുമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കൊവിഡ് രോഗികളുള്ളതും നിരീക്ഷണത്തിലുള്ളതും കാസർഗോഡ് ജില്ലയിലാണ്. ഒരാളും കൊവിഡിനെ ഇരുകൈയും നീട്ടി സ്വീകരിക്കില്ല. കൊവിഡ് വൈറസ് പടരുന്ന വിധവും മറ്റും ജനങ്ങളെ ബോധവത്കരിക്കുക എന്നതാണ് ചെയ്യേണ്ടത്. അത് വേണ്ടത്ര ഇരുഭാഗത്തും ഉണ്ടായിട്ടില്ല എന്നത് വർത്തമാനകാലത്തെ സത്യമാണ്. കൊവിഡ് ഭയങ്കര ഈഗോ ഉള്ള വൈറസാണ്. അത് വിളിച്ചുകൊണ്ടു വന്നാലേ കൂടെ പോരുകയുള്ളൂ. പക്ഷെ കൊവിഡില്ലാത്ത അഞ്ചോളം പേരാണ് അതിർത്തിത്തർക്കം മൂലം കാസർഗോഡ് മരണപ്പെട്ടത്. സംസ്ഥാന അതിർത്തികളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിൽ തെറ്റില്ല. പക്ഷെ അതിർത്തികൾ കർക്കശമായി അടച്ചിടുന്നത് രാജ്യത്തോടുള്ള വെല്ലുവിളിയായിത്തന്നെ കാണേണ്ടതുണ്ട്.

മാർച്ച് 10ന് കേരളം കൊവിഡിന്റെ ഭീകരത തിരിച്ചറിഞ്ഞ് അതിർത്തികൾ അടച്ച് സംരക്ഷണമൊരുക്കി. ബ്രെയ്ക്ക് ദി ചെയ്ൻ എന്ന് കേരളം പ്രഖ്യാപിച്ചു. മാർച്ച് 16ന് ഡൽഹി അതിർത്തികൾ നിരീക്ഷണത്തിലാക്കി. പ്രധാനമന്ത്രി മാർച്ച് 22ന് ജനതാ കർഫ്യൂ പ്രഖ്യാപിച്ചത് ഒരു സൂചനയായിരുന്നു. പ്രധാനമന്ത്രി മാർച്ച് 24 മുതൽ സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപിച്ച് രാജ്യാന്തര അതിർത്തികൾ അടപ്പിച്ചു. രാജ്യാന്തര വിമാനങ്ങൾക്ക് വിലക്കേർപ്പെടുത്തി. പൊതു ഗതാഗതം നിർത്തിച്ചു. ചരിത്രത്തിലാദ്യമായി റെയ്ൽവേ യാത്രാ തീവണ്ടികൾ നിർത്തിവയ്പ്പിച്ചു. കൊവിഡ് വ്യാപനം തടയുന്നതിന് ഇന്ത്യയെടുത്ത നടപടിയെ ലോകരാജ്യങ്ങൾ ശക്തമായി പിന്തുണച്ചു. എന്നു കരുതി ഇന്ത്യയിൽ കുടുങ്ങിയ മറ്റു രാജ്യക്കാരെ അവരവരുടെ രാജ്യത്തേക്കു പോകാൻ ഇന്ത്യ അനുമതി നൽകാതിരുന്നില്ല.

കേരളത്തിൽ ലഭിക്കുന്ന സുരക്ഷയും ആരോഗ്യ പരിഗണനയും മറ്റേതു രാജ്യത്തും ലഭിക്കില്ലെന്നും, ഇന്ത്യ തങ്ങളുടെ ജനങ്ങളെ സംരക്ഷിക്കുമെന്ന തോന്നലും ലോകവ്യാപകമായി ഉണ്ടായി. എന്തുചെയ്യും എന്നറിയാതെ വികസിത രാജ്യങ്ങൾ സ്തബ്ധരായി നിന്നപ്പോൾ ഇന്ത്യ അവർക്കു മുന്നിൽ മാതൃകയായി എന്നത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. ഇന്ത്യയെ പിന്തുടർന്ന് പല രാജ്യങ്ങളും അവരുടെ രാജ്യാന്തര അതിർത്തികൾ അടപ്പിച്ച് കൊറോണ വൈറസ് വ്യാപനത്തിന് തടയിട്ടു. ലോകത്തെ എല്ലാ രാജ്യങ്ങളും അതിർത്തികൾ അടച്ച് അവരുടെ രാജ്യത്തുള്ളവരുടെ സുരക്ഷ ഉറപ്പാക്കിയിരിക്കുന്നു.

അതിരുകളും അതിർത്തികളുമില്ലാതെ ലോകം മിക്കവാറും ഡിജിറ്റൽ യുഗത്തിലേയ്ക്ക് പോകുന്ന കാഴ്ച്ച കൂടി നമ്മൾ കണ്ടു. രാജ്യാന്തര സന്ദേശങ്ങൾ ഇന്റർനെറ്റ് വഴി സ്വീകരിക്കുന്ന രീതി വ്യാപകമായി. അവിടെ അതിർത്തികൾ ഇല്ലാതായിരിക്കുന്നു. മാധ്യമങ്ങളുടെ ഡിജിറ്റൽ കോപ്പികൾ വ്യാപകമായി. പണമിടപാടുകൾക്ക് ഡിജിറ്റൽ മാതൃക മിക്കവരും സ്വീകരിച്ചു. കൊവിഡ് കാലം കഴിഞ്ഞാൽ ഡിജിറ്റൽ ഇന്ത്യയിലേയ്ക്ക് പ്രവേശിക്കേണ്ടതിന്റെ ആവശ്യം ചർച്ച ചെയ്യപ്പെടും.

ആയിരകണക്കിന് പോസ്റ്റ്മോർട്ടങ്ങൾക്കു ശേഷം ചൈനയിലെ ഡോക്റ്റർമാരും ശാസ്ത്രജ്ഞരും കണ്ടെത്തിയത് ശ്വാസകോശ പാതയിൽ കൊവിഡ് വൈറസിന്റെ പ്രവേശനത്തോടെ കട്ടിയായ കഫം കൊണ്ട് അതിർത്തികൾ അടയപ്പെടുന്നതാണ് മരണകാരണമെന്നാണ്. ശരീരത്തിലെ പല പാതകളിലേയും അതിർത്തികളിലെ തടസങ്ങൾ നീക്കാനുള്ള മറുമരുന്ന് ശാസ്ത്രം ഇനിയും കണ്ടുപിടിക്കാനിരിക്കുന്നു.

ഹൃദയത്തിലേയ്ക്കുള്ള അതിർത്തികൾ അടച്ചാൽ അതു നീക്കം ചെയ്യാൻ നമ്മുടെ ശാസ്ത്രം പണ്ടേ ജയിച്ചതാണ് എന്നത് പ്രതീക്ഷകൾ നൽകുന്നു.

ലോക മഹായുദ്ധവും കൊറോണയും

അഡ്വ. കെ. അനിൽകുമാർ



> ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ യൂറോപ്പിന്റെയും ഏഷ്യയുടേയും നെഞ്ചത്തായിരുന്നു. അറ്റ്ലാന്റിക്കും പസഫിക്കും താണ്ടി അത്ര പെട്ടെന്ന് അമെരിക്കയെ തൊടാൻ ആർക്കുമാവില്ല. ആ അഹന്ത ആദ്യം തകർത്തത് ക്യൂബയാണ്. സിംഹത്തിന്റെ മുന്നിലെ ചുണ്ടെലി പോലെ. കഴിഞ്ഞ 61 വർഷങ്ങളിൽ അമെരിക്കയുടെ തൊണ്ടയിൽ തറച്ച മുള്ളുപോലെ ക്യൂബ പൊരുതുന്നു.

മൂന്നാം ലോക മഹായുദ്ധത്തിനായി എന്തെല്ലാം ആയുധങ്ങളാണ് കരുതിവച്ചിരിക്കുന്നത്?. ഭൂഖണ്ഡാന്തര മിസൈലുകൾ, ആണവായുധങ്ങൾ, നക്ഷത്ര യുദ്ധ പദ്ധതികൾ മനുഷ്യരാശിയുടെ പകുതിയിലേറെപ്പേരും പട്ടിണിയും, രോഗവും, നിരക്ഷരതയും കൊണ്ട് ദുരിതത്തിൽപ്പെട്ടുഴലുന്ന ഇരുപതാം നൂറ്റാണ്ടിലും സൈനികമികവും വ്യാജ ദേശാഭിമാനവും വികസിത - വികസ്വര രാഷ്ട്രങ്ങളുടെ കൊടിയടയാളമായിരുന്നു.

അവസാനം എന്തായി? പുരുവംശത്തിലെ അവസാന തരിയായിരുന്ന പരീക്ഷിത്ത് മഹാരാജാവ് ജലപ്പരപ്പിനു മേൽ നിർമിച്ച ദന്തഗോപുരത്തിൽ വച്ച് ഒരു കൃമി (തക്ഷകൻ) കടിച്ചാണ് മരിച്ചത്. അന്നത്തെ കൃമി കൊറോണ വൈറസിന്റെ വലുപ്പത്തിൽ ചെറുതായി.

ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ യൂറോപ്പിന്റെയും ഏഷ്യയുടേയും നെഞ്ചത്തായിരുന്നു. അറ്റ്ലാന്റിക്കും പസഫിക്കും താണ്ടി അത്ര പെട്ടെന്ന് അമെരിക്കയെ തൊടാൻ ആർക്കുമാവില്ല. ആ അഹന്ത ആദ്യം തകർത്തത് ക്യൂബയാണ്. സിംഹത്തിന്റെ മുന്നിലെ ചുണ്ടെലി പോലെ. കഴിഞ്ഞ 61 വർഷങ്ങളിൽ അമെരിക്കയുടെ തൊണ്ടയിൽ തറച്ച മുള്ളുപോലെ ക്യൂബ പൊരുതുന്നു.

ഹിരോഷിമക്കും നാഗസാക്കിക്കും ശേഷം അണുവായുധമുൾപ്പടെ എത്രയോ ഭീഷണികളിലാണ് ലോകത്തെ അമെരിക്ക തങ്ങളുടെ വഴിക്ക് നടത്താൻ നോക്കിയത്. ആ സമ്രാജ്യത്വ ഭീമനെതിരെ ശീതയുദ്ധത്തിനിറങ്ങേണ്ടി വന്നതിനാൽ തങ്ങളുടെ രാജ്യത്തിലെ പൗരന്മാർക്ക് സോഷ്യലിസം ഉറപ്പാക്കുന്ന പലരും വൈകിയതാണ് യുഎസ്എസ്ആർ എന്ന രാജ്യവും, റഷ്യൻ വിപ്ലവവും അട്ടിമറിക്കപ്പെടാൻ ഒരു കാരണം യഥാർത്ഥത്തിൽ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിലെ ഒരു രാഷ്ട്രത്തിന്റെ രക്തസാക്ഷിത്വമായിരുന്നു അത്. റഷ്യയെ തകർത്ത് 31വർഷം പിന്നിടുമ്പോൾ അമെരിക്ക കുതിക്കുകയാണോ? കിതക്കുകയാണോ?.

ഇനി ലോകയുദ്ധത്തിന് അണുവായുധമെന്തിന്?. പാക്കിസ്ഥാൻ തീവ്രവാദികൾ എന്തിന് അരയിൽ ബോംബു വച്ചുകെട്ടി ചാവേറാകണം. വൈറസുകളെ ഉപയോഗിച്ച് നൂറ് ദിനങ്ങൾ കൊണ്ട് എങ്ങനെ ഒരു ലോക യുദ്ധം സാധ്യമാക്കാമെന്ന് കൊറോണ കാട്ടിത്തരുന്നു. ലോകത്തെ ഏത് ചെറിയ രാജ്യത്തിനും കുറഞ്ഞ ചിലവിൽ ലോക യുദ്ധം സാധ്യമാകും. ഭീകരവാദികൾക്ക് നുഴഞ്ഞുകയറാതെ ജൈവ യുദ്ധം സാധ്യമാക്കാം.

തങ്ങൾ നിർമിച്ചുകൂട്ടിയതൊന്നും ചെറിയ വൈറസിനെ നേരിടാൻ പര്യാപ്തമല്ലെന്ന് ആർക്കും മനസിലായിക്കാണും. അമെരിക്കയിൽ 22 ലക്ഷം പേർ മരിക്കേണ്ടതായിരുന്നുവെന്നും തന്റെ ഭരണ മികവുകൊണ്ട് അത് ഒരു ലക്ഷത്തിൽ നിർത്താനാവുമെന്നുമാണ് ട്രംപ് അവകാശപ്പെടുന്നത്. എന്തൊരു നേട്ടം?. മൂന്നാം ലോകമഹായുദ്ധം നടന്നിരുന്നെങ്കിൽ അമെരിക്കയിൽ അത്രയേറെ മരണമുണ്ടാകുമായിരുന്നോ?. പ്രതികാരമായി എത്ര കോടി പോരെ കൊല്ലാനുള്ള ആണവ ബട്ടനുകളിൽ അമെരിക്കയുടെ വിരലമർന്നേനെ?.

സൈനികവത്കരണം, ആയുധപ്പന്തയം, ആണവായുധ നിർമാണം ഇവയൊക്കെയും നിർത്തിവക്കണം. അമിതമായ ദേശീയ വികാരമുണർത്തൽ വേണ്ട. ഇസ്ലാം മതത്തിൽപെട്ട ഒരുവന് പള്ളിയിലെ ഖബറിടം നിഷേധിക്കയോ?. ബാഗ്ദാദിലെ പള്ളി മേധാവികൾ തങ്ങളുടെ ശ്മശാനങ്ങളിൽ കൊറോണ ബാധിച്ചു മരിച്ചവരുടെ മൃതദേഹങ്ങൾ അടക്കാൻ സമ്മതിക്കുന്നില്ല, മോർച്ചറികൾ നിറഞ്ഞ് കവിയുന്നു. യുപിയിൽ ശത്രുരാജ്യങ്ങളിലെ മനുഷ്യരോടെന്നപോലെ, തല കുനിച്ചിരുത്തി, വിഷലായനി തളിക്കുന്നു. രാമായണം കാണാനായി നാട്ടിലേക്കോടിയ മനുഷ്യനോടാണ്, പാക്കിസ്ഥാൻകാരനോടോ, പൗരത്വമില്ലാത്തവനോടോ, അല്ല ഇങ്ങനെ പെരുമാറുന്നത്.

1871 ൽ പാരീസ് കമ്യൂൺ നിലവിൽ വന്നപ്പോൾ ആദ്യം പിരിച്ചുവിട്ടത് പട്ടാളത്തെയാണ് പുതിയ ലോകവ്യവസ്ഥ ക്ഷേമരാഷ്ട്ര സങ്കല്പത്തെ ഉയർത്തിപ്പിടിക്കണം. സൈനിക സഖ്യ ഉടമ്പടികളെല്ലാം റദ്ദാക്കപ്പെടണം. ഇസ്രയേലിലെ ജൂത ഭരണക്കാർക്കും കൊറോണയാണ്. ഇസ്രയേലും, അമേരിക്കയും, ഇന്ത്യയെ സൈനിക പങ്കാളിയാക്കാനാണ് നോക്കുന്നത് വൈറസ് യുദ്ധത്തെ മറികടക്കാൻ നമ്മുടെ കൂട്ടുകാർ നമ്മെ സഹായിക്കുന്നുവോ. ഹൗഡി മോഡിക്കു ശേഷം അഹമ്മദ് ബാദിലും മോദിയും ട്രംപും കെട്ടിപ്പിടിക്കുന്നത് കണ്ടു. സോഷ്യൽ ഡിസ്റ്റൻസിംഗ് എത്രത്തോളം പ്രധാനമാണെന്ന് തിരിച്ചറിയുക.

അമെരിക്കയോടും, ഇസ്രയേലിനോടും മാത്രമല്ല, എല്ലാ സൈനിക കൂട്ടു കെട്ടുകളോടും അകലം വേണം. ആരോഗ്യ, വിദ്യാഭ്യാസ, കലാ-സാംസ്ക്കാരിക-കായിക വേദികൾ, വ്യാപാര-വ്യവസായ സംരംഭകൾ, സാങ്കേതിക വിദ്യ കൈമാറ്റം ഗവേഷണം, തുടങ്ങി എത്രയോ മേഖലകളിൽ സഹകരണമാകാം. യുദ്ധമുണ്ടാക്കുന്ന എല്ലാ ശാഠ്യങ്ങളേയും എല്ലാ രാഷ്ട്രങ്ങളും വലിച്ചെറിയണം.

ലാബിൽ നിർമിച്ച ജൈവായുധമല്ല കൊറോണ

ആശിഷ് ജോസ് അമ്പാട്ട്

ലോകത്തിൽ ഇതിനകം പത്ത് ലക്ഷത്തോളം പേരെ ബാധിക്കുകയും, അൻപതിനായിരങ്ങളുടെ ജീവനെടുക്കുകയും ചെയ്തിരിക്കുന്നു കൊവിഡ്-19 എന്ന വൈറൽ രോഗം. ലോകരാജ്യങ്ങൾ മിക്കതും അടച്ചിടുന്ന അവസ്ഥയിലോട്ട് നയിച്ച, കൃത്യമായ മരുന്നും വാക്സിനേഷനും ഇനിയും വികസിപ്പിച്ചിട്ടില്ലാത്ത ഈ വൈറൽ രോഗം, ചൈനയിലെ വുഹാൻ പ്രവിശ്യയിലാണ് ആദ്യം കണ്ടെത്തിയത്. ഒരു മാംസ വിൽപ്പനശാലയിൽ നിന്നും വ്യാപിച്ചു തുടങ്ങിയ വൈറൽ രോഗം ചൈന ഒരു ജൈവ ആയുധമായി വികസിപ്പിച്ചു എടുത്തത് ലാബിൽ നിന്നും അശ്രദ്ധ മൂലം വെളിയിൽ വ്യാപിച്ചത് ആകാമെന്ന ഗൂഢാലോചന സിദ്ധാന്തം പലരും പ്രകടിപ്പിച്ചിരുന്നു. ഡൽഹിയിലെ ഐഐറ്റിയിൽ ഉള്ള ചില എൻജിനീയറിങ് അധ്യാപകർ അങ്ങെനെ ഒരു സിദ്ധാന്തം പേപ്പറായി എഴുതി പബ്ലിഷ് ചെയ്യാൻ കൂടി ശ്രമിച്ചു, ആധികാരികമായ ഒരു ജേർണലും അത് സ്വീകരിച്ചിട്ടില്ല. ഇതിനു സമാന്തരമായി ഈ വൈറസിനെ അമെരിക്ക നിർമ്മിച്ച് ചൈനയിൽ എത്തിച്ചതാണെന്ന പ്രചരണവും നടക്കുന്നുണ്ട്.

കൊവിഡ്-19 രോഗത്തിനു കാരണമായ വൈറസിന്റെ ജനിതക ഘടന പരിശോധിച്ചു നടത്തിയ ഗവേഷണത്തിൽ ഈ വൈറസ് കൃത്രിമമായി മനുഷ്യർക്കു ഉണ്ടാക്കാൻ പറ്റുന്നതെല്ലായെന്നും സ്വാഭാവികമായി ജീവപരിണാമത്തിലൂടെ മാത്രം രൂപപ്പെട്ടതാകാമെന്നും കണ്ടെത്തി, Nature Medicine ജേണലിൽ പബ്ലിഷ് ചെയ്തിരുന്നു. ശ്വാസകോശവ്യവസ്ഥയെ പ്രധാനമായും ബാധിക്കുന്ന ഈ രോഗം Severe acute respiratory syndrome coronavirus 2 അഥവാ SARS-CoV-2 എന്നായിനം വൈറസാണ് പടർത്തുന്നത്, ഇത് ഒരു തരം കൊറോണ വൈറസാണ്. രണ്ടായിരത്തി മൂന്നിൽ ചൈനയിൽ എണ്ണായിരം ആളുകളെ ബാധിക്കുകയും എണ്ണൂറോളം പേരുടെ ജീവൻ എടുക്കുകയും ചെയ്ത Severe acute respiratory syndrome (SARS)എന്ന രോഗാവസ്ഥ ഉണ്ടാക്കുന്ന വൈറസുമായി വളരെയധികം ജനിതക സാമ്യവും, ഒരേ സ്പീഷ്യസിൽ വരുന്നതും ആയതിനാലാണ് SARS-CoV-2 എന്ന പേരു നൽകിയിരിക്കുന്നത്.

ചൈനയിൽ കാണുന്ന ചിലതരം വവ്വാലുകളിലാണ് ഈ സ്പെഷ്യസിൽ ഉള്ള കൊറോണ വൈറസുകൾ സ്വാഭാവികമായും കാണുന്നത്, അമെരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ വവ്വാലുകളിൽ കൊറോണ വൈറസുകൾ ഉണ്ടെങ്കിലും ഈ സ്പെഷ്യസിൽ ഉള്ളത് ഇല്ല. മനുഷ്യരെ ബാധിക്കുന്നതായി കണ്ടെത്തിട്ടുള്ള കൊറോണ വൈറസുകളിൽ ഏഴാമത്തെയാണ് SARS-CoV-2, മെർസ്, സാർസ് എന്നീ രോഗങ്ങൾ ഉണ്ടാക്കുന്ന രണ്ടു കൊറോണ വൈറസുകൾ ഒഴിച്ചു ബാക്കി നാലും മനുഷ്യരെ ബാധിക്കുമെങ്കിലും ജലദോഷപ്പനി പോലെയുള്ള ലളിതമായ രോഗലക്ഷണങ്ങൾ മാത്രേ കാണിക്കൂ.

കോശങ്ങളുടെ ശരിയായ പ്രവർത്തനങ്ങൾക്കു ആവശ്യമായ ജൈവതന്മാത്രകൾ കടന്നു വരേണ്ട വാതിലുകളിൽ കള്ളതാക്കോൽ ഇട്ടു തുറന്ന് ആണ് വൈറസുകൾ ഉള്ളിൽ പ്രവേശിക്കുന്നത്. കൊവിഡ്-19 ഉണ്ടാക്കുന്നതരം കൊറോണ വൈറസുകൾ ACE2 (Angiotensin Converting Enzyme 2) എന്നതരം രാസാഗ്നിയ്ക്കു കോശങ്ങളിൽ പ്രവേശിക്കാനുള്ള വാതിൽ ആയ ACE2 receptorയിൽ കള്ളതാക്കോൽ ഇട്ടു ആണ് ഉള്ളിൽ പ്രവേശിക്കുന്നത്. കോശങ്ങളുടെ ഉള്ളിൽ കയറിയാൽ ഈ വൈറസുകൾ തങ്ങളുടെ സ്വാർത്ഥ ലാഭത്തിനുവേണ്ടി കോശങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കയും പെരുകുകയും കോശത്തിന്റെ സ്വാഭാവിക പ്രവർത്തനം അവതാളത്തിൽ ആക്കുകയും സമീപത്തുള്ള മറ്റ് കോശങ്ങളെ കൂടി അക്രമിക്കാനുള്ള തയ്യാറെടുപ്പിലോട് നീങ്ങുകയും ചെയ്യും.

(തുടരും)

രാജ്യത്തെ ഏറ്റവും പ്രായമേറിയ കോവിഡ് രോഗികൾ വീട്ടിലേക്ക് മടങ്ങി

ആരോഗ്യകേരളത്തിന് അഭിമാന നിമിഷം ■ തോമസും അന്നമ്മയും സ്വന്തം വീട്ടിലെത്തി

ബിനീഷ് മള്ളൂശേരി

കോട്ടയം: രാജ്യത്തെ ഏറ്റവും പ്രായമേറിയ കോവിഡ് രോഗികൾ രോഗം ഭേദമായി കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിന്നും പത്തനംതിട്ടയിലെ സ്വഭവനത്തിലേക്ക് മടങ്ങി. പത്തനംതിട്ട റാന്നി സ്വദേശികളായ തോമസ് ഏബ്രഹാം (93), മറിയാമ്മ തോമസ് (88) എന്നിവരാണ് ആശുപത്രി വിട്ടത്. ഇന്നലെ വൈകുന്നേരമാണ് ഇവർ പ്രത്യേക ആംബുലൻസിൽ മടങ്ങിയത്. റാന്നിയിലെ വീട്ടിലും 14 ദിവസം ഇവർ നിരീക്ഷണത്തിലായിരിക്കും.

രോഗം മാറിയതിൽ ഒരുപാട് സന്തോഷമുണ്ടെന്നും ചികിത്സിച്ച ഡോക്റ്റർമാർക്കും ഒപ്പം എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ടുമായിരുന്നു തോമസും മറിയാമ്മയും ആശുപത്രി വിട്ടത്. മെഡിക്കൽ കോളെജ് ആശുപത്രിയിലെ രണ്ട് നഴ്സുമാരും ഇവർക്കൊപ്പമുണ്ടായിരുന്നു. വികാരഭരിതരായി ആശുപത്രി ജീവനക്കാർ കൈവീശി ഇവരെ യാത്രയാക്കി. മെഡിക്കൽ കോളെജിലെ വിദഗ്ധ ചികിത്സയിലൂടെയാണ് അതീവ ഗുരുതരാവസ്ഥയിലായിരുന്ന ഇവരെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവന്നത്. ഇതോടെ അഞ്ചംഗ കുടുംബത്തിൽ എല്ലാവരും കോവിഡ് രോഗവിമുക്തരായി.

ഫെബ്രുവരി 29ന് ഇറ്റലിയിൽ നിന്നെത്തിയ മൂന്നംഗ കുടുംബത്തിനും അവരുമായി അടുത്ത് ഇടപഴകിയ ഇവർക്കുമാണ് മാർച്ച് എട്ടിന് കൊവിഡ് 19 സ്ഥിരീകരിച്ചത്. തുടർന്ന് ഇവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും പിന്നീട് മെഡിക്കൽ കോളെജ് ആശുപത്രിയിലേക്ക് മാറ്റുകയുമായിരുന്നു. പ്രായാധിക്യം മൂലമുള്ള രോഗങ്ങൾ മൂർച്ഛിച്ചതോടെ പേ വാർഡിലേക്ക് അഡ്മിറ്റ് ചെയ്തു. ആദ്യ പരിശോധനയിൽ പ്രമേഹവും ഹൈപ്പർ ടെൻഷനും ഉള്ളതായി മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലായിരുന്നു ചികിത്സ. തോമസിന് ആദ്യ ദിവസങ്ങളിൽ തന്നെ നെഞ്ചുവേദനയുണ്ടെന്നും ഹൃദ്രോഗ സാധ്യത കൂടുതലാണെന്നും കണ്ടെത്തി. അതിനാൽ മെഡിക്കൽ ഐസിയുവിൽ നിന്നും വിഐപി റൂമിലേക്ക് മാറ്റി. ഡോ. സജിത് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിചരിച്ചത്. ഇവർക്കായി ആറ് ഡോക്റ്റർമാരടങ്ങിയ മെഡിക്കൽ ബോർഡും രൂപീകരിച്ചിരുന്നു. ആരോഗ്യമന്ത്രി കെ.കെ. ശൈലജ ദിവസേന ഇവരുടെ ആരോഗ്യ സ്ഥിതിവിവരങ്ങൾ ആരായുന്നുണ്ടായിരുന്നു.

വെവ്വേറെ റൂമുകളിൽ പാർപ്പിച്ചിരുന്നതിനാൽ രണ്ടുപേരും അസ്വസ്ഥരായിരുന്നു. പതിനൊന്നാം തീയതി ഇവർ രണ്ടുപേർക്കും പരസ്പരം കാണാൻ കഴിയും വിധം ട്രാൻസ്പ്ലാന്റ് ഐസിയുവിലേക്ക് മാറ്റി. ഇടയ്ക്കുവച്ച് തോമസിന് ചുമയും കഫക്കെട്ടും കൂടുതലാവുകയും ഓക്സിജൻ നില കുറയുകയും അതീവ ഗുരുതരാവസ്ഥയിലേക്ക് എത്തുകയും ചെയ്തു. അതോടെ തോമസിനെ വെന്റിലറേറ്ററിലേക്കു മാറ്റി 24 മണിക്കൂറും സൂക്ഷ്മമായി നിരീക്ഷിച്ചു. അതിനിടെ ഹൃദ്രോഗബാധ ഉണ്ടാകുകയും ചെയ്തു. കൊവിഡ് ബാധിച്ച അറുപതു വയസിനു മുകളിലുള്ളവരെ ഹൈ റിസ്ക് വിഭാഗത്തിലാണ് ഉൾപ്പെടുത്തുക.

ദമ്പതികളായ തോമസ് എബ്രഹാം, മറിയാമ്മ തോമസ് എന്നിവരെ കോവിഡ് രോഗം ഭേദമായതിനെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തപ്പോൾ

അതിനിടെ ഇവരെ പരിചരിച്ച നഴ്സിനും കൊറോണ സ്ഥിരീകരിച്ചത് ആശങ്കയുളവാക്കി. പരിശോധനാഫലം നെഗറ്റീവ് ആയതിനാൽ അവരെ സ്വന്തം വീട്ടിലേക്ക് നിരീക്ഷണത്തിനായി മാറ്റി. കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രിയിൽ കൊവിഡ് ബാധിച്ച രോഗികളാരും നിലവിലില്ല.

നിരോധനം ലംഘിച്ച് കുർബാന: വികാരിമാർ ഉൾപ്പെടെ 13 പേർ അറസ്റ്റിൽ

കൊച്ചി: നിരോധനാജ്ഞ ലംഘിച്ചു ചാപ്പലിലും പള്ളിയിലും കുർബാന നടത്തിയതിന് രണ്ട് വികാരിമാർ ഉൾപ്പെടെ 13 പേർ അറസ്റ്റിൽ. പുത്തൻകുരിശ് കക്കാട്ടു പാറ സെന്റ് മേരീസ് യാക്കോബായ ചാപ്പൽ, കൂത്താട്ടുകുളം ആട്ടിൻകുന്ന് സെന്റ് മേരീസ് ഓർത്തോഡോക്സ് പള്ളി എന്നിവിടങ്ങളിലാണു കുർബാന നടത്തിയത്.

സെന്റ് മേരീസ് യാക്കോബായ ചാപ്പലിൽ ഇന്നലെ രാവിലെ അഞ്ചരയോടെ രഹസ്യമായി നടത്തിയ കുർബാനയിൽ വികാരി ഫാദർ ഗീവർഗീസ് ചെങ്ങനാട്ടുകുഴി, സിറിൾ എൽദോ പാണ്ടൻ ചേരി, എൽദോ സാജു താഴേടത്ത് പത്രോസ് പുരവത്ത്, എൽദോ പീറ്റർ മടത്തിക്കുടിയിൽ എന്നിവർ പങ്കെടുത്തു. വിവരം അറിഞ്ഞ് പള്ളിയിലെത്തിയ പുത്തൻകുരിശ് പൊലീസ് അഞ്ചു പേരെയും അറസ്റ്റ് ചെയ്തു. ഇവർക്കു പിന്നീട് ജാമ്യം അനുവദിച്ചു.

കൂത്താട്ടുകുളം ആട്ടിൻകുന്ന് സെന്റ് മേരീസ് ഓർത്തോഡോക്സ് പള്ളിയിൽ കുർബാന നടത്തിയ എട്ട് പേരെ കൂത്താട്ടുകുളം പൊലീസ് അറസ്റ്റ് ചെയ്തു. രാവിലെ ഏഴിനാണ് കുർബാന നടന്നത്. ഫാദർ ഗീവർഗീസ് ജോൺ, സാജു വർഗീസ്, തോമസ്, പൗലോസ്, ജോർജ് വർഗിസ്, ഗീവർഗിസ്, സക്കറിയ സൈബു, ബിനോയ് എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. വടക്കൻ പറവൂരിൽ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ച് മീൻ വിൽപ്പന നടത്തിയതിന് 2 പേർക്കെതിരെ പൊലീസ് കേസെടുത്തു.

കേരള എപ്പിഡമിക് ഡിസീസസ് 2020 ഓർഡിനൻസ് പ്രകാരവും ഇവർക്കെതിരെ കേസ് ചാർജ് ചെയ്തിട്ടുണ്ടെന്ന് പൊലീസ് അറിയിച്ചു.

നിർബന്ധിത സാലറി ചലഞ്ച് വേണ്ടെന്ന് പ്രതിപക്ഷ യൂണിയൻ

തിരുവനന്തപുരം: കെഎസ്ആർടിസിയിൽ നിർബന്ധിത സാലറി ചലഞ്ച് നടപ്പാക്കരുതെന്ന് പ്രതിപക്ഷ സംഘടനയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ. ഇക്കാര്യം ചൂണ്ടിക്കാട്ടി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് തമ്പാനൂർ രവി മുഖ്യമന്ത്രിക്കും ഗതാഗത മന്ത്രിക്കും കത്തുനൽകി. രണ്ട് പ്രളയകാലത്തും പ്രളയ ഫണ്ടായി ജീവനക്കാരിൽ നിന്നും ഓണം ആനുകൂല്യങ്ങൾ ഉൾപ്പടെ പിടിച്ചെടുത്തിരുന്നു. 2016ൽ കാലാവധി അവസാനിച്ച ശമ്പളക്കരാർ ഇതുവരെ പുതുക്കിയിട്ടില്ല. ആറ് ഗഡു ഡിഎ ഇപ്പോഴും തടഞ്ഞു വച്ചിരിക്കുകയാണ്. പതിനായിരം പേരെ പിരിച്ചുവിട്ടു. പ്രതിമാസ വേതനം പോലും സമയത്തിന് ലഭ്യമല്ല. തൊഴിലാളികളുടെ കഴിവിനനുസരിച്ച് സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം പിടിക്കുന്ന നടപടി മാത്രമേ സ്വീകരിക്കാവൂ എന്നും കത്തിലൂടെ അഭ്യർഥിച്ചിട്ടുണ്ട്.

പ്രതിഭയെ അധിക്ഷേപിച്ച നേതാക്കൾക്കെതിരേ ഡിവൈഎഫ്ഐ നടപടിക്കൊരുങ്ങുന്നു

ആലപ്പുഴ: യു. പ്രതിഭ എംഎൽഎയെ സോഷ്യൽ മീഡിയയിൽ അധിക്ഷേപിച്ച ഡിവൈഎഫ്ഐ നേതാക്കൾക്കെതിരേ സിപിഎം നടപടിക്കൊരുങ്ങുന്നു. എംഎൽഎയെ അധിക്ഷേപിച്ചവരോട് വിശദീകരണം തേടിയെന്നും ഇവർക്കെതിരേ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും സിപിഎം ജില്ലാ സെക്രട്ടറി ആർ. നാസർ അറിയിച്ചു.

ഡി വൈഎഫ്ഐ ബ്ലോക്ക് വൈസ് പ്രസിഡന്റ് സാജിദ് ഷാജഹാൻ, ജില്ലാ കമ്മിറ്റിയംഗം മിനിസ ജബ്ബാർ എന്നിവരുടെ ഫേസ്ബുക്ക് പേജിലാണ് എംഎൽഎയെ ആക്ഷേപിക്കുന്ന പോസ്റ്റുകൾ ഇട്ടത്. ജനങ്ങൾക്ക് ആശ്വാസമാകേണ്ട സമയത്ത് എംഎൽഎ ഓഫിസും പൂട്ടി വീട്ടിലിരിക്കുകയാണെന്നായിരുന്നു ഇവരുടെ പരാതി.

അവശ്യ സാധനങ്ങൾക്കും മരുന്നുകൾക്കുമായി ബന്ധപ്പെട്ടിടും എംഎൽഎയുടെ ഓഫിസ് തുറന്നു പ്രവർത്തിക്കുകയോ ഫോണിൽ ലഭിക്കുകയോ ചെയ്യുന്നില്ല. പാർട്ടി നിശ്ചയിച്ച സ്റ്റാഫുകൾ പോലും ഓഫിസിലെത്തുന്നില്ല. എംഎൽഎ വേണമെങ്കിൽ വീട്ടിലിരുന്നോ. പക്ഷേ ഓഫിസ് തുറന്നു പ്രവർത്തിക്കണമെന്നും ഇവർ ഫേസ്ബുക്ക് കുറിപ്പിൽ ആവശ്യപ്പെട്ടു. ഇവരുടെ ഫേസ്ബുക്ക് പോസ്റ്റിന് നിരവധി ഡിവൈഎഫ്ഐ,സിപിഎം പ്രവർത്തകർ ലൈക്കടിക്കുകയും ഷെയർ ചെയ്യുകയും ചെയ്തിരുന്നു.

എന്നാൽ എംഎൽഎ ഓഫിസ് തുറന്നു പ്രവർത്തിക്കുന്ന ചിത്രം സഹിതമാണ് ഇതിന് യു. പ്രതിഭ മറുപടി നൽകിയത്. മുഖ്യമന്ത്രി നിർദേശിച്ച വർക്ക് ഫ്രം ഹോം ആണ് താൻ നടപ്പിലാക്കുന്നതെന്നും മണ്ഡലത്തിലെ എല്ലാ കാര്യങ്ങളും ഏകോപിപ്പിക്കുന്നുണ്ടെന്നും എംഎൽഎ പറഞ്ഞു. വൈറസുകളേക്കാൾ വിഷമുള്ള ചില മനുഷ്യവൈറസുകൾ സമൂഹത്തിലിറങ്ങിയിട്ടുണ്ടെന്നും അതിനെയെല്ലാം പുച്ഛത്തോടെ തള്ളിക്കളയുകയാണെന്നും എംഎൽഎ കൂട്ടിച്ചേർത്തു. നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന സാഹചര്യത്തിൽ പാർട്ടിയുടെ ജില്ലാ കമ്മിറ്റിയംഗം കൂടിയായ എംഎൽഎക്കെതിരേ ഒരു വിഭാഗം പ്രവർത്തകർ രംഗത്തുവന്നത് പാർട്ടിക്ക് കടുത്ത തലവേദനയാണ് സൃഷ്ടിച്ചിരിക്കുന്നത്.

ഇതരസംസ്ഥാന ബോട്ടുകളുടെ മത്സ്യക്കച്ചവടത്തിനെതിരേ പ്രതിഷേധം

■ വൈപ്പിൻ തീരത്തെത്തിയ 13 ബോട്ടുകൾ മടക്കിയയച്ചു

സ്വന്തം ലേഖകൻ

വൈപ്പിൻ: കൊവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി വൈപ്പിൻകരയിലെ എല്ലാ ഫിഷിങ് ഹാർബറുകളും പ്രവർത്തനം നിലച്ചപ്പോൾ മാനദണ്ഡങ്ങൾ ലംഘിച്ച് ചില വൻകട കച്ചവടക്കാർ മുരുക്കുംപാടം മുതൽ ഗോശ്രീ കവലവരെയുള്ള കടവുകളിലെ ഷെഡുകളിൽ മത്സ്യക്കച്ചവടം നടത്തുന്നതായി പരാതി.

ഹാർബറുകൾ അടച്ചിടുകയും കേരള ബോട്ടുകളൊന്നും കടലിൽ പോകാതിരിക്കുകയും ചെയ്യുമ്പോൾ തമിഴ്നാട്ടിൽ നിന്നുള്ള ചൂണ്ട ബോട്ടുകളാണ് മത്സ്യവുമായി ഈ മേഖലയിൽ എത്തുന്നത്.

ഇവ തുറമുഖത്തേക്ക് വരുമ്പോൾ തന്നെ കച്ചവടക്കാർ ഫിഷറീസ് ഉദ്യോഗസ്ഥരെ ബന്ധപ്പെടുകയും അവരുടെ അനുവാദത്തോടെയുമാണ് ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നത്. ബോട്ടിൽവച്ചു തന്ന കച്ചവടം ഉറപ്പിച്ചശേഷം ചരക്ക് പാക്ക് ചെയ്ത് വലിയ ഇൻസുലേറ്റഡ് വാനുകളിൽ കയറ്റിപ്പോവുകയാണ്. ഒരു ബോട്ടിൽ മൂന്നു ടൺ വരെ വലിയ മത്സ്യം ഉണ്ടാകും. ലോക്ക്ഡൗണിനെതുടർന്ന് തമിഴ്നാട്ടിലെ ഹാർബറുകളൊന്നും പ്രവർത്തിക്കുന്നില്ല. അതിനാലാണ് കൊച്ചി ഭാഗത്തേക്ക് ചൂണ്ട ബോട്ടുകൾ എത്തുന്നത്. കഴിഞ്ഞ മൂന്നു ദിവസമായി ഈ പ്രവൃത്തി തുടരുകയാണ്.

ഇവിടെയുള്ള മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും പണിയില്ലാതെയിരിക്കുമ്പോഴാണ് തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ വച്ച് മത്സ്യം പാക്ക് ചെയ്ത് കയറ്റിക്കൊണ്ടു പോകുന്നത്. നിലനിൽക്കുന്ന മാനദണ്ഡങ്ങളൊന്നും പാലിക്കാതെയാണ് ഇത് നടക്കുന്നത്. ശനിയാഴ്ച വെള്ളിയാഴ്ച എത്തിയ ഒരു ബോട്ടിൽ ഉണ്ടായിരുന്ന കേടായ മത്സ്യം ഹെൽത്ത് ഡിപ്പാർട്മെന്റിന്റെ സാന്നിധ്യത്തിൽ കുഴിച്ചുമൂടി. മുരുക്കുംപാടത്ത് ബോട്ടുകൾ അടുത്തതോടെ അനധികൃതമായി തടിച്ചുകൂടിയവരെ ഞാറക്കൽ പൊലീസ് എത്തി ഒഴിവാക്കിയിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികൾ മാത്രമുള്ള ഈ ബോട്ടുകൾ ലോക്ക് ഡൗണിനു മുമ്പ് മത്സ്യബന്ധനത്തിനു പോയതാണെന്നും അതിനാലാണ് അവർക്ക് അടുക്കാൻ അനുമതി നൽകിയതെന്നുമാണ് ബന്ധപ്പെട്ടവർ പറയുന്നത്.

ഇതിനിടെ പ്രതിഷേധം വ്യാപകമായതോടെ വെള്ളിയാഴ്ച രാവിലെ വൈപ്പിൻ തീരത്ത് അധികൃതർ ക്യാംപ് ചെയ്തിരുന്നു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്റ്റർ പി. മാജോ ജോസ്, വൈപ്പിൻ ഫിഷറീസ് കേന്ദ്രം അസി. ഡയറക്റ്റർ പി. അനീഷ് എന്നിവരുടെ നേതൃത്വതിൽ മുതൽ ഇത്തരം ബോട്ടുകൾ വരുന്നുവെന്ന വിവരം ലഭിച്ചതിനെ നിരീക്ഷണം നടത്തിയിരുന്നു. തുടർന്ന് മത്സ്യവുമായി വന്ന 13 ബോട്ടുകൾ തിരിച്ചയക്കുമെന്നും ഇവർ അറിയിച്ചു. ഇനിമുതൽ വരുന്ന ബോട്ടുകൾ തീരത്ത് അടുപ്പിക്കില്ലെന്നും ഇത് സംബന്ധിച്ച് അധികൃതർ ഉത്തരവ് ഇറക്കിയതായും ഇവർ പറഞ്ഞു.

കൊറോണ നിരീക്ഷണ വാർഡിൽ നിന്നു ജയിൽ ചാടി

കണ്ണൂർ: കണ്ണൂർ സെൻട്രൽ ജയിലിലെ കൊറോണ നിരീക്ഷണ വാർഡിൽ നിന്നും തടവുകാരൻ ജയിൽ ചാടി. യുപി ആമീർപുർ സ്വദേശി അജയ് ബാബുവാണ് ജയിൽ ചാടിയത്. ജയിലിലെ കൊറോണ ഐസോലേഷൻ വാർഡിൽ നിന്നാണ് ഇയാൾ രക്ഷപ്പെട്ടത്. കാസർഗോഡ് കാനറാ ബാങ്കിൽ മോഷണം നടത്തിയ കേസിലെ പ്രതിയാണ് അജയ് ബാബു.

മാർച്ച് 25നാണ് കാസർഗോഡ് നിന്നും അജയ്ബാബുവിനെ കണ്ണൂർ സെൻട്രൽ ജയിലിലെത്തിച്ചത്. കൊറോണ വൈറസ് ബാധിത മേഖലയായ കാസർഗോഡ് നിന്ന് കൊണ്ടുവന്നതിനാൽ ജയിലിലെ നിരീക്ഷണ വാർഡിലേക്ക് ഇദ്ദേഹത്തെ മാറ്റുകയായിരുന്നു.

നോർക്ക ഇടപെടൽ; ഹെയ്ത്തിയിലെ മലയാളികൾക്ക് ആശ്വാസം

തിരുവനന്തപുരം: കരീബിയൻ രാജ്യമായ ഹെയ്ത്തിയിലെ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ വംശജർ സുരക്ഷിതരാണെന്ന് ഹെയ്ത്തിയിലെ ഇന്ത്യൻ കൗൺസിൽ ജനറൽ അറിയിച്ചു. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഹെയ്ത്തിയിലുള്ള ഇന്ത്യക്കാർക്ക് സാധ്യമായ എല്ലാ ചികിത്സാ, സുരക്ഷാ സഹായവും ഉറപ്പാക്കുമെന്ന് ഹെയ്ത്തി പ്രധാനമന്ത്രി ഉറപ്പുനൽകി.

കേരളം ഹെയ്ത്തിയിലെ ഇന്ത്യൻ കൗൺസിൽ ജനറൽ വഴിനടത്തിയ അഭ്യർഥനയ്ക്കാണ് ഇന്ന് അനുകൂല മറുപടി ലഭ്യമായത്. ഇന്ത്യൻ ഒദ്യോഗിക പ്രതിനിധി പ്രതിദിനം വിവരങ്ങൾ ഹെയ്ത്തി ഭരണാധികാരികളെ അറിയിക്കുന്നതിനും വൈദ്യസഹായം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടിയും കൈക്കൊണ്ടിട്ടുള്ളതായി നോർക്കയ്ക്ക് ലഭിച്ച മറുപടി കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹെയ്ത്തി അധികൃതർ എടുത്ത നടപടികളിൽ ഇന്ത്യൻ അസോസിയേഷനും മലയാളി ഫെഡറേഷനും സംതൃപ്തരാണെന്ന് നോർക്ക സിഇഒ ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു.

ഡ്രോൺ ഉപയോഗിച്ച് നടത്തുന്ന നിരീക്ഷണം സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ പൊലീസ് ആസ്ഥാനത്ത് അവലോകനം ചെയ്യുന്നു. എഡിജിപി മനോജ് എബ്രഹാം സമീപം.

ഡ്രോൺ നിരീക്ഷണം; ഡിജിപി അവലോകനം ചെയ്തു

തിരുവനന്തപുരം: ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഡ്രോൺ ഉപയോഗിച്ച് കേരള പൊലീസ് സംസ്ഥാന വ്യാപകമായി നടത്തുന്ന നിരീക്ഷണം ഡിജിപി ലോക്നാഥ് ബെഹ്റ തിരുവനന്തപുരത്ത് അവലോകനം ചെയ്തു. നിയന്ത്രണങ്ങൾ മറികടന്ന് പുറത്തിറങ്ങുന്നവരെ കണ്ടെത്തുന്നതിനാണ് കഴിഞ്ഞ ഏതാനും ദിവസമായി പൊലീസ് ഡ്രോൺ ഉപയോഗിച്ചുവരുന്നത്. ജനം കൂട്ടംകൂടുന്നതും വാഹനങ്ങളുടെ നീക്കവും മനസിലാക്കാൻ ഡ്രോണിൽ നിന്നുള്ള ദൃശ്യങ്ങൾ പൊലീസിന് ഏറെ സഹായകമായി. സംസ്ഥാനത്തെ തീരദേശങ്ങളുടെ നിരീക്ഷണത്തിനും ഡ്രോൺ ഉപയോഗിച്ചുവരുന്നു. കേരള പൊലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ വിവിധ ഡ്രോൺ അസോസിയേഷനുകളുമായി ചേർന്നാണ് നിരീക്ഷണം നടത്തുന്നത്. 300 ൽ പരം ഡ്രോണുകളാണ് ഇതിനായി പൊലീസ് ഉപയോഗിച്ചു വരുന്നത്. അതേസമയം, ലോക്ക്ഡൗൺ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്നലെ 1991 പേർക്കെതിരേ കേസെടുത്തു. വിവിധ കേസുകളിലായി 1949 പേർ അറസ്റ്റിലായപ്പോൾ 1477 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

ലോക്ക് ഡൗൺ; എം പാനലുകാർക്ക് ശമ്പളം ലോക്ക്ഡ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സ്വകാര്യ മേഖലയിൽ പണിയെടുക്കുന്നവർക്കടക്കം ലോക്ക് ഡൗൺ കാലത്ത് ശമ്പളം ലഭ്യമാകുമ്പോൾ എം പാനൽ ജീവനക്കാരെ അവഗണിച്ച് കെഎസ്ആർടിസി. മറ്റ് ജീവനക്കാർക്ക് അക്കൗണ്ടിലും എംപാനലുകാർക്ക് ഡിപ്പോകളിൽ നിന്നും നേരിട്ടുമാണ് ശമ്പളം നൽകുന്നത്. എന്നാൽ സ്ഥിരം ജീവനക്കാർക്കെല്ലാം പണം അക്കൗണ്ടിലെത്തിയിട്ടും താൽക്കാലിക ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. എംപാനൽ ഡ്രൈവർക്ക് 500 രൂപയും കണ്ടക്റ്റർക്ക് 480 രൂപയുമാണ് ഒരു ഡ്യൂട്ടിക്ക് കിട്ടുന്ന വേതനം. കോവിഡ് ഭീതി കാരണം യാത്രക്കാർ കുറഞ്ഞതോടെ പത്താം തീയതി മുതൽ കെഎസ്ആർടിസി സർവീസുകളുടെ എണ്ണം പകുതിയായി കുറച്ചു. ഇതോടെ എംപാനലുകാർക്ക് ജോലി ഇല്ലാതായി. ലോക്ഡൗൺ കാരണം 24ന് കെഎസ്ആർടിസി അടച്ചതോടെ ജീവനക്കാരും വീടുകളിൽ ഒതുങ്ങി. മറ്റുള്ളവരെപ്പോലെ ലോക്ഡൗൺ ദിനങ്ങൾ ഡ്യൂട്ടിയായി കണക്കാക്കി ശമ്പളം നൽകുമെന്നായിരുന്നു ഇവരുടേയും പ്രതീക്ഷ.

എന്നാൽ പത്താം തീയതിക്ക് മുമ്പ് കിട്ടിയ ചുരുക്കം ഡ്യൂട്ടിയുടെ വേതനം മാത്രമാണ് ഇവർക്ക് കൊടുത്തത്. ലോക്ഡൗൺ കാലത്തെ മുഴുവൻ ശമ്പളവും നൽകാൻ ഫണ്ടില്ലെന്നാണ് കെഎസ്ആർടിസി വിശദീകരണം. ഈ രീതിയിൽ നൽകാൻ മാത്രം 73 കോടി രൂപ വേണം. 70 കോടി മാത്രമാണ് സർക്കാർ നൽകിയത്. മാത്രമല്ല അധിക ശമ്പളം നൽകാൻ ആരും നിർദേശം നൽകിയിട്ടുമില്ലെന്നാണ് ധനകാര്യ വിഭാഗം പറയുന്നത്. പതിനഞ്ചാം തീയതി വരെയുള്ള ഹാജർ കണക്കാക്കി നിശ്ചയിക്കുന്നതിനാൽ സ്ഥിരം ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടില്ല. അധിക ശമ്പളം നൽകാൻ നിർദേശം നൽകിയിട്ടില്ലെന്ന് ധനകാര്യ വിഭാഗവും വ്യക്തമാക്കുന്നു. അതേസമയം, മാർച്ച് മാസത്തിൽ ഡ്യൂട്ടി ചെയ്തവർക്കെങ്കിലും സർവീസ് നിർത്തിവെച്ചതിന് ശേഷമുള്ള ബാക്കി ദിവസം ഡ്യൂട്ടിയായി കണക്കാക്കി ശമ്പളം നൽകണമെന്ന ആവശ്യവുമായി ഭരണപക്ഷ തൊഴിലാളി യൂണിയനായ സിഐടിയു -പ്രതിപക്ഷ യൂണിയൻ ഐഎൻടിയുസി-കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയ്സ് സംഘ് തുടങ്ങിയവരും രംഗത്തെത്തിയിട്ടുണ്ട്.

അതിഥി തൊഴിലാളികളുടെ ഭക്ഷ്യധാന്യ വിതരണം കൺസ്യൂമർഫെഡിലൂടെ മാത്രം; സപ്ലൈകോ പുറത്ത്

അദ്വൈത് ഹരിപ്പാട്

ഹരിപ്പാട്: ലോക് ഡൗണിന്റെ തുടക്കത്തിൽ സംസ്ഥാനത്ത് ഏറെ വിവാദങ്ങൾക്ക് വഴിമരുന്നിട്ട അതിഥി തൊഴിലാളികളുടെ അസംതൃപ്തിക്കും പ്രതിഷേധത്തിനും കാരണമായ അവശ്യ സാധനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ ധൃതി പിടിച്ചെടുത്ത തീരുമാനം പലയിടത്തും ഭക്ഷ്യധാന്യ ദൗർലഭ്യത്തിനു കാരണമാകുന്നതായി പരാതി. നിലവിൽ സംസ്ഥാന സഹകരണ കൺസ്യൂമർ മാർക്കറ്റിങ് ഫെഡറേഷനാണ് (കൺസ്യൂമർഫെഡ്) അവശ്യസാധനങ്ങൾ നൽകുവാനുള്ള ചുമതല നൽകിയിരിക്കുന്നത്. ഇവർക്കാകട്ടെ സംസ്ഥാനത്ത് കാര്യമായ പ്രവർത്തന ശൃംഖലയില്ല.

പല ജില്ലകളിലും ഒന്നോ രണ്ടോ ഗോഡൗണുകൾ മാത്രമാണുള്ളത്. ഇവിടെ നിന്നു വേണം ജില്ലകളുടെ വിവിധ ഭാഗങ്ങളിലേക്ക് അവശ്യ സാധനങ്ങൾ എത്തിക്കുവാൻ. അതിഥി തൊഴിലാളികൾക്കു പ്രധാനമായും വേണ്ട അരി, പരിപ്പ്, പാം ഓയിൽ, മഞ്ഞൾപ്പൊടി ഇവ വേണ്ടത്ര വിതരണം ചെയ്യുവാൻ കൺസ്യൂമർ ഫെഡിനാകുന്നില്ല. ദാൽ തയാറാക്കുവാൻ വേണ്ട പരിപ്പ് പലയിടത്തും സ്റ്റോക്കില്ല. വെളിച്ചെണ്ണ ആവശ്യത്തിന് നൽകാൻ കൺസ്യൂമർ ഫെഡ് തയാറാണ്. എന്നാൽ അതിഥി തൊഴിലാളികൾക്കാവശ്യം പാം ഓയിലാണ്. അതേ പോലെ നല്ല മുളകുപൊടി കൺസ്യൂമർ ഫെഡിൽ ആവശ്യത്തിന് സ്റ്റോക്കുണ്ട്. അതിഥി തൊഴിലാളികൾ മുളകുപൊടി വളരെ കുറച്ച് മാത്രമാണ് ഉപയോഗിക്കുന്നത്. ഇവർക്കു കൂടുതലായി വേണ്ടത് മഞ്ഞൾപ്പൊടിയാണ്. ഇതു മൂലം ഇവർക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കാൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള റവന്യൂ-തൊഴിൽ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഫലത്തിൽ വിഷമവൃത്തത്തിലാണ്.അതേപോലെ കൺസ്യൂമർ ഫെഡിൽ നിത്യോപയോഗ സാധനങ്ങൾക്ക് സപ്ലൈകോയുമായി തട്ടിച്ചു നോക്കുമ്പോൾ വിലയിൽ വലിയ അന്തരമാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിൽ അതിഥി തൊഴിലാളികളുടെ കണക്കെടുപ്പ് പുരോഗമിക്കുമ്പോഴും ഇവർക്ക് അവശ്യസാധനങ്ങളെത്തി ക്കുവാൻ പലയിടത്തും ഉദ്യോഗസ്ഥർക്കാവുന്നില്ല. പോയ വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങളും മറ്റും ഉണ്ടാകുമ്പോൾ സർക്കാർ ക്യാമ്പുകളുടെയും മറ്റും ചുമതല ഏൽപ്പിക്കുക റവന്യൂ വകുപ്പിനെയായിരുന്നു. എന്നാൽ പായിപ്പാട്ട് അതിഥി തൊഴിലാളികൾ തെരുവിലിറങ്ങിയപ്പോൾ ഇവരുടെ പ്രശ്ന പരിഹാരത്തിന് പ്രധാന ചുമതല നൽകിയത് തൊഴിൽ വകുപ്പിനാണ്. റവന്യൂ വകുപ്പിനെപോല താഴേത്തട്ടിൽ മുതൽ ശക്തമായ ഉദ്യോഗസ്ഥ സംവിധാനവും ഒപ്പം പ്രവർത്ത പരിചയവുമില്ലാത്ത തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പല സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകാതെ നട്ടം തിരിയുകയാണ്.ഇതുപോലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) ഏൽപ്പിച്ചിരുന്നെങ്കിൽ താലൂക്ക് കേന്ദ്രങ്ങളിലടക്കം ഗോഡൗൺ സൗകര്യങ്ങളുള്ള സപ്ലൈകോയ്ക്ക് കൃത്യമായി അവശ്യസാധന വിതരണം നടത്തുവാൻ കഴിയുമായിരുന്നു.

തുടക്കത്തിൽ അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ കിറ്റുകളിലാക്കി നൽകുവാനായിരുന്നു തീരുമാനം. എന്നാൽ കൺസ്യൂമർ ഫെഡിൽ വേണ്ടത്ര ജീവനക്കാരില്ലാത്തിനാൽ കിറ്റുകൾ തയാറാക്കി നൽകുവാൻ അവർക്കായില്ല. ഇതേ തുടർന്ന് പല സ്ഥലങ്ങളിലും ഭക്ഷ്യധാന്യങ്ങൾ കൃത്യമായി എത്തിക്കാൻ കഴിയാതെ വന്നതാണ് പുതിയ പ്രതിഷേധങ്ങൾക്ക് കാരണമായത്. പ്രശ്ന പരിഹാരത്തിന് അടിയന്തരമായി സപ്ലൈകോയെ കൂടി ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് ചുമതലപ്പെടുത്തണമെന്ന ആവശ്യം ശക്തമാണ്.

ഓൺലൈൻ ഭക്ഷണ ഓർഡറുകൾ രാത്രി എട്ടു വരെ അനുമതി

തിരുവനന്തപുരം:ഹോട്ടലുകൾ, ടേക്ക് എവേ കൗണ്ടറുകൾ എന്നിവയ്ക്ക് ഓൺലൈൻ ഭക്ഷണ ഓർഡറുകൾ വിതരണം ചെയ്യുന്നതിന് രാത്രി എട്ടു മണി വരെ സർക്കാർ അനുമതി നൽകി.ഓൺലൈനിലല്ലാതെയുള്ള വിൽപന വൈകിട്ട് അഞ്ച്മണിക്ക് തന്നെ അവസാനിപ്പിക്കണം. രാത്രി ഒൻപത് മണിക്കകം ഓൺലൈൻ ഭക്ഷണം വീടുകളിലെത്തിക്കുന്നവർ പ്രവർത്തനം അവസാനിപ്പിച്ചിരിക്കണമെന്നും ഉത്തരവിലുണ്ട്.

53 ഒമാനികളെ കൊണ്ടുപോകാൻ ഒമാൻ എയർ എത്തി

കൊച്ചി: സംസ്ഥാനത്ത് കുടുങ്ങിയ ഒമാൻ പൗരന്മാരുമായി നെടുമ്പാശേരി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് മസ്കറ്റിലേക്ക് വിമാനം. ഇന്നലെ ഉച്ചയ്ക്കു രണ്ടോടെയാണ് ഒമാൻ എയർ നെടുമ്പാശേരിയിൽ നിന്നു പുറപ്പെട്ടത്.

ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിൽ കുടുങ്ങിയ ഒമാൻ സ്വദേശികളായിരുന്നു യാത്രക്കാർ. ചികിത്സയ്ക്കായി എത്തിയ 53 ഒമാൻ സ്വദേശികളാണ് കൊച്ചിയിൽ കുടുങ്ങിയത്. കർശനമായ ആരോഗ്യ പരിശോധനക്കു ശേഷമാണു വിമാനത്തിൽ കയറ്റിയത്.

ആയുർവേദ ചികിത്സ അടക്കം വിവിധ ചികിത്സകൾക്കായി മാർച്ച് ആദ്യ ആഴ്ചയിൽ കൊച്ചിയിലെത്തിയവരാണ് എല്ലാവരും.നിരീക്ഷണ കാലാവധി കഴിഞ്ഞ ശേഷം ഒമാൻ എംബസി ഇടപെട്ടാണ് ഇവരെ തിരിച്ചടയച്ചത്. ഇന്ത്യയിൽ കുടുങ്ങിയ ഫ്രഞ്ച് പൗരന്മാരെ നാട്ടിൽ എത്തിക്കാനായി എയർ ഇന്ത്യയുടെ വിമാനം നാളെ കൊച്ചിയിൽ നിന്നും സർവീസ് നടത്തും.

രോഗം 'ഇരന്നുവാങ്ങി'; തുറന്നുപറഞ്ഞ് ജർമൻ മേയർ

ബർലിൻ: കൊവിഡ് 19നെ തുരത്താൻ ലോകം കൂട്ടായി ശ്രമിക്കുമ്പോൾ വൈറസ് ബാധിച്ച പങ്കാളിയോട് മനഃപൂർവം അടുത്തിടപഴകി രോഗം സ്വീകരിച്ച് ജർമനിയിലെ മേയർ സ്റ്റെഫാൻ വോൻ ഡാസൽ. ഒരു മാധ്യമത്തോടു സംസാരിക്കവെയാണ് മധ്യ ബർലിനിലെ മിറ്റെയുടെ മേയർ ഡാസൽ ഇക്കാര്യം വെളിപ്പെടുത്തിയത്. എന്നാൽ, ഇപ്പോൾ ഇതു വേണ്ടായിരുന്നെന്നു തോന്നുന്നുണ്ടെന്നും അദ്ദേഹം.

ഒരിക്കൽ രോഗം ബാധിച്ചാൽ ശരീരത്തിനു സ്വയം പ്രതിരോധശേഷി ലഭിക്കുമെന്നു കരുതിയാണു ഞാനിതു ചെയ്തത്. മൂന്നോ നാലോ ദിവസത്തെ അസ്വാസ്ഥ്യമാണു ഞാൻ പ്രതീക്ഷിച്ചത്. അതുകഴിഞ്ഞാൽ എല്ലാം ഭേദമാകുമെന്നും 14 ദിവസത്തിനുശേഷം സാധാരണ ജീവിതത്തിലേക്കു മടങ്ങാമെന്നും കരുതി. പക്ഷേ, രോഗം ഞാൻ കരുതിയതിലും ഗൗരവമുള്ളതാണ്. ദിവസങ്ങൾ നീണ്ടിട്ടും കുറഞ്ഞില്ല- അമ്പത്തിമൂന്നുകാരനായ മേയർ പറഞ്ഞു.

മേയറുടെ പങ്കാളിക്കാണ് ആദ്യം രോഗം ബാധിച്ചത്. ഇതോടെ, ഹോട്ടലിലേക്കു താമസം മാറ്റാനും 14 ദിവസം സമ്പർക്ക വിലക്കിൽ കഴിയാനും ഇദ്ദേഹത്തോടു ഡോക്റ്റർ നിർദേശിച്ചിരുന്നു. എന്നാൽ, ഇത് അവഗണിച്ച് വീട്ടിൽത്തന്നെ കഴിഞ്ഞു ഡാസൽ.

നിയന്ത്രണങ്ങൾ മറികടന്ന് ബംഗാളിൽ രാമനവമി ആഘോഷം

കോൽക്കത്ത: അടച്ചുപൂട്ടൽ നിയന്ത്രണങ്ങൾ അവഗണിച്ച് പശ്ചിമ ബംഗാളിലെ ക്ഷേത്രങ്ങളിൽ രാമനവമി ആഘോഷം. കൊവിഡ് 19 വ്യാപിക്കുന്ന പശ്ചാത്തലത്തിൽ സർക്കാരും വിവിധ ക്ഷേത്ര സമിതികളും വിഎച്ച്പിയുൾപ്പെടെ പരിവാർ സംഘടനകളും ആഘോഷങ്ങൾ പാടില്ലെന്നു നിർദേശിച്ചിരുന്നെങ്കിലും ഇവയൊക്കെ അവഗണിച്ചെത്തുകയായിരുന്നു വൻ ജനക്കൂട്ടം. പലയിടത്തും തടയാൻ ശ്രമിച്ച പൊലീസിനു നേരേ ആക്രമണമുണ്ടായി.

കോൽക്കത്തയിലെ ബലിയഘട്ട, മണിക്താല ക്ഷേത്രങ്ങൾക്കു മുന്നിൽ എല്ലാ നിയന്ത്രണങ്ങളും മറികടന്ന് ജനങ്ങളുടെ നീണ്ട നിര കാണാമായിരുന്നു.

ജനങ്ങളെത്തുന്നതു തടയാൻ നിരവധി ക്ഷേത്രങ്ങൾ നേരത്തേ തന്നെ കവാടം അടച്ചെങ്കിലും കൊവിഡിനെതിരേ പ്രാർഥിക്കാനെന്നു പറഞ്ഞു ജനങ്ങൾ മതിലിനു പുറത്ത് കൂടിനിന്നു. പടിഞ്ഞാറൻ മിഡ്നാപുരിലെ ഗോൾത്തോറിൽ ക്ഷേത്രത്തിലേക്കു പോയവരെ തിരിച്ചയയ്ക്കാൻ ശ്രമിച്ച പൊലീസിനു നേരേ ആക്രമണമുണ്ടായി. രണ്ടു പൊലീസുകാർ ആശുപത്രിയിലാണ്. പൊലീസ് വാഹനങ്ങളും തകർത്തു. ബീർഭൂമിൽ റേഷൻ സാധനങ്ങൾ തീർന്നു പോയതിൽ പ്രകോപിതരായ ജനക്കൂട്ടം കടയുടമയെ മർദിച്ചു.



"കണ്ടതൊന്നുമല്ല, കാണാനിരിക്കുന്നതാണു ഭീകരം"

- രോഗബാധിതരുടെ എണ്ണം ഒരു കോടി
- മരണസംഖ്യ രാജ്യങ്ങൾ മറച്ചുവയ്ക്കുന്നു
- കൊവിഡ് രണ്ടാം വരവിനു സാധ്യതയേറുന്നു

സിഡ്നി: ലോകത്ത് കൊവിഡ് 19 ബാധിച്ചവരുടെ എണ്ണവും രോഗം മൂലം മരിച്ചവരുടെ എണ്ണവും ഇപ്പോൾ കാണുന്നതുപോലെയല്ലെന്നും യഥാർഥ കണക്ക് അതിഭയാനകമാണെന്നും ഓസ്ട്രേലിയൻ ചീഫ് മെഡിക്കൽ ഓഫിസർ ബ്രൻഡൻ മർഫി. രോഗബാധിതരുടെ എണ്ണം പത്തു ദശലക്ഷം (ഒരുകോടി) വരുമെന്നാണ് അദ്ദേഹത്തിന്റെ നിഗമനം.

ചൈന, യുഎസ് അടക്കമുള്ള രാജ്യങ്ങളിൽ കൊവിഡ് ബാധിച്ചവർക്കെല്ലാം കൃത്യമായ രോഗനിർണയ പരിശോധന നടന്നിട്ടില്ല. ഇപ്പോൾ രോഗം സ്ഥിരീകരിച്ചെന്ന് അവകാശപ്പെടുന്നവരെല്ലാം രോഗലക്ഷണങ്ങളുമായി ചികിത്സാ സഹായം തേടിയവരാണ്. എന്നാൽ ഈ ലക്ഷണങ്ങളൊന്നുമില്ലാത്ത നിരവധി പേർ മരിക്കുകയും അവരുടെ സ്രവങ്ങൾ കൊവിഡ് 19 പോസിറ്റിവ് ആണെന്നു കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിലാണ് ഓസ്ട്രേലിയൻ മെഡിക്കൽ സംഘത്തിന്റെ തലവൻ കൂടിയായ മർഫിയുടെ നിഗമനം. ചൈനയിലെ വുഹാനിൽ മാത്രം മരണ സംഖ്യ 43,000 കവിയുമെന്നു ചില പ്രാദേശിക മാധ്യമങ്ങളെ ഉദ്ധരിച്ചു റിപ്പോർട്ടുകളുണ്ടായിരുന്നു.

ഇറ്റലി, സ്പെയ്ൻ, യുഎസ്, യുകെ തുടങ്ങിയ രാജ്യങ്ങളിലെ ആശുപത്രികൾക്കു കൊവിഡ് ബാധിതരെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്നില്ല. നിലവിൽ ചികിത്സയിലുള്ളതിന്റെ അനേകമിരട്ടി ആളുകൾ ഒരു ചികിത്സയും കിട്ടാതെ പുറത്തുണ്ട്. അവരിലൂടെ സമൂഹവ്യാപനത്തിനുള്ള സാധ്യത വളരെയാണ്. കൂടാതെ, സാമ്പത്തിക മേധാവിത്വം പിടിച്ചടക്കാനുള്ള ചൈനീസ് നീക്കത്തിന്റെ ഭാഗമായുള്ള നിയന്ത്രണം നീക്കൽ വീണ്ടുമൊരിക്കൽക്കൂടി കൊവിഡ് പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത വർധിപ്പിക്കുന്നതായും വിമർശനം ഉയരുന്നു.

ചൈനയടക്കം എല്ലാ രാജ്യങ്ങളിലും കൊവിഡ് ബാധിതരുടെ പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ആഗോള തലത്തിൽ ഇവരുടെ എണ്ണം പതിനൊന്നു ലക്ഷത്തിലേക്കു കുതിക്കുകയാണ്. മരണസംഖ്യ 53,000 കടന്നു. അടുത്ത ഏതാനും മാസങ്ങൾ കൂടി കൊവിഡ് വ്യാപനം തുടരും. ഫലപ്രദമായ പ്രതിരോധ വാക്സിൻ കണ്ടെത്താൻ ചുരുങ്ങിയത് ഒരു വർഷമെങ്കിലും കാത്തിരിക്കണമെന്നും ലോകാരോഗ്യ സംഘടന പറയുന്നു. അപ്പോഴേക്കും ഉൾപ്പരിവർത്തനം (മ്യൂട്ടേഷൻ) സംഭവിക്കുന്ന കൊവിഡിന്റെ പ്രഹരശേഷി വർധിക്കുമെന്നും അവർ ആശങ്കപ്പെടുന്നു.

ബ്രൻഡൻ മർഫി

യുഎസിൽ മാത്രം മേയ് പകുതിയോടെ 24 ലക്ഷം പേർക്കു കൊവിഡ് ബാധിക്കുമെന്നാണു കരുതുന്നത്. മരണസംഖ്യ ഒരു ലക്ഷം മുതൽ 2.4 ലക്ഷം വരെയാകാനുള്ള സാധ്യതയുണ്ടെന്നു തുറന്നു സമ്മതിക്കുന്നുണ്ട്, പ്രസിഡന്റ് ട്രംപ്. നിലവിൽ മരണസംഖ്യയിൽ മുന്നിട്ടു നിൽക്കുന്ന ഇറ്റലിയും സ്പെയ്നും കൊവിഡ് പ്രതിരോധത്തിൽ ഒട്ടും വിജയിച്ചിട്ടില്ല. ഓരോ ദിവസവും പുതിയ കേസുകൾ വർധിക്കുകയാണ്. ഇതെല്ലാം വിലയിരുത്തിയാണു ഡോ. മർഫിയുടെ പ്രവചനം.

ചൈനയിൽ വീണ്ടും വൈറസ് വ്യാപനമെന്ന് സൂചന

കൊവിഡ് 19ന്റെ ഉറവിടമെന്നു സംശയിക്കുന്ന ചൈനയിലെ ഹൂബി പ്രവശ്യയിൽ വീണ്ടും വൈറസ് പൊട്ടിത്തെറി സംശയിക്കുന്നു. ആറു ലക്ഷം പേരെ ഇവിടെ വീണ്ടും ലോക്ക് ഡൗൺ ചെയ്തു. ഈ മേഖലയിൽ ഈ മാസം എട്ടു വരെ നിയന്ത്രണങ്ങളുണ്ടെങ്കിലും വിദേശ പൗരന്മാർക്കടക്കം ഉണ്ടായിരുന്ന യാത്രാവിലക്കിൽ ഇളവുകൾ വരുത്തിയിട്ടുണ്ട്. പ്രധാന രാജ്യങ്ങളിൽ നിന്നെല്ലാം ആഴ്ചയിൽ ഒരു വിമാനം ചൈനയിലേക്കും തിരിച്ചും പറക്കാനുള്ള അനുമതി നൽകിക്കഴിഞ്ഞു. പുറത്തു നിന്നു വരുന്നവർ 14 ദിവസത്തെ ക്വാറന്റൈനിൽ കഴിയണമെന്നു മാത്രം.

ചൈനയിലെ മിക്ക ഫാക്റ്ററികളിലും ഉത്പാദനം തുടങ്ങി. സർവകലാശാലകളും തുറന്നിട്ടുണ്ട്. ഇതൊക്കെ ജനസമ്പർക്കം കൂട്ടുന്ന നടപടികളാണ്. കൊവിഡ് പ്രതിരോധം പൂർണമാകാത്ത സാഹചര്യത്തിലും പ്രതിരോധ വാക്സിൻ കണ്ടെത്താത്തതും വീണ്ടും വൈറൽ വ്യാപനത്തിനു സാധ്യത വളർത്തുന്നു. സാമ്പത്തിക വളർച്ചയിൽ വിട്ടുവീഴ്ച കാണിക്കാതെ, മാനുഷിക പരിഗണനയ്ക്ക് ചൈന അയവു വരുത്തുകയാണെന്നാണു വിമർശനം.

അതിനിടെ, ലോക് ഡൗൺ വ്യവസ്ഥകൾ ലംഘിക്കുന്നവരെ കാണുന്ന മാത്രയിൽ വെടിവച്ചു വീഴ്ത്താൻ ഫിലിപ്പീൻസിൽ പ്രസിഡന്റ് റൊഡ്രിഗോ ദത്തർത്തെ ഉത്തരവിട്ടതായി അൽ ജസീറ റിപ്പോർട്ട് ചെയ്തു. യുഎഇയിൽ റസിഡന്റ് വിസ ഉള്ളവരും രാജ്യത്തിനു പുറത്തുള്ളവരുമായ വിദേശികൾക്ക് അടുത്ത രണ്ടാഴ്ചത്തേക്കു കൂടി പ്രവേശനാനുമതി നിഷേധിച്ചതായി വിദേശ മന്ത്രാലയം അറിയിച്ചു. ഇവർ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യണം. രണ്ടാഴ്ചയ്ക്കു ശേഷം അന്നത്തെ സാഹചര്യങ്ങൾ പരിശോധിച്ചു തീരുമാനത്തിൽ മാറ്റം വരുത്തുമെന്നും വിദേശ വക്താവ് അറിയിച്ചു.

ഇന്ത്യയ്ക്കുള്ള പാഠങ്ങൾ

പത്തു ലക്ഷം കവിഞ്ഞു ലോകത്ത് കൊവിഡ് 19 രോഗികളുടെ എണ്ണം. നാലിലൊന്നും യുഎസിൽ. മരണം അരലക്ഷം കടക്കുമ്പോൾ മൂന്നിൽ രണ്ടും യൂറോപ്പിൽ. ജനസംഖ്യയിലും ജനസാന്ദ്രതയിലും മുന്നിലായിട്ടും പിടിച്ചുനിൽക്കാനായിട്ടുണ്ട് ഇന്ത്യയ്ക്ക് ഇതേവരെ. രോഗം റിപ്പോർട്ട് ചെയ്ത് ഒരു മാസത്തിലേറെ പിന്നിടുമ്പോഴും രോഗബാധിതരുടെ എണ്ണവും മരണസംഖ്യയും ഭീതിദമായിട്ടില്ല. എന്നാൽ, നമുക്ക് ഇനിയും ഏറെ ദൂരം മറികടക്കേണ്ടതുണ്ടെന്നാണ് ആരോഗ്യവിദഗ്ധരുടെ മുന്നറിയിപ്പ്. തുടങ്ങിയിട്ടേയുള്ളൂ നാം. രോഗത്തിന്റെ പ്രഭവകേന്ദ്രമായ വുഹാനിൽ നിയന്ത്രണങ്ങൾക്ക് ഇളുവകളായതോടെ വൈറസിന്റെ രണ്ടാംവരവ് സാധ്യത ശക്തമായിട്ടുണ്ട്. അടച്ചുപൂട്ടൽ കൊണ്ടു മാത്രം തുരത്താനാവില്ല വൈറസിനെ എന്നതാണ് ഇതു വ്യക്തമാക്കുന്നതെന്നും ആരോഗ്യ വിദഗ്ധർ.

മനുഷ്യരാശിക്ക് ഇതു പുതിയ അനുഭവമാണ്. രോഗവും പുതുതാണ്. അടച്ചുപൂട്ടൽ മാത്രമല്ല, രോഗനിയന്ത്രണത്തിനു പോംവഴികൾ. ഓരോ രാജ്യവും പരീക്ഷിച്ചത് ഓരോ മാർഗങ്ങളാണ്. നിസാരമായി കണ്ടവർ (യുഎസും ഇറ്റലിയും സ്പെയ്നും) ഇപ്പോൾ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ശ്രദ്ധ അടിയന്തരമായി പതിയേണ്ട കാര്യങ്ങളുണ്ടെന്നും ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

1. മുളയിലേ നുള്ളുക: ഏറ്റവും മികച്ച പ്രതിരോധമെന്നാൽ മുളയിലേ നുള്ളുക എന്നതു തന്നെയാണ്. അതിനു വേണ്ടത് വിപുലമായ പരിശോധന. രോഗം തുടക്കത്തിലേ കണ്ടെത്തി രോഗിയെ സമ്പർക്കവിലക്കിലാക്കിയാൽ പകുതി യുദ്ധം ജയിച്ചു. ഇക്കാര്യത്തിൽ ഇനിയും നമുക്കു ചെയ്യാനുണ്ട്.

2. സാമൂഹിക അകലം: ചുമയും മൂക്കൊലിപ്പുമുൾപ്പെടെയുള്ളവയിലൂടെ പകരുന്ന വൈറസിനെ തടയാൻ സാമൂഹിക അകലം പാലിച്ചേ മതിയാകൂ. 80 ശതമാനത്തോളം പേരിലും രോഗം ഒട്ടും ഗൗരവമില്ലാത്ത തോതിലാണു വന്നത്. ലക്ഷണങ്ങളും പ്രകടമായില്ല. അവിടെയാണ് സാമൂഹിക അകലത്തിനു പ്രസക്തി. ആൾക്കൂട്ടത്തിൽ ഒരു രോഗിയുണ്ടെങ്കിൽ രോഗപ്പകർച്ച എത്ര ഭീകരമാകുമെന്നതിന് ഡൽഹിയിലെ മർക്കസ് സമ്മേളനം തന്നെ ഉദാഹരണം. നേരിയ ആൾക്കൂട്ടമാണെങ്കിലും ഒഴിവാക്കാനാവില്ലെങ്കിൽ മാസ്ക് ധരിക്കുക. നിങ്ങൾക്ക് പനിയോ ചുമയോ ഉണ്ടെങ്കിൽ മാസ്ക് എപ്പോഴും നിർബന്ധം.

3. നിരന്തര പരിശോധന: ലക്ഷണങ്ങളില്ലാത്ത കൊവിഡ് രോഗിയെ തിരിച്ചറിയാൻ നിരന്തര പരിശോധന വേണം. ദക്ഷിണ കൊറിയയാണ് ഇക്കാര്യം ലോകത്തിനു കാണിച്ചുകൊടുത്തത്. നിരന്തര പരിശോധനയിലൂടെ ശ്രദ്ധിക്കപ്പെട്ടാത്ത രോഗികളെ അവർ തിരിച്ചറിഞ്ഞ് സമ്പർക്കവിലക്കിലാക്കി. അതിവേഗം രോഗപ്പകർച്ച തടഞ്ഞു.

4. സമഗ്ര നടപടി: പകർച്ചവ്യാധികളെ നേരിടുമ്പോൾ മാത്രമല്ല, ഏതു ദൗത്യവും വിജയിക്കണമെങ്കിൽ എല്ലാ കണ്ണികളും ശക്തമായിരിക്കണം. തുടക്കത്തിലേ കണ്ടെത്തുക, നിരന്തര പരിശോധന, സമ്പർക്ക വിലക്ക്, സാമൂഹിക അകലം, സുരക്ഷാ വസ്ത്രം തുടങ്ങിയവയെല്ലാം സംയോജിപ്പിച്ചു വേണം കൊവിഡിനെതിരായ യുദ്ധം. ഹോട്ട്സ്പോട്ടുകളിൽ മാത്രം പോരാ അടച്ചുപൂട്ടൽ. പുതിയ ഇടങ്ങളിലേക്കു രോഗം പടരാതിരിക്കാനും വേണം ശ്രദ്ധ. സാവധാനത്തിൽ ഓരോ ഇടങ്ങളിലായി ഏർപ്പെടുത്തുന്ന അടച്ചുപൂട്ടൽ കൊണ്ട് ഒരു ഫലവുമില്ല. യുഎസും ഇറ്റലിയും തന്നെ ഉദാഹരണം.

5. പിഴവുകളിൽ നിന്ന് തിരുത്തലിലേക്ക്: പിഴവുകൾ അതിവേഗം തിരിച്ചറിഞ്ഞു തിരുത്തുന്നതിലുമുണ്ട് കാര്യം. പൊതുജനാരോഗ്യ പരിശോധനാ സംവിധാനങ്ങൾ വഴി മാത്രമേ ഇതു നടപ്പാക്കാനാവൂ. ഇന്ത്യ പോലൊരു രാജ്യത്ത് ഓരോ സംസ്ഥാനത്തും ഓരോ മേഖലയിലും വ്യത്യസ്തമാണു കാര്യങ്ങൾ. ആരോഗ്യ സംവിധാനങ്ങളും ജനങ്ങളുടെ ജീവിതരീതിയും വ്യക്തിശുചിത്വ നിലവാരവുമെല്ലാം വ്യത്യസ്തമായിരിക്കും. ഡൽഹിയിലെ മാനദണ്ഡം തെലങ്കാനയിലോ തെലങ്കാനയിലേതു നാഗാലാൻഡിലോ പ്രാവർത്തികമാകണമെന്നില്ല. ഇക്കാര്യം തിരിച്ചറിഞ്ഞ് ഓരോ സംസ്ഥാനത്തിനുമുള്ള തന്ത്രങ്ങൾ അതിവേഗം ആവിഷ്കരിക്കേണ്ടതുമാണ്. .

ചൈനയിൽ ഒരു വെറ്റ് മാർക്കറ്റ് അടച്ചു

- വന്യജീവികളുടെ ഇറച്ചിവിൽപ്പന അവസാനിപ്പിക്കണമെന്ന് ചൈനയോട് ഓസ്ട്രേലിയ

ബീജിങ്: കൊവിഡ് 19 പടരുന്നതിനിടെ ചൈനയിലെ പ്രമുഖ നഗരമായ ഷെൻസെനിൽ കാട്ടുമൃഗങ്ങളുടെ ഇറച്ചിവിൽക്കുന്ന ചന്ത അടച്ചു. കാട്ടു മൃഗങ്ങളെയോ ഇവയുടെ മാംസമോ തത്കാലം വിൽക്കരുതെന്നാണ് നിർദേശം. മൃഗങ്ങളിൽ നിന്നാണ് കൊറോണ പടർന്ന് പിടിച്ചതെന്ന സംശയം ശക്തമായിരിക്കെയാണു നടപടി. കൊവിഡ് പടർന്നശേഷം ഇതാദ്യമാണു ചൈനയിൽ ഇത്തരമൊരു ചന്ത (വെറ്റ് മാർക്കറ്റ്) പൂട്ടുന്നത്.

വുഹാനിൽ കൊറോണ പടർന്ന് പിടിച്ചത് വവ്വാലുകൾ, പാമ്പുകൾ, വെരുകുകൾ എന്നിവയിലൂടെയാണ് നേരത്തെ റിപ്പോർട്ടുകൾ വന്നിരുന്നു. കഴിഞ്ഞ ദിവസം വന്ന റിപ്പോർട്ടിൽ ഈനാംപേച്ചിയുടെ ശരീരത്തിലും സമാനമായ വൈറസ് കണ്ടെത്തിയിട്ടുണ്ട്. രാജ്യത്തേക്ക് കള്ളക്കടത്തിലൂടെ കൊണ്ടുവരുന്ന ഈനാംപേച്ചികളിലാണ് ഇത്തരം വൈറസുകൾ കണ്ടിരുന്നത്. എന്നാൽ വെറ്റ് മാർക്കറ്റുകൾ കഴിഞ്ഞ ദിവസം തുറന്നതോടെ ഈനാംപേച്ചികളും മാർക്കറ്റിൽ സുലഭമായി ലഭിച്ചിരുന്നു. ഇതിനിടെയാണ് മേയ് ഒന്നുവരെ ഇവിടത്തെ ചന്ത അടച്ചുപൂട്ടിയത്.

നേരത്തേ, ഹോങ്കോങിലും തായ്‌വാനിലും സമാനമായ നടപടികളെടുത്തിരുന്നു. നിരന്തരമായി അഭ്യർഥനകൾ വന്നതുകൊണ്ടാണു നടപടിയെന്ന് ഷെൻസൻ മുനിസിപ്പൽ അധികൃതർ. ഏഷ്യയിൽ കാട്ടുമൃഗങ്ങളെ ഭക്ഷണത്തിനായി കൊല്ലുന്നതിൽ ഏറ്റവും മുന്നിലാണു ചൈന. കൂടാതെ മൂന്നു കോടി നായകളെയും വൻകരയിൽ പ്രതിവർഷം മാംസത്തിനായി കൊല്ലുന്ന മൂന്നുകോടി നായകളിൽ മൂന്നിലൊന്നും ചൈനയിലാണ്. നാൽപ്പതു ലക്ഷത്തിലേറെ പൂച്ചകളെയും ചൈനയിൽ ഇറച്ചിക്കായി കൊല്ലുന്നുണ്ട്. കൂടാതെ ചികിത്സാ ആവശ്യത്തിനായി പിത്തനീര് എടുക്കാൻ കരടികളെ കൊല്ലാക്കൊല ചെയ്യുന്നതും ചൈനയിലെ പതിവാണ്. വൃക്കയിലെ കല്ലുകൾ ഇല്ലാതാക്കാനുള്ള മരുന്നായാണു കരടിയുടെ പിത്തനീര് ഉപയോഗിക്കുന്നതെങ്കിലും ഇത് വൈദ്യശാസ്ത്ര ലോകം അംഗീകരിച്ചിട്ടില്ല.

ചൈനയുടെ വെറ്റ് മാർക്കറ്റുകൾ ആരോഗ്യ മേഖലയ്ക്കും മനുഷ്യവംശത്തിനും വലിയ ഭീഷണി ഉയർത്തുന്നുണ്ടെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ തുറന്നടിച്ചിരുന്നു. കൊറോണ വൈറസ് ചൈനയിൽ നിന്നാണ് വന്നത്. ഇത് ലോകം മുഴുവൻ വ്യാപിച്ചു. ഈ വെറ്റ് മാർക്കറ്റുകൾ ഭീഷണിയാണെന്ന് ലോകം മുഴുവൻ അറിയാം. അവിടെ വിൽക്കപ്പെടുന്ന കാര്യങ്ങൾ എന്താണെന്ന് ലോകരാജ്യങ്ങൾക്ക് അറിയാമെന്നും മോറിസൺ പറഞ്ഞു.ആരോഗ്യപരമായി നോക്കുമ്പോൾ ഇക്കാര്യങ്ങൾ ലോകാരോഗ്യ സംഘടന പരിശോധിക്കേണ്ടതാണ്. ഇവയെ പൂട്ടാൻ അവർ എന്തെങ്കിലും ചെയ്യണം. യുഎന്നിലൂടെയും ലോകാരോഗ്യ സംഘടനയിലൂടെയും വരുന്ന പണം ഇത്തരം കാര്യങ്ങൾക്കായി ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സ്ഥിതിഗതികൾ വിലയിരുത്തി മന്ത്രിതല സമിതി

ന്യൂഡൽഹി: രാജ്യത്തെ കൊറോണ കേസുകളുടെ വർധന, ലോക്ക്ഡൗൺ സാഹചര്യങ്ങൾ തുടങ്ങിയവ വിശദമായി വിലയിരുത്തി കേന്ദ്ര മന്ത്രിമാരുടെ സമിതി. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷനായ സമിതിയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ, ഭക്ഷ്യമന്ത്രി രാം വിലാസ് പാസ്വാൻ, റെയിൽവേ മന്ത്രി പിയൂഷ് ഗോയൽ, പെട്രോളിയം മന്ത്രി ധർമേന്ദ്ര പ്രധാൻ, വാർത്താവിതരണ- പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവഡേക്കർ തുടങ്ങിയവർ അംഗങ്ങളാണ്.

രാജ്യവ്യാപകമായി മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതു സംബന്ധിച്ച ക്രമീകരണങ്ങൾ, പുരോഗതി തുടങ്ങിയവ ചർച്ച ചെയ്തെന്ന് ഔദ്യോഗിക വൃത്തങ്ങൾ. വൈറസ് വ്യാപനം തടയാനുള്ള ഒരുക്കങ്ങൾ, സ്വീകരിച്ചു വരുന്ന നടപടികൾ എന്നിവയും ചർച്ചയായി. കുടിയേറ്റ തൊഴിലാളികളുടെ പലായന പ്രശ്നം പരിഹരിക്കാനുള്ള മാർഗങ്ങൾ സമിതിക്കു മുന്നിലെത്തി. സംസ്ഥാന സർക്കാരുകൾ ഇവർക്കായി താത്കാലിക അഭയകേന്ദ്രങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു. ഞായറാഴ്ച രാത്രി ലൈറ്റുകൾ അണച്ച് ദീപം തെളിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം വിജയമാക്കാൻ സമിതി ജനങ്ങളോട് അഭ്യർഥിച്ചു.

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്ര പരിസരം ഫയർ ആൻഡ് റെസ്ക്യൂ ഫോഴ്സ് അണുവിമുക്തമാക്കുന്നു.

നിരോധനാജ്ഞ ശക്തിപ്പെടുത്തേണ്ടിവരും: പളനി സാമി

ചെന്നൈ: ലോക്ക്ഡൗൺ ജനങ്ങൾ വേണ്ടവിധം ഉൾക്കൊള്ളുന്നില്ലെന്ന് തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനി സാമി. മഹാമാരിയുടെ പ്രഹരശേഷിയെക്കുറിച്ച് ജനങ്ങൾക്ക് ഇപ്പോഴും തിരിച്ചറിവില്ല. ഇതാണ് അവസ്ഥയെങ്കിൽ നിരോധനാജ്ഞ കടുപ്പിക്കേണ്ടിവരും- അദ്ദേഹം പറഞ്ഞു. രോഗബാധിതരുടെ എണ്ണത്തിൽ തമിഴ്നാട് രണ്ടാം സ്ഥാനത്തേക്കു കുതിച്ചുകയറിയതോടെയാണ് മുഖ്യമന്ത്രിയുടെ ഈ അഭിപ്രായ പ്രകടനം. തമിഴ്നാട്ടിലെ കൊവിഡ് ബാധിതർ 411 ആയിട്ടുണ്ട്. മഹാരാഷ്ട്രയാണ് കൊവിഡ് രോഗികളിൽ ഒന്നാം സ്ഥാനത്ത്.

അഞ്ചു പേരിൽ കൂടുതൽ കൂട്ടം കൂടരുത് എന്ന വ്യവസ്ഥ വച്ചിരിക്കുന്നത് വൈറസ് വ്യാപനം തടയാനാണ്. എന്നാൽ, പലരും ഇതിനു ഗൗരവം കൊടുക്കുന്നില്ല. സാമൂഹിക അകലം പാലിച്ചില്ലെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകും- മുഖ്യമന്ത്രി മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

ചില രാജ്യങ്ങളെ കൊവിഡ് തകർത്തുകളഞ്ഞുവെന്ന് അറിഞ്ഞിട്ടും ചിലർ തമിഴ്നാട്ടിൽ അതു തടയുന്നതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നില്ല. പലരും വാഹനങ്ങളിൽ ചുറ്റിക്കറങ്ങുകയാണ്. രോഗവ്യാപനം തടയാൻ സർക്കാരുമായി സഹകരിക്കണം- പളനി സാമി അഭ്യർഥിച്ചു.

മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടിയെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദേശിച്ചിട്ടുണ്ട്. ജനങ്ങൾ ക്ഷമയോടെ നിർദേശങ്ങൾ അനുസരിക്കണം. ഇത് എല്ലാവരുടെയും സുരക്ഷയ്ക്കു വേണ്ടിയാണ്- അദ്ദേഹം കൂട്ടിച്ചേർത്തു. ദിവസവും പുറത്തിറങ്ങാതെ ഒരാഴ്ചയ്ക്കു വേണ്ടതൊക്കെ വാങ്ങിവയ്ക്കാൻ മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർഥിച്ചു.

ലോക്ക്ഡൗൺ നിർദേശങ്ങൾ ലംഘിച്ചതിന് 45,000 കേസുകൾ തമിഴ്നാട് പൊലീസ് എടുത്തിട്ടുണ്ട്. അമ്പതിനായിരത്തോളം പേരെ അറസ്റ്റുചെയ്ത് ജാമ്യത്തിൽ വിട്ടു. തെറ്റായ വാർത്തകൾ തടയുന്നതിന് പരിശ്രമിക്കുന്ന അക്രഡിറ്റേഷനുള്ള മാധ്യമ പ്രവർത്തകർക്ക് 3000 രൂപ വീതം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മംഗളൂരുവിൽ മദ്യശാലയിൽ മോഷണം

മംഗളൂരു: ദിവസങ്ങളായി അടച്ചിട്ടിരുന്ന ഉള്ളാളിലെ മദ്യവിൽപ്പന ശാലയിൽ നിന്ന് ഒരു ലക്ഷം രൂപയുടെ മദ്യം കവർന്നു. ഷട്ടർ തകർത്ത് അകത്തുകയറിയാമു മോഷണം. മദ്യശാലയിൽ സ്ഥാപിച്ചിരുന്ന സിസിടിവി തകർത്തിട്ടുണ്ട്. ഇതിന്റെ റെക്കോർഡറും കാണാനില്ല.

രാജ്യത്ത് അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതിനെത്തുടർന്ന് ദിവസങ്ങളായി മദ്യവിൽപ്പന ശാല തുറന്നിരുന്നില്ല. രാജ്യത്ത് സമ്പൂർണ മദ്യനിരോധനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനിടയിലാണ് വൻ മോഷണം. വില കൂടിയതും കുറഞ്ഞതുമായ ബ്രാൻഡുകൾ ഒരുപോലെയാണ് മോഷ്ടിച്ചത്. സമീപത്തെ കടയിൽ നിന്നു പത്തു പാക്കറ്റ് സിഗരറ്റും മോഷണം പോയി.

അണ്ണാ, എവിടെ പോയി വരുന്നു? പാസ് ഉണ്ടോ..?

ലോക് ഡൗണിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഇന്നലെ പൊലീസ് വാഹന പരിശോധന ശക്തമാക്കിയപ്പോൾ. » കെ.ബി. ജയചന്ദ്രൻ

ദീപം തെളിക്കൽ: വിമർശനവുമായി കോൺഗ്രസ്

ന്യൂഡൽഹി: നാളെ രാത്രി ഒമ്പതിന് വീടുകളിലെ ലൈറ്റുകളെല്ലാം അണച്ച് വാതിൽക്കൽ ദീപം തെളിക്കാമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തെ വിമർശിച്ചും പരിഹസിച്ചും പ്രതിപക്ഷ നേതാക്കൾ. രാജ്യം നേരിടുന്ന യഥാർഥ പ്രശ്നങ്ങൾ കാണുകയും കേൾക്കുകയുമല്ല മോദി ചെയ്യുന്നതെന്ന് അവർ ആരോപിച്ചു. ഭാവിയെക്കുറിച്ച് യാതൊരു കാഴ്ചപ്പാടുമില്ലാത്ത വാചകക്കസർത്തു മാത്രമാണ് മോദിയുടെ വിഡിയോ സന്ദേശത്തിലുള്ളതെന്ന് കോൺഗ്രസ് നേതാവ് ശശി തരൂർ പ്രതികരിച്ചു. ഫോട്ടോ- ഓപ് പ്രധാനമന്ത്രിയുടെ ഫീൽ ഗുഡ് സംസാരം മാത്രമാണിതെന്ന് അദ്ദേഹം. ലോക്ക് ഡൗണിനു ശേഷം രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ഭാവി നടപടികൾ എന്നിവയൊന്നും പ്രധാനമന്ത്രിയുടെ സന്ദേശത്തിലില്ല.

" പ്രധാൻ ഷോമാന്റെ സന്ദേശം കേട്ടു. ജനങ്ങളുടെ വേദനകളും ഭാരങ്ങളും സാമ്പത്തിക ആശങ്കകളും പരിഹരിക്കുന്നതിനെക്കുറിച്ചൊന്നും അതിലില്ല. ഭാവിയെക്കുറിച്ചൊന്നുമില്ല. വിഷയങ്ങൾ പങ്കുവയ്ക്കുന്നില്ല. - തരൂർ ട്വീറ്റ് ചെയ്തു.

പ്രതീകാത്മക പ്രകടനങ്ങൾ പ്രധാനമാണ്. എന്നാൽ, ഗൗരവമായ ചിന്തകളും അതിനൊപ്പം വേണം. അതു മോദിയുടെ സന്ദേശത്തിലില്ല- മുൻ ധനമന്ത്രി കൂടിയായ കോൺഗ്രസ് നേതാവ് പി. ചിദംബരം കുറ്റപ്പെടുത്തി. പാവപ്പെട്ടവർക്ക് ജീവിക്കാനുള്ള പാക്കെജ്, സാമ്പത്തിക തകർച്ച തടയാനുള്ള നടപടികൾ എന്നിവ മോദിയുടെ സന്ദേശത്തിൽ നിന്നു പ്രതീക്ഷിച്ചിരുന്നതായി അദ്ദേഹം. നിസഹായരായ ജനങ്ങളെ മോദി വലിയ തോതിൽ നിരാശരാക്കിയെന്നു ചിദംബരം പറഞ്ഞു. പകർച്ച വ്യാധി തടയുന്നതിന് അഹോരാത്രം യത്നിക്കുന്ന വിദഗ്ധരും സാമ്പത്തിക വിദഗ്ധരും പറയുന്നതു കേൾക്കാൻ മോദി തയാറാവണമെന്നും ചിദംബരം.

രോഗവ്യാപനം തടയുക, ആരോഗ്യ മേഖലയിലുള്ളവരെ സംരക്ഷിക്കുക, കൂടുതൽ ടെസ്റ്റിങ് കിറ്റുകൾ ലഭ്യമാക്കുക, പാവങ്ങൾക്കു ഭക്ഷണമെത്തിക്കുക, കുടിയേറ്റ തൊഴിലാളികൾക്ക് ജീവിതമാർഗമുണ്ടാക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊന്നും മോദി ചിന്തിക്കുന്നില്ലെന്നു വ്യക്തമായതായി കോൺഗ്രസ് നേതാവ് കപിൽ സിബലും കുറ്റപ്പെടുത്തി.

കൊറോണക്കെതിരായ പോരാട്ടത്തിലുള്ള ജനങ്ങളെ നിരാശപ്പെടുത്തുകയാണു പ്രധാനമന്ത്രിയെന്ന് എൻസിപി നേതാക്കൾ ആരോപിച്ചു. കൊവിഡ് 19 തടയുന്നതിനു സ്വീകരിക്കുന്ന നടപടികളെക്കുറിച്ചാണു പ്രധാനമന്ത്രി പറയേണ്ടതെന്നും പാർട്ടി.

വർധിക്കുന്നു, ഗാർഹികപീഡനം!

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവരും വീടിനുള്ളിലൊതുങ്ങിയപ്പോൾ രാജ്യത്ത് ഗാർഹിക പീഡന പരാതികൾ കൂടിയെന്ന് ദേശീയ വനിത കമ്മിഷൻ. മാർച്ച് 24 മുതൽ ഏപ്രിൽ ഒന്നുവരെ 69 പരാതികളാണു തനിക്കു ലഭിച്ചതെന്നു കമ്മിഷൻ അധ്യക്ഷ രേഖാ ശർമ. ദിവസം രണ്ടു പരാതികളെങ്കിലും ലഭിക്കുന്നുണ്ട്. എന്റെ സ്വകാര്യ ഇ മെയ്ൽ വിലാസത്തിൽപ്പോലും പരാതി എത്തുന്നു. വനിത കമ്മിഷനിലെ അംഗങ്ങൾക്കും ലഭിച്ചിട്ടുണ്ട് ഒട്ടേറെ പരാതികൾ. അവരുടെ വാട്ട്സ്ആപ്പ് നമ്പരിലും പരാതികളെത്തുന്നു.

ഭാര്യയെ കൊവിഡ് 19 എന്ന് ആക്ഷേപിക്കുന്നതു പതിവായിട്ടുണ്ട്. എനിക്ക് ലഭിച്ച ഒരു പരാതിയിൽ പറയുന്നത് ഒരു സ്ത്രീക്ക് അവളുടെ വീട്ടിൽ പോകാൻ കഴിയാത്ത അവസ്ഥയാണ്. അവരുടെ ഭർത്താവ് അവരെ നിരന്തരം ഉപദ്രവിക്കുകയാണ്. ലോക്ക്ഡൗൺ കാലയളവ് വരെ അവർക്ക് ഒരു ഹോട്ടലിൽ അഭയം നൽകണമെന്നായിരുന്നു അഭ്യർഥന. അവർക്കു പൊലീസ് സ്റ്റേഷനിൽ പോലും പോകാൻ കഴിയാത്ത അവസ്ഥയാണ്.

ഇപ്പഴത്തെ സാഹചര്യത്തിൽ പരാതി നൽകിയശേഷം ഭർത്താവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു വിട്ടയച്ചാൽ അയാൾ വീട്ടിലേക്ക മടങ്ങി വരുന്നതോടെ സ്ത്രീക്ക് വീട്ടിൽ നിൽക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുക. മുൻപ് പരാതി നൽകിയശേഷം സ്ത്രീകൾക്ക് അവരുടെ സ്വന്തം വീടുകളിൽ പോകാനുള്ള സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ അടച്ചുപൂട്ടൽ ആയതിനാൽ സാഹചര്യം വ്യത്യസ്തം.

നേരത്തെ വിവിധ സംസ്ഥാനങ്ങളിലെ വനിത കമ്മിഷൻ ഓഫിസുകളിലെത്തിയും പോസ്റ്റൽ വഴിയും, ഫോൺ വഴിയും ഓൺലൈൻ പരാതി രജിസ്ട്രേഷനിലൂടേയും ഇമെയേൽ വഴിയും സ്ത്രീകൾക്ക് പരാതിപ്പെടാൻ കഴിയുമായിരുന്നു, എന്നാൽ നിലവിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്ത്രീകൾക്ക് സമൂഹമാധ്യമങ്ങൾ വഴിയും ഇമെയ്ൽ- ഓൺലൈൻ വഴിയും മാത്രമേ പരാതി നൽകാൻ കഴിയൂ. അടച്ചുപൂട്ടൽ പ്രാബല്യത്തിലായശേഷം 69 ഗാർഹിക പീഡന പരാതികളും 77 ജീവിക്കാനുള്ള അവകാശം സംബന്ധിച്ചുള്ള പരാതിയും ലഭിച്ചു. വിവാഹിതകളെ ഉപദ്രവിച്ചതിന് പതിനഞ്ചും സ്ത്രീധന പീഡന മരണം സംബന്ധിച്ച് രണ്ടും ലൈംഗികാതിക്രമത്തിനെതിരേ പതിമൂന്നും പരാതികൾ ലഭിച്ചു. ഉത്തർപ്രദേശിൽ നിന്നാണ് ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചിട്ടുള്ളത്. 90 പരാതികളാണ് അവിടെ നിന്നും ലഭിച്ചത്. കൂടാതെ ഡൽഹി- 37, ബിഹാർ- 18 , മധ്യപ്രദേശ്-11 ഉം മഹാരാഷ്ട്ര-18 എന്നീ സംസ്ഥാനങ്ങളാണ് പരാതികളിൽ യുപിക്കു പിന്നിൽ.

തബ് ലീഗ് സമ്മേളനം: വിദേശികൾക്കെതിരേ എഫ്ഐആറിന് നിർദേശം

ന്യൂഡൽഹി: നിസാമുദീനിലെ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത 960 വിദേശികൾക്കെതിരേ എഫ്ഐആറുകൾ ഫയൽ ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഡൽഹി പൊലീസ് കമ്മിഷണറോടും വിവിധ സംസ്ഥാനങ്ങളിലെ ഡിജിപിമാരോടും നിർദേശിച്ചു. ആരോഗ്യ അടിയന്തരാവസ്ഥക്കാലത്ത് രോഗ വ്യാപനത്തിന് കാരണമാവുന്ന സ്ഥിതിവിശേഷം വീസ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള ഇവരുടെ നടപടികൾ മൂലമുണ്ടായി എന്ന വിലയിരുത്തലിലാണ് ആഭ്യന്തര മന്ത്രാലയം. ഈ 960 പേരെയും കഴിഞ്ഞദിവസം സർക്കാർ കരിമ്പട്ടികയിൽ പെടുത്തിയിരുന്നു. ഇവരുടെ വീസയും റദ്ദു ചെയ്തു. ഇതിനു പിന്നാലെയാണ് എഫ്ഐആർ ഫയൽ ചെയ്യാനുള്ള നിർദേശം ഇന്നലെ വൈകിട്ട് സർക്കാർ നൽകിയത്. ഇന്ത്യയിലെ വീസ നിയമങ്ങൾ, വിദേശികൾക്കുള്ള ആക്റ്റ് എന്നിവ പ്രകാരമാണു നടപടിയെടുക്കേണ്ടത്.

മാർച്ചിലെ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിൽ നിന്ന് നുറുകണക്കിനാളുകളിലേക്ക് കൊവിഡ് പകർന്നിട്ടുണ്ടെന്നാണു മന്ത്രാലയം പറയുന്നത്. ഡൽഹിയിൽ ഇന്നലെ വൈകുന്നേരം വരെ സ്ഥിരീകരിച്ച കൊവിഡ് രോഗികളിൽ 60 ശതമാനവും തബ് ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ടവരാണ്.

തമിഴ്നാട്ടിൽ കൊറോണ ബാധിതരുടെ എണ്ണം കുതിച്ചുയരുന്നത് തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരുമായി ബന്ധപ്പെട്ടാണ്. മൊത്തം 411 പേർക്ക് അവിടെ കൊറോണ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിൽ 364 പേരും നിസാമുദീനിൽ പോയി മടങ്ങിവന്നവരാണ്. സംസ്ഥാനത്ത് ഇന്നലെ 102 പേർക്കാണു പുതുതായി രോഗം സ്ഥിരീകരിച്ചത്. ഇവരിൽ നൂറു പേരും നിസാമുദീനിൽ നിന്നു മടങ്ങിയെത്തിയവർ. തബ് ലീഗ് സമ്മേളനത്തിനു പോയ 1200 പേരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് എടുത്തിട്ടുണ്ടെന്നും അതിന്റെ ഫലം വന്നുകൊണ്ടിരിക്കുകയാണെന്നുമാണ് ഇന്നലെ തമിഴ്നാട് ആരോഗ്യ സെക്രട്ടറി ബീല രാജേഷ് പറഞ്ഞത്. യുപിയിൽ സമ്മേളനത്തിൽ പങ്കെടുത്ത 1203 പേരെ കണ്ടെത്തിയിട്ടുണ്ട്. 897 പേരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതുവരെ 47 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദേശ ജമാഅത്ത് അംഗങ്ങളിൽ ചിലർക്ക് കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ടെന്നും ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കുന്നു. നാല് അമെരിക്കക്കാരും ഒമ്പതു ബ്രിട്ടീഷുകാരും ആറു ചൈനക്കാരും മൂന്നു ഫ്രഞ്ചുകാരും സമ്മേളനത്തിനെത്തിയവരിൽ ഉൾപ്പെടുന്നു. 379 ഇന്തോനേഷ്യക്കാർ, 110 ബംഗ്ലാദേശികൾ, 33 ശ്രീലങ്കക്കാർ എന്നിവരുമുണ്ട്. മ്യാൻമർ, മലേഷ്യ, കിർഗിസ്ഥാൻ, സൗദി, വിയറ്റ്നാം, തായ് പൗരൻമാരുമുണ്ട്.

നഴ്സുമാരോട് മോശം പെരുമാറ്റം, യുപിയിൽ ജമാഅത്ത് അംഗങ്ങൾക്കെതിരേ കേസ്

- ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് രാഷ്ട്രപതി

ന്യൂഡൽഹി: ആശുപത്രിയിൽ നഴ്സുമാരോട് അപമര്യാദയായി പെരുമാറിയ തബ്‌ലീഗ് ജമാഅത്ത് അംഗങ്ങൾക്കെതിരേ ദേശീയ സുരക്ഷാ നിയമ പ്രകാരം കേസെടുത്തു. ഉത്തർപ്രദേശിലെ ഗാസിയാബാദ് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ച ആറു പേരാണ് വനിതകളായ നഴ്സുമാർക്കു മുന്നിൽ നഗ്നത പ്രദർശിപ്പിക്കുകയും ചികിത്സയോടു സഹകരിക്കാൻ വിസമ്മതിക്കുകയും ചെയ്തത്.

നഴ്സുമാർ വാർഡിലെത്തിയതോടെ ഇവർ വസ്ത്രമൂരി മാറ്റുകയായിരുന്നു. തുടർന്ന് ഇവരെ ഒരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിൽ താത്കാലികമായി സജ്ജമാക്കിയ വാർഡിലേക്കു മാറ്റി. ഇവരുടെ വാർഡിലേക്ക് പുരുഷന്മാരായ ഡോക്റ്റർമാരെയും ആരോഗ്യപ്രവർത്തകരെയും നിയോഗിച്ചു.

ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർ മനുഷ്യരാശിയുടെ ശത്രുക്കളാണെന്നു ഇവരെ വെറുതേവിടില്ലെന്നും യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് വ്യക്തമാക്കി.

വാർഡുകളിലൂടെ വിവസ്ത്രരായി നടക്കുകയും അശ്ലീല ഗാനങ്ങൾ പാടുകയും അശ്ലീല ചിഹ്നങ്ങൾ കാണിക്കുകയും ചെയ്തതിന് ഇവർക്കെതിരേ കേസെടുത്തെന്ന് പൊലീസ് സീനിയർ സൂപ്രണ്ട് കലാനിധി നൈതനി പറഞ്ഞു.

അതിനിടെ, പലയിടത്തും ആരോഗ്യ പ്രവർത്തകർക്കു നേരേ ജമാഅത്ത് പ്രവർത്തകരുടെ ആക്രമണമുണ്ടായി. തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവർ ആരൊക്കെയെന്നു കണ്ടെത്താൻ ശ്രമിച്ചവരെയാണ് സംഘം ചേർന്ന് ആക്രമിച്ചത്. ഇക്കാര്യത്തിൽ അടിയന്തര നടപടി വേണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്നും ഗവർണർമാരുമായി നടത്തിയ വിഡിയൊ കോൺഫറൻസിങ്ങിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദ് നിർദേശിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇക്കാര്യത്തിൽ സംസ്ഥാന ആഭ്യന്തര മന്ത്രാലയങ്ങൾക്ക് കത്തയച്ചു. ആരോഗ്യപ്രവർത്തകർക്കെതിരായ ആക്രമണങ്ങളിൽ ബോളിവുഡ് താരങ്ങളും പ്രതിഷേധിച്ചു.

കഴിഞ്ഞ ദിവസം ഇൻഡോറിൽ രണ്ടു വനിതാ ഡോക്റ്റർമാരുൾപ്പെടെ അഞ്ച് ആരോഗ്യ പ്രവർത്തകർക്കു നേരേ ആക്രമണമുണ്ടായിരുന്നു. കല്ലും വടികളുമായി അഞ്ചു പേരെയും വലിയ ജനക്കൂട്ടം വളഞ്ഞിട്ട് ആക്രമിക്കുകയായിരുന്നു. വനിതാ ഡോക്റ്റർമാരുൾപ്പെട പരുക്കേറ്റ് ആശുപത്രിയിലാണ്. സംഭവത്തിൽ ആറു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരെ കണ്ടെത്താൻ ശ്രമിച്ചപ്പോഴാണ് ബംഗളൂരുവിലെ ഹെഗ്ഡെ നഗറിലും ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെട്ടത്. ആരോഗ്യ വകുപ്പ് ജീവനക്കാർക്കൊപ്പമെത്തിയ ആശാ വർക്കർമാരെ സാദിഖ് ലേഔട്ടിൽ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. സമീപത്തെ ഒരു ആരാധനാലയത്തിന്റെ മൈക്ക് ഉപയോഗിച്ച് ആളുകളെ കൂട്ടിയ അക്രമികൾ തങ്ങളുടെ ഫോണും ബാഗുകളും തട്ടിയെടുത്തെന്ന് ആരോപിച്ച് ആശാ വർക്കർമാർ പരാതി നൽകി.

അരിയായി

പേരാമ്പ്ര: പാലേരി ചരത്തിപ്പാറ പരേതനായ പാറക്കുതാഴ കനിയന്റെ ഭാര്യ അരിയായി(99) അന്തരിച്ചു. മക്കൾ ചോയി(ചേനായി), കാർത്ത്യായനി, സരോജിനി, ബാലകൃഷ്ണൻ(കള്ള് ഷാപ്പ് പന്തിരിക്കര), ഗോവിന്ദൻ, ശാന്ത, പരേതനായ വേലായുധൻ(റിട്ട. ബിഎസ്എൻഎൽ). മരുമക്കൾ ദേവി, ശോഭന, ശ്രീധരൻ(പന്തിരിക്കര), പരേതരായ ദാക്ഷായണി, ലളിത.

ജോസപ്പ്

മഞ്ഞപ്ര: തവളപ്പാറ തിരുതനത്തിൽ പരേതനായ വറീത് മകൻ ജോസപ്പ് (ഔസേപ്പ്കുട്ടി- 82) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ രാവിലെ ഒൻപതിന് തവളപ്പാറ സെന്റ് ജോസഫ്സ് ചർച്ച്. ഭാര്യ: മൂക്കന്നൂർ മഞ്ഞളി കുടുംബാഗം മേരി. മക്കൾ: സിൽവി ജോസ് (മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്), സിസ്റ്റർ അഭയ (എഇഇ മാണിക്കമംഗലം), സിനി, സീന, സിജോ. മരുമക്കൾ: ജോസ് ചക്യേൻ വീട് മഞ്ഞപ്ര, ആന്റണി കണ്ണമ്പിള്ളി വീട് ആഴകം, ലൈജു പയ്യപ്പിള്ളി വീട് മാണിക്കമംഗലം, സിമി തേലെക്കാടൻ വീട് ചാത്തകുളം.

മുഹമ്മദ്

കടപ്പുറം: റമളാൻ വീട്ടിൽ മുഹമ്മദ് (64) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: നസീറ. മക്കൾ: സഫീർ, ഷഹീർ, ഷബീർ.

കെ.ശാന്ത

കൂത്തുപറമ്പ്:ആറാം മൈൽ ശാന്താ നിവാസിൽ കെ.ശാന്ത (70) അന്തരിച്ചു. ഭർത്താവ്: ഇ.കെ.നാണു ഡ്രൈവർ (പീപ്പിൾസ് ടയേഴ്സ് ഉടമ, എം ആർഎഫ് ടയർ ഡീലർ, മട്ടന്നൂർ). മക്കൾ: ദിലീപ് കുമാർ, പരേതരായ അനിൽകുമാർ, റീജ. മരുമകൾ: ഷൈമ. സഹോദരങ്ങൾ: പരേതരായ വാസു, രാമൻ, നാണു, കൃഷ്ണൻ.

കലേശൻ

കൊടുങ്ങല്ലൂർ: ആനാപ്പുഴ പാലിയം തുരുത്ത് വാലി പറമ്പിൽ കലേശൻ (65) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: പ്രേമ.

കർമ്മലി

വൈപ്പിൻ: ചെറുവൈപ്പ് ചിറ്റേത്ത് പരേതനായ ജോർജ്ജിന്റെ ഭാര്യ കർമ്മലി (80) അന്തരിച്ചു. ചെറുവൈപ്പ് അമലോത്ഭവമാതാ പള്ളിസെമിത്തിരേയിൽ സംസ്കാരം നടത്തി. മക്കൾ: സന്തോഷ്, സലോമി, ജോൺസൺ, എഡിസൺ, ആന്റി. മരുമക്കൾ: ഷീബ, സിന്ധു, ബിന്ദു, പരേതനായ തോമസ്.

കമലാക്ഷി നാരായണൻ

കോതമംഗലം: വാരപ്പെട്ടി ആശാരിപറമ്പിൽ കമലാക്ഷി നാരായണൻ (97) അന്തരിച്ചു. മക്കൾ: ഷൺമുഖൻ, വിജയമ്മ, ബാലകൃഷ്ണൻ, പീതാംബരൻ. മരുമക്കൾ: വിജയമ്മ, സുജാത, ശോഭ. സംസ്ക്കാരം നടത്തി .



തോമസ് മത്തായി

വെള്ളരട: ആറുകാണി കുനിച്ചിക്കുഴിയിൽ തോമസ് മത്തായി (96) അമെരിക്കയിലെ കണക്ടിക്കട്ട് ഹാർട്ഫോർഡിൽ അന്തരിച്ചു. ഭാര്യ: പരേതയായ ഏലിയാമ്മ. മക്കൾ: ലീലാമ്മ. മോനിക്ക, ലിസ,ആനിയമ്മ, തങ്കച്ചൻ, പരേതനായ മാമച്ചൻ. മരുമക്കൾ: കുഞ്ചെറിയ തോമസ് എൽസി,സെലിൻ,ലിയോമാത്യു, ബേട്ടി, പരേതനായ പാപ്പച്ചൻ.

എൻ.സി.ജലീൽ

ധർമടം:എൻ.സി.ജലീൽ (63) അന്തരിച്ചു. ഭാര്യ: സൗജത്ത് അറക്കകത്ത്. മക്കൾ: ജസീല, ജാസ്മിൻ, ജംശീന, ഷബീർ, ഷഹ്ദ്.

മെഹറുന്നിസ

എറിയാട്: പേബസാർ പരേതനായ പനപ്പറമ്പിൽ സലീമിന്റെ ഭാര്യ മെഹറുന്നിസ (80) അന്തരിച്ചു. മക്കൾ: സിറാജ് (ഗൾഫ്), സാബിർ (ഖത്തർ), ആമിനാബി, സിദ്ദിഖ് ഹസ്സൻ (എഎസ്ഐ കോസ്റ്റൽ പൊലീസ് സ്റ്റേഷൻ, അഴീക്കോട്), ഫാത്തിമ (ഷാർജ). മരുമക്കൾ: സലീം (എയർ ട്രാവൽസ് എന്റർപ്രൈസസ്, തിരുവനന്തപുരം), അർഷാദ് (ബിസിനസ്), നസീം, ഷഹീന



രാഘവൻ

കിഴുപ്പിള്ളിക്കര: കുരിയക്കാട്ടിൽ കൃഷ്ണൻ മകൻ രാഘവൻ (80) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വിമല. മക്കൾ: ശിവപ്രസാദ്, സന്തോഷ്, സന്ധ്യ. മരുമക്കൾ: ബിന്ദു, ശ്രീദേവി.

അബൂബക്കർ

പേരാമ്പ്ര: മരുതേരി - കുറ്റിയിൽ അബൂബക്കർ (61) അന്തരിച്ചു. ഭാര്യ: നഫീസ എ.കെ.
മക്കൾ: ഷബീർ (അധ്യാപകൻ നൊച്ചാട് എച്ച്എസ്എസ്), ഷാഫി (ഖത്തർ), ഷമീന (അധ്യാപിക ജബലന്നൂർ സ്ക്കൂൾ). മരുമക്കൾ: റംഷിന കരുവണ്ണൂർ, അർഷിന എരവട്ടൂർ, ഹംസ യു.കെ (ഖത്തർ).

അബ്ദുൽ റഷീദ്

കാട്ടാക്കട: പൂവച്ചൽ പണിക്കൻവിളയിൽ അബ്ദുൽ റഷീദ് (69) അന്തരിച്ചു. മക്കൾ: ബുഷ്റ, നിഷ, സെയ്ദ് സാഹിദ്, സീന. മരുമക്കൾ: ഷാജി, ഫിർദൗസ് കായൽപുറം (ചന്ദ്രിക ദിനപത്രം), ജസീന, റിയാസ്. ഖബറടക്കം പൂവച്ചൽ കുഴിയംകോണം ജമാഅത്തിൽ നടന്നു.

തോമുക്കുട്ടി

വടക്കാഞ്ചേരി: കരുമത്ര പനയ്ക്കൽ തോമുക്കുട്ടി (88) അന്തരിച്ചു. സംസ്ക്കാരം നടത്തി.
ഭാര്യ: പരേതയായ മറിയം. മക്കൾ: കൊച്ചു മേരി, റോസി, ഫിലോമിന, ജോൺസൺ, സെലീന, എൽസി, ലില്ലി. മരുമക്കൾ: അന്തോണി, പൊറിഞ്ചു, ദാസൻ, റീന, ബേബി, ജോയ്സൺ, സൈമൺ.

ഭരതൻ

മുല്ലശ്ശേരി: താണവീഥി വെണ്ണേക്കോട്ട് കുഞ്ഞുണ്ണി മകൻ ഭരതൻ (74) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സരോജിനി. മക്കൾ: പ്രസന്നകുമാർ, പ്രിയ, പ്രീതി. മരുമക്കൾ: ഷീല, അരവിന്ദാക്ഷൻ, ഗോപിനാഥൻ.

മറിയം

പറവൂർ: കുഞ്ഞിത്തൈ തേലക്കാട് മിഖേൽ ഭാര്യ മറിയം (95) അന്തരിച്ചു. മക്കൾ: ബേബി, കുഞ്ഞമ്മ, ജോയി, ആനി, ഫിലോമിന.

മരുമക്കൾ: പരേതനായ തോമസ്, പരേതനായ വർഗ്ഗീസ്, വിൽസൻ, തമ്പി. സംസ്കാരം ഇന്ന് രാവിലെ പത്തിന്.

വസന്തഅമ്മ. ജെ

തിരുവനന്തപുരം: ആയുർവേദ കോളെജ് കുന്നുംപുറം രാജ് വിഹാർ ടി.സി 82\/5939ൽ വസന്ത അമ്മ. ജെ (77) അന്തരിച്ചു. മക്കൾ: വി.എസ്. രാജ്കുമാർ (ജിപിഒ), രാഖിത റാണി വി.എസ്, രാജീവ് കുമാർ വി.എസ്. മരുമക്കൾ: അനിതകുമാരി ആർ, വേണുക്കുട്ടൻ നായർ ജി, പ്രഭലകുമാരി പി.

തങ്കപ്പൻ ചെട്ടിയാർ

തിരുവനന്തപുരം: ഒരുവാതിൽകോട്ട കുന്നത്ത് വിളാകത്തു വീട്ടിൽ പരേതരായ ചെല്ലപ്പൻ ചെട്ടിയാരുടെയും പിച്ചു അമ്മാളിന്റെയും മകൻ തങ്കപ്പൻ ചെട്ടിയാർ (ഷണ്മുഖൻ, (72) സിപിഎം ഒരുവാതിൽകോട്ട ബ്രാഞ്ച് അംഗം) അന്തരിച്ചു. അവിവാഹിതനാണ്.
സംസ്ക്കാരം വീട്ടു വളപ്പിൽ നടന്നു.

ലീലാവതിയമ്മ

ഹരിപ്പാട്: കറ്റാനം മോഹൻസദനത്തിൽ പരേതനായ പി.ആർ. ഗോപിനാഥൻനായരുടെ ഭാര്യ ലീലാവതിയമ്മ (69) അന്തരിച്ചു. സംസ്ക്കാരം നടത്തി. മകൾ: ദീപ്തി ശ്രീകുമാർ (പ്രൊഫസർ എംഎസ്എം കോളെജ്, കായംകുളം). മരുമകൻ: ശ്രീകുമാർ (ഖത്തർ).

ചാക്കോരു

പഴുവിൽ: മേലേടത്ത് ചാക്കോരു (90) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ അമ്മിണി. മകൻ: ജോസഫ്. മരുമകൾ: ലില്ലി.



നാരായണൻകുട്ടി

കുമ്പളം: തണ്ടാശ്ശേരി മാരാവീട്ടിൽ നാരായണൻ കുട്ടി(നാണപ്പൻ- 74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ പത്തിന് വീട്ടുവളപ്പിൽ. ഭാര്യ: ശാരദ. മക്കൾ: ഹരിഷ്, സുധീഷ്. മരുമക്കൾ: രമ്യ ഹരീഷ്, രേണുക സുധീഷ്.

ഗോപാലൻ

കൂത്തുപറമ്പ്: തൊക്കിലങ്ങാടിയിലെ ആദ്യകാല വ്യാപാരിയായിരുന്ന പന്നിയോറ ബിജു നിലയത്തിൽ പൊന്നമ്പത്ത് ഗോപാലൻ (77) അന്തരിച്ചു. ഭാര്യ: ഗൗരി. മക്കൾ: ബിജു (അലുമിനിയം ഫാബ്രിക്കേറ്റർ), ബിന്ദു, ബിന്നി.

സരസ്വതി

മുഹമ്മ: മണ്ണഞ്ചേരി പഞ്ചായത്ത് മൂന്നാം വാർഡ് ഷാജി ഭവനിൽ പരേതനായ രാഘവൻ പിള്ളയുടെ ഭാര്യ സരസ്വതി (95) അന്തരിച്ചു. എന്നാൽ ലോക്ഡൗൺ മൂലം ചെന്നെ എംജിആർ നഗറിൽ സ്ഥിര താമസമാക്കിയ മകൾ വത്സലക്ക് നാട്ടിലെത്തുവാനോ അമ്മക്ക് അന്ത്യചുംബനം നൽകുവാനോ സാധിച്ചില്ല. അമ്മയ്ക്ക് അസുഖമാണെന്നറിഞ്ഞ് രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിന് മുൻപ് ഭർത്താവ് ഗോപാലകൃഷ്ണനുമായി വന്ന് അമ്മയെ കാണുകയും പരിചരിക്കുകയും ചെയ്ത ശേഷം ചെന്നൈയിലേക്ക് മടങ്ങിയിട്ട് രണ്ടാഴ്ചയേ ആയിട്ടുള്ളു. രതി കുമാരി, ഷാജിമോൻ. ആർ (സെക്രട്ടറി എൻഎസ്എസ് കരയോഗം 4089 കാവുങ്കൽ) എന്നിവരാണ് മറ്റു മക്കൾ. രാജൻ, ഉഷാകുമാരി എന്നിവരാണ് മറ്റു മരുമക്കൾ. ആരോഗ്യ ജീവനക്കാരുടെയും പൊലീസിന്റെയും മേൽനോട്ടത്തിൽ വ്യാഴാഴ്ച രാവിലെ പത്ത് മണിക്ക് വീട്ടുവളപ്പിൽ സംസ്കാരം നടത്തി.

കെ.കെ. വാസുദേവൻ

തുറവൂർ:ചാവടി സെൻട്രൽ ഹോട്ടൽ ഉടമ കെ.കെ. വാസുദേവൻ (82) അന്തരിച്ചു. മക്കൾ: ഗീത, ശശികുമാർ (എസ്എൻഡിപി യോഗം ഡയറക്റ്റർ ബോർഡ് മെമ്പർ), കവിത, സരിത. മരുമക്കൾ: രാജീവൻ, സിനിമോൾ, അനിൽ, സുരേഷ് ബാബു.

രവീന്ദ്രൻ

വെള്ളറട: കുറ്റിച്ചൽ പുള്ളോട്ടുകോണം ശാലിനി ഭവനിൽ രവീന്ദ്രൻ (72) അന്തരിച്ചു. ഭാര്യ: പരേതയായ സുമംഗല. മക്കൾ: അനിൽകുമാർ, സുനിൽ. മരുമക്കൾ: മഞ്ചു, ശാലിനി.

വിനീഷ്

എരുവട്ടി: കോഴൂർ കാട്ടിലെപുരയിൽ പരേതരായ ശ്രീധരന്റെയും സരസ്വതിയുടെയും മകൻ വിനീഷ്(39) അന്തരിച്ചു.

ശ്രീലത

പേരാമ്പ്ര: കല്ലോട് -കരിങ്ങാറ്റി പറമ്പത്ത് ശ്രീലത (44) അന്തരിച്ചു. നെയ്റ്റ് കണ്ടി പരേതനായ രാജന്റെ (മുചുകുന്ന്)ഭാര്യയാണ്. അച്ഛൻ: പരേതനായ കുഞ്ഞിക്കേളു നായർ, അമ്മ കാർത്ത്യായനി അമ്മ. മകൾ: രാജശ്രീ. സഹോദരങ്ങൾ: ഹരിദാസൻ, പ്രകാശൻ, ശ്രീജയ.



ചാക്കോ

പേരാമ്പ്ര: കല്ലോട് അവിരാകുന്നേൽ ചാക്കോ (75) അന്തരിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: ജോയ് എ.സി. (ലോക് താന്ത്രിക് ജനതാദൾ കല്ലോട് മേഖല സെക്രട്ടറി), പരേതനായ രാജു, സെലിൻ. മരുമക്കൾ: മിനി (തോട്ടുമുക്കം), സന്തോഷ് (കാഞ്ഞങ്ങാട്).

സതി അന്തർജനം

കുന്നംകുളം : ചെറുവത്താനി പിള്ളനേഴി മനക്കൽ പരേതനായ ശങ്കരനാരായണൻ നമ്പൂതിരി യുടെ പത്നി സതി അന്തർജനം (60) (മരങ്ങാട്ട് മഹൾ) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: വിഷ്ണു പ്രസാദ് (നരസിംഹമൂർത്തി ക്ഷേത്രം മേൽശാന്തി), പ്രസന്ന, പ്രസീത. മരുമക്കൾ: സൗമ്യ അന്തർജനം (ഇരുപ്പമണ്ണ ഇല്ലം), ഡോ:രവി (ഏപ്പുറത്ത് മന), മണികണ്ഠൻ ഭട്ടതിരി (ചേരമ്പറ്റ തൃക്കാരണ പട്ടേരി).

പി.ബാലകൃഷ്ണൻ നായർ

ചിറക്കൽ: റയിൽവേ സ്റ്റേഷനു സമീപം സുചിതയിൽ പി.ബാലകൃഷ്ണൻ നായർ (87) അന്തരിച്ചു. ഭാര്യ: ഒ.സുശീല. മക്കൾ: ചിത്രലേഖ (അധ്യാപിക, അഴീക്കോട് സൗത്ത് യുപി സ്കൂൾ), റീത (പ്രധാനാധ്യാപിക, രാമവിലാസം എൽപി സ്കൂൾ), സുജിത്ത് (അക്ഷയ് ഏജൻസീസ്). മരുമക്കൾ: കൃഷ്ണൻ.പി.നായർ (റിട്ട. സൂപ്രണ്ട് കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്), പി.വി.രാജേന്ദ്രൻ (റിട്ട. ക്ഷീരവികസന വകുപ്പ്), റീഷ.



കെ. രാമചന്ദ്രൻ

മേത്തോട്ട്താഴം: മുൻകാലം ഓഡിറ്റർ കെ.കെ. തമ്പാന്റെ മകനും, മാതൃഭൂമിയിൽ നിന്ന് വിരമിച്ച അക്കൗണ്ട് ഓഫിസറുമായ കൊങ്ങശേരി രാമചന്ദ്രൻ (82) കോഴിക്കോട് മേത്തോട്ട്താഴം മിഥിലയിൽ അന്തരിച്ചു. ഭാര്യ: മങ്ങോടി മാലതി. മക്കൾ: മിനി, രേഖ, രശ്മി. മരുമക്കൾ: രജീന്ദ്രകുമാർ (മാതൃഭൂമി, കോഴിക്കോട്), എസ്. ജയപ്രകാശ് (അഡ്വക്കേറ്റ്, ചെന്നൈ), മുരളി (ബിസിനസ്, എറണാകുളം). സഹോദരങ്ങൾ: പരേതനായ ഗോപാലൻ (റിട്ട. യുടിഐ), ഉണ്ണികൃഷ്ണൻ (റിട്ട. ഡിഫൻസ് എക്കൗണ്ട്സ്, എറണാകുളം), ശ്രീകുമാരൻ (റിട്ട. ചീഫ് എക്കൗണ്ടന്റ്, മാതൃഭൂമി, പാലക്കാട്), സുഭദ്ര, പരേതരായ ശ്രീദേവി, ഗംഗാദേവി, പാർവതീഭായി, രാധാഭായി, സംസ്കാരം നടത്തി.



രാജഗോപാലമാരാർ

പേരാമ്പ്ര: റീജനൽ കോ. ഓപ്പറേറ്റിവ് ബാങ്ക്പേരാമ്പ്ര റിട്ടയേർഡ് സെക്രട്ടറി രാജഗോപാല മാരാർ (72) അന്തരിച്ചു. ഭാര്യ: സതി (വയനാട്). മക്കൾ: സൂര്യ, ശരത്ത്. മരുമകൻ: രവിചന്ദ്രൻ (സുഭാഷ്, മണ്ണാർക്കാട്). സഹോദരങ്ങൾ: ആനന്ദവല്ലി (കായണ്ണ), ബാലചന്ദ്രൻ പറച്ചോട്ടിൽ, വസന്തകുമാരി (ചേവായൂർ) പി.സി.സുരേന്ദ്രനാഥ്, രമാദേവി (മഞ്ചേരി).

ചന്തുക്കുട്ടി

എരുവട്ടി: പെനാങ്കിമെട്ട അണ്ണേരി വീട്ടിൽ വടവതി ചന്തുക്കുട്ടി (85) അന്തരിച്ചു. ഭാര്യ: രോഹിണി. മക്കൾ: കൂടക്കരാജൻ, അശോകൻ (വർക്ക്ഷാപ്പ്), അനിൽ, മഹിജ. മരുമക്കൾ: ഉഷ (റബ്കോ), അനിത, സബിന, കുഞ്ഞനന്തൻ. സഹോദരങ്ങൾ: ശാന്ത, നാരായണി, പരേതരായ ഗോപാലൻ, നാണു, മാധവി, യശോദ, ജാനു.

ഗോപാലകൃഷ്ണൻ നായർ

കളമശേരി: സൗത്ത് കളമശേരി ടൗൺ ഹാളിനു സമീപം ചൈതന്യ വീട്ടിൽ ഗോപാലകൃഷ്ണൻ നായർ (79) അന്തരിച്ചു. മുൻ ഫാക്റ്റ് ഹൈസ്കൂൾ അധ്യാപകനാണ്. സംസ്കാരം നടത്തി.
ഭാര്യ: സുശീല. മക്കൾ: ജയകൃഷ്ണൻ, ജിത. മരുമക്കൾ: ഷീജ, മധു (മലയാള മനോരമ, സബ് എഡിറ്റർ).

മുഹമ്മദ് ഫാത്തിമ

നെയ്യാറ്റിൻകര: പാളയം നന്ദാവനം പരേതനായ അബ്ദുൽറഹ്മാന്റെ (അപ്പിസാഹിബ്)
ഭാര്യയും നാഗർകോവിൽ ആസാദ് ഹോട്ടൽ ഉടമയും മുസ്ലിം അസോസിയേഷൻ മെമ്പറുമായ ജനാബ് അബൂബക്കറിന്റെ (ചെല്ലത്തര) മാതാവുമായ മുഹമ്മദ് ഫാത്തിമ (83)അന്തരിച്ചു. പാളയം ജുമാ മസ്ജിദ്ദിൽ ഖബറടക്കം നടന്നു. മറ്റു മക്കൾ: സുബൈദ, സലീം, സുൽഫിക്കർ, സുബൈർ. മരുമക്കൾ: ജമീലാബീബി, കമാലുദ്ദീൻ, സക്കീലാബീബി, റസ്സീനാബീബി, സുഭനാബീബി.

ഗംഗാധരൻ

മക്രേരി: അയ്യപ്പൻകാവിനു സമീപം ചാലിൽവീട്ടിൽ തോണിയോട്ട് ഗംഗാധരൻ (73) അന്തരിച്ചു. ഭാര്യ: പി.കെ.ലീല. മക്കൾ: ലിജി (ലാബ് ടെക്നീഷ്യ വണ്ണാന്റെമെട്ട), ലില്ലി. മരുമക്കൾ: സി.കെ.രമേശൻ, രാഗേഷ്.

ചെല്ലപ്പൻ നായർ

ചെറുപുഴ:കുളങ്ങര ചെല്ലപ്പൻ നായർ (85)അന്തരിച്ചു. ഭാര്യ: പരേതയായ പാറുക്കുട്ടിയമ്മ. മക്കൾ: ശ്യാമള (നിഷ ടെക്സ്റ്റയിൽസ്, ചെറുപുഴ), രാജേന്ദ്രൻ (വസനം ടെക്സ്റ്റയിൽസ് ചെറുപുഴ), സുരേന്ദ്രൻ (വ്യാപാരി, ചെറുപുഴ), ശ്രീദേവി.

ആന്റണി

ചേർത്തല: തണ്ണീർമുക്കം പഞ്ചായത്ത് 13-ാം വാർഡ് കരിക്കാട് ഇടത്തിൽ ആന്റണി (കുഞ്ഞച്ചൻ-64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വത്സമ്മ ചേർത്തല മറ്റം കുടുംബാംഗം. മക്കൾ: ധന്യ (ലേക്ക്ഷോർ ഹോസ്പിറ്റൽ, എറണാകുളം), സിസ്റ്റർ നീന റോസ് (സെന്റ് ഫ്രാൻസിസ് മിഷൻ ഹോം, കുറവിലങ്ങാട്). മരുമകൻ: ബെന്നി കിഴക്കേ വാലേഴത്ത്, പള്ളിപ്പുറം.

കുഞ്ഞുമണി

ചേർത്തല: ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് എട്ടാംവാർഡിൽ വഴിക്കവല ഇടത്തിവെളി കോളനി കുഞ്ഞുമണി (64)അന്തരിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: അശ്വതി, അമ്പിളി, അനീഷ്. മരുമക്കൾ: ജീജു.

കെ.സുശീല

നെയ്യാറ്റിൻകര: കോടങ്ങാവിള കൊന്നമൂട് കാഞ്ഞിരവിളാകത്ത് പുത്തൻവീട്ടിൽ പരേതനായ സുകുമാരന്റെ ഭാര്യ (74) അന്തരിച്ചു. മക്കൾ: മാധുരി (ഐഎസ്ആർഒ), വേണു (എഎസ്ഐ). മരുമക്കൾ: സദാനന്ദൻ (ലാറ്റക്സ്), അനിയത്തി.

പത്മാക്ഷിയമ്മ

ചെറുപുഴ: വങ്ങാട്ടെ പരേതനായ പിലാക്ക കുഞ്ഞിരാമൻ നായരുടെ ഭാര്യ കാനകിഴക്കേവീട്ടിൽ പത്മാക്ഷിയമ്മ (87) അന്തരിച്ചു .

ആറ്റിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങി മരിച്ചു

ആലപ്പുഴ: കുളിക്കാനിറങ്ങിയ യുവാവ് മണിമല ആറ്റിൽ മുങ്ങി മരിച്ചു. തലവടി നാരകത്തറമുട്ട് തടത്തിൽ സജിയുടെ മകൻ ജെയ്സൺ (21) ആണ് മരിച്ചത്. ഇന്നലെ ഉച്ചകഴിഞ്ഞ് 3.30-ൻ തലവടി പുരയ്ക്കൽ കടവിന് സമീപം മണിമല ആറ്റിലാണ് മുങ്ങി മരിച്ചത്. സുഹൃത്ത് രോഹിതുമായി ആറിന് കുറുകെ നീന്തുന്നതിനിടെ ജെയ്സൺ കുഴഞ്ഞു പോയതാണെന്നാണ് പ്രാഥമിക നിഗമനം.

ജെയ്സൺ

ജനറൽ വാർത്തകൾ

അനാഥാലയങ്ങൾക്ക് അരിയും ഗോതമ്പും സൗജന്യമായി നൽകണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾമൂലം കടുത്ത ദുരിതത്തിലായ അനാഥാലയങ്ങളെ സംരക്ഷിക്കാൻ അടിയന്തരശ്രദ്ധ ചെലുത്തണമെന്ന് ആവശ്യപ്പെട്ട് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി പിണറായി വിജയന് കത്തുനല്കി. എല്ലാവർക്കും സൗജന്യമായി അരിയും ഗോതമ്പും നല്കുവാനുള്ളതീരുമാനം അനാഥാലയങ്ങളിലെ അന്തേവാസികൾക്കു കൂടി ബാധകമാക്കണം. കൊറോണ നിയന്ത്രണങ്ങളുടെ സമയപരിധി കഴിഞ്ഞാലും അനാഥാലയങ്ങൾക്ക് സൗജന്യമായോ അല്ലെങ്കിൽ ഒരു രൂപ നിരക്കിലോ അരിയും ഗോതമ്പും നല്കുന്ന കാര്യം പ്രത്യേകം പരിഗണിക്കണം.

സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും കുടിശിക സഹിതം എത്രയും വേഗം നൽകണം. പുതിയവയുടെ അംഗീകാരത്തിനു ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പരിഗണനയ്ക്കു സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ മാസങ്ങളായി തീരുമാനമാകാതെ കിടക്കുകയാണ്. ബോർഡിലേക്ക് ഒക്ടോബർ 19ന് തെരഞ്ഞെടുപ്പു നടത്തി അഞ്ചംഗങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. സർക്കാർ പ്രതിനിധികളായി അഞ്ചുപേരെ നോമിനേറ്റ് ചെയ്യണം. എംഎൽഎമാരുടെ മൂന്നു പ്രതിനിധികളും എംപിമാരുടെ ഒരു പ്രതിനിധിയും കൂടി ചേർത്ത് ബോർഡ് എത്രയും വേഗം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് ഉമ്മൻ ചാണ്ടി. ഗവമെന്റിന്റെ സഹായവും സന്നദ്ധ സംഘടനകളുടെയും ഉദാരമതികളായ വ്യക്തികളുടെയും സംഭാവന കൊണ്ട് മാത്രം നടന്നുപോകുന്ന രണ്ടായിരത്തോളം സ്ഥാപനങ്ങളാണ് ബോർഡിനു കീഴിൽ പ്രവർത്തിക്കുന്നത്. ലോക്ക് ഡൗണിനുശേഷം വ്യക്തികളുടെയും സംഘടനകളുടെയും സഹായവും സാന്നിധ്യവും അനാഥാലയങ്ങൾക്ക് ഇല്ലാതെയായി.

കോട്ടയം നഗരസഭാ ഫണ്ടിൽ അഞ്ചുകോടിയിലേറെ, അധ്യക്ഷ പറഞ്ഞത് ശരിയല്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മാർച്ച് 31ന്റെ കണക്കുപ്രകാരം അഞ്ചുകോടിയിലേറെ രൂപ മിച്ചമിരിക്കെ കോട്ടയം നഗരസഭയുടെ തനത് ഫണ്ട് തീർന്നുപോയി എന്ന് നഗരസഭാ അധ്യക്ഷ പറഞ്ഞത് തീർത്തും അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഫണ്ടിന്റെ അപര്യാപ്തത മൂലം നഗരസഭയുടെ കമ്യൂണിറ്റി കിച്ചൺ പൂട്ടുന്നു എന്നാണ് നഗരസഭാധ്യക്ഷ മാധ്യമങ്ങളെ അറിയിച്ചത്.

കമ്യൂണിറ്റി കിച്ചൺ നടത്തുക എന്നത് തദ്ദേശ സ്ഥാപനം ഏറ്റെടുക്കേണ്ട ഒരു ധർമമായി തന്നെ കാണണം. ഫണ്ടിന്റെ ദൗർലഭ്യം ഉണ്ടാകില്ല. ഫണ്ട് ചെലവഴിക്കാം. അതിന് അനുമതിയുണ്ട്. എന്നാൽ അർഹർക്ക് മാത്രമേ ഭക്ഷണം കൊടുക്കാവൂ. തങ്ങൾക്ക് താത്പര്യമുള്ളിടത്തൊക്കെ കിച്ചൺ തുടങ്ങണമെന്ന് ആരെങ്കിലും തീരുമാനിച്ചാൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ അത് അനുവദിക്കേണ്ടതില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്നലെ കമ്യൂണിറ്റി കിച്ചൺ വഴി 3,01,255 പേർക്ക് ഭക്ഷണം നൽകി. ഇത് കഴിഞ്ഞ ദിവസത്തേക്കാൾ കൂടുതലാണ്. സാമൂഹിക അടുക്കളയുമായി ബന്ധപ്പെട്ട വിഷയത്തിൽ അനാവശ്യ ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. അടുക്കളയിൽ നിയോഗിക്കപ്പെട്ട ആളുകൾ എത്രയാണോ അവർ മാത്രമേ കിച്ചണിൽ ഉണ്ടാകാവൂ. ആർക്കൊക്കെയാണോ സൗജന്യമായി ഭക്ഷണം നൽകുന്നത്, ആ വ്യക്തിയുടേയോ കുടുംബത്തിന്റെയോ പേര് മുൻകൂട്ടി തീരുമാനിച്ചിരിക്കണം. ഏതെങ്കിലും പ്രത്യേക താത്പര്യം വച്ച് ഇതിലൂടെ കൂറെ പേർക്ക് ഭക്ഷണം കൊടുക്കാം എന്നാരും ചിന്തിക്കരുത്. സാധാരണ നിലയ്ക്ക് ഭക്ഷണത്തിന് പ്രശ്നമില്ലാത്തവർക്ക് കമ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം എത്തിക്കേണ്ട ആവശ്യം വരുന്നില്ല. പ്രത്യേക കാരണമുള്ളവരെ സഹായിക്കേണ്ടിവരും. ഇഷ്ടക്കാർക്കെല്ലാം ഭക്ഷണം കൊടുക്കാമെന്ന് ഏതെങ്കിലും പ്രത്യേക സ്ഥാനത്തിരിക്കുന്നു എന്നതിന്റെ പേരിൽ ആരെങ്കിലും ശ്രമം നടത്തിയാൽ അംഗീകരിക്കില്ല- മുഖ്യമന്ത്രി പറഞ്ഞു.

അതൊക്കെ വ്യാജവാർത്ത: മുഖ്യമന്ത്രി

തിരുവനന്തപുരം: തമിഴ്നാട്ടിൽ കൊവിഡ് വൈറസ് ബാധിതരുടെ എണ്ണം കൂടുന്നതിനാൽ അതിനാൽ കേരളം അതിർത്തി മണ്ണിട്ട് അടച്ചു എന്നത് വ്യാജവാർത്തയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അങ്ങനെയൊരു ചിന്തയേ നമുക്കില്ല. അവർ നമ്മുടെ സഹോദരങ്ങളാണ്. യാത്രയ്ക്ക് എല്ലായിടത്തും തടസമുണ്ട്. പക്ഷേ, ലോക്ക് ഡൗൺ നിബന്ധന എല്ലാവരും പാലിക്കണം. കേരള - തമിഴ്നാട് അതിർത്തി നമ്മൾ അടയ്ക്കില്ല. അതിർത്തി മണ്ണിട്ട് നികത്തൽ കേരളം ചെയ്യുന്ന പ്രശ്നമേയില്ല.

എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ തീയതി നിശ്ചയിച്ചു എന്ന വ്യാജപ്രചാരണമുണ്ട്. അതും തീരുമാനിച്ചിട്ടില്ല. തീരുമാനം ഔദ്യോഗികമായി അറിയിക്കും- മുഖ്യമന്ത്രി പറഞ്ഞു.

കെ. സുരേന്ദ്രന്റെ യാത്രയെ പിന്തുണച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: ലോക്ക്ഡൗൺ കാലത്ത് കോഴിക്കോട്ടു നിന്ന് തിരുവനന്തപുരം വരെ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ യാത്ര ചെയ്തതിനെ പിന്തുണച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

ഒരു പാർട്ടിയുടെ പ്രധാന നേതാവാണ് അദ്ദേഹം. സംസ്ഥാന അധ്യക്ഷനാണ്. പൊതുപ്രവർത്തകരുടെ ചിലപ്പോഴത്തെ ഇങ്ങനെയുള്ള യാത്ര നിഷിദ്ധമല്ല. സഞ്ചരിക്കേണ്ടത് ആവശ്യമായി വന്നതുകൊണ്ടാവും അങ്ങനെ യാത്ര ചെയ്തത്- മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ ദിവസം വൈകുന്നേരം സുരേന്ദ്രൻ കോഴിക്കോട്ടു നിന്നും തിരുവനന്തപുരത്തെത്തി വാർത്താസമ്മേളനം നടത്തിയിരുന്നു. ഇതിനെതിരേ വലിയ വിമർശനമുയർന്നിരുന്നു. എന്നാൽ ഡിജിപിയുടേയും ജില്ലാ പോലീസ് മേധാവിയുടേയും അനുമതിയോടെയാണ് യാത്ര നടത്തിയതെന്നായിരുന്നു സുരേന്ദ്രൻ പ്രതികരിച്ചത്.

തബ്ലീഗ് സമ്മേളനവും തൊഴിലാളികൾ സംഘടിച്ചതും തിരിച്ചടിയായി: രാഷ്ട്രപതി

ന്യൂഡൽഹി: നിസാമുദ്ദീനിലെ തബ്ലീഗ് ജമാ അത്ത് സമ്മേളനവും ഡൽഹി ആനന്ദ് വിഹാറിൽ കുടിയേറ്റ തൊഴിലാളികൾ കൂട്ടം കൂടിയതും കൊവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനു തിരിച്ചടിയായെന്നു രാഷ്ട്രപതി രാം നാഥ് കോവിന്ദ്.

വിവിധ സംസ്ഥാന ഗവർണർമാർ, ലെഫ്റ്റനന്റ് ഗവർണർമാർ എന്നിവരുമായി നടത്തിയ വിഡിയൊ കോൺഫറൻസിങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ദിവസം പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യമന്ത്രിമാരുമായി വിഡിയൊ കോൺഫറൻസിങ് നടത്തിയതിനു പിന്നാലെയാണ് രാഷ്ട്രപതി, ഗവർണർമാരെ അഭിസംബോധന ചെയ്തത്.

ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡുവും വിഡിയൊ കോൺഫറൻസിങ്ങിൽ പങ്കെടുത്തു.

ക്വാറന്റൈനിൽ കഴിയുന്നവരുടെ സ്രവപരിശോധന നടത്തണം: ചെന്നിത്തല

തിരുവനന്തപുരം: ക്വാറന്റൈനിൽ കഴിയുന്ന ചെറിയ രോഗ ലക്ഷണങ്ങളുള്ളവരെ സ്രവ പരിശോധനയ്ക്ക് വിധേയരാക്കണമെന്നാവശ്യപ്പെട്ടു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിക്ക് വീണ്ടും കത്ത് നൽകി.

കേരളത്തിൽ ഒന്നര ലക്ഷത്തിലധികം ജനങ്ങൾ ക്വാറന്റൈനിൽ ആണ്. ഇവിടെ എഫക്റ്റീവ് സ്ക്രീനിങ് എന്ന് പറയുന്നത് പ്രതിദിനം 3,000 ടെസ്റ്റുകളാണ്. ഇത്രയും ടെസ്റ്റുകക്ക് സംവിധാനം ഉണ്ടെങ്കിലും കേവലം 500ൽ താഴെ ടെസ്റ്റുകളാണ് ഇപ്പോൾ ചെയ്യുന്നത്. രോഗവ്യാപനത്തിന്റെ യഥാർഥ ചിത്രം ഇതിലൂടെ ഒരിക്കലും വെളിപ്പെടില്ല. പൊതുജനാരോഗ്യം നിലനിർത്താനും, സാമൂഹ്യ വ്യാപനത്തിലേക്ക് പോകാതിരിക്കാനും എഫക്റ്റീവ് സ്ക്രീനിങ് അത്യന്താപേക്ഷിതമാണ്.

അതുകൊണ്ട് എത്രയും വേഗം ചെറിയ രോഗലക്ഷണമുള്ള ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ സ്രവപരിശോധനയ്ക്ക് വിധേയമാക്കണം. കുറഞ്ഞത് 3,000 ടെസ്റ്റുകളെങ്കിലും പ്രതിദിനം ചെയ്യണം. റാപ്പിഡ് ടെസ്റ്റ് സംവിധാനം കൂടി വന്നാൽ അത് 6,000 ആയെങ്കിലും ഉയർത്തണം- ചെന്നിത്തല ആവശ്യപ്പെട്ടു. ഇതിന് മുമ്പ് നാലുതവണ ഈ വിഷയം ഉന്നയിച്ച് അദ്ദേഹം മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു.

വിഷുദിനം പ്രാർത്ഥനാദിനമായി ആചരിക്കാൻ എസ്എൻഡിപി യോഗം

കൊല്ലം: കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഈ മാസം 14 വിഷുദിനം എസ്എൻഡിപി യോഗം പ്രാർഥനാ ദിനമായി ആചരിക്കും. എല്ലാ വീടുകളിലും അന്നു രാവിലെ 7നും 8നും ഇടയ്ക്ക് അലങ്കരിച്ച ഗുരുദേവ ചിത്രങ്ങൾക്കു മുന്നിൽ 5 തിരിയിട്ട നിലവിളക്ക് കൊളുത്തി കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു പ്രാർഥിക്കണമെന്നു യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അറിയിച്ചു. ഗുരുസ്മരണ, ഗുരുഷഡ്ഗം, ഗുരുസ്തവം, ഭദ്രകാള്യഷ്ടകം, ദൈവദശകം, ഗദ്യപ്രാർഥന എന്നിവയാണു ചൊല്ലേണ്ടത്.

എംഎസ്എംഇകളുടെ മൂന്നുമാസ വാടക ഒഴിവാക്കി

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായ ലോക്ക്ഡൗണിൽ പ്രവർത്തനം മുടങ്ങിയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) മൂന്നു മാസത്തെ വാടക അടയ്ക്കേണ്ട. വ്യവസായ വകുപ്പ് ഇറക്കിയ ഉത്തരവ് പ്രകാരം മാർച്ച്, ഏപ്രിൽ , മെയ് മാസങ്ങളിലെ വാടകയാണ് ഒഴിവാക്കിയത്. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവരുടെ കെട്ടിടങ്ങളിലും ഭൂമിയിലും പ്രവർത്തിക്കുന്ന എംഎസ്എം ഇകൾക്കാണ് ഇളവ്. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ 70 ശതമാനത്തോളം എംഎസ്എംഇ വിഭാഗത്തിൽ പെടുന്നതാണ്. ലോക്ക് ഡൗൺ വന്നതോടെ ഇവിടങ്ങളിൽ ഉൽപ്പാദനവും വിൽപ്പനയും നിലച്ചു. ഓർഡറുകൾ വലിയതോതിൽ റദ്ദായി. ഇതോടെ, പല സ്ഥാപനങ്ങളും പ്രതിസന്ധിയിലായി. ഈ സാഹചര്യത്തിലാണ് മൂന്നു മാസ വാടക ഒഴിവാക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചത്.

ഇനി നോ ടെൻഷൻ; വിവിധ പരിപാടികളുമായി സാംസ്കാരിക വകുപ്പ്

തിരുവനന്തപുരം: കൊവിഡ് 19 വ്യാപനത്തെ തുടർന്ന് വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിയുന്നവരുടെ മാനസിക പിരിമുറുക്കവും സംഘർഷവും ഒഴിവാക്കാൻ വ്യത്യസ്തങ്ങളായ പരിപാടികളുമായി സാംസ്കാരിക വകുപ്പ്.ഇതിലൂടെ അവരെ മാനസിക ഉല്ലാസത്തോടെ കഴിയാൻ കഴിയാൻ പ്രേരിപ്പിക്കുമെന്ന് അധികൃതർ.

ഭാരത് ഭവൻ

സാംസ്കാരിക വകുപ്പിന്റെ സാംസ്കാരിക വിനിമയ സ്ഥാപനമായ ഭാരത് ഭവൻ വിവിധ സാംസ്കാരിക മത്സരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റിയാലിറ്റി ടെലിഫിലിം മേക്കിങ്, മൈബുക്ക്, തിയേറ്റർ, ഒന്നുപാടാമോ, ഡബ്സ്മാഷ്, കവിത, കഥ, രുചിക്കൂട്ട്, ചിത്രശിൽപ കൈവേലകൾ, മുത്തശ്ശിക്കഥ, പൂന്തോട്ടം, പെറ്റ്സ് എന്നീ വിഷയങ്ങളിലുള്ള രണ്ട് മുതൽ മൂന്ന് മിനുട്ട് വരെയുള്ള സൃഷ്ടികൾ തയ്യാറാക്കി അയക്കാം. ഏപ്രിൽ 20 നുള്ളിൽ bharathbhavankerala@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയക്കണം.

സാഹിത്യ അക്കാദമി

കേരള സാഹിത്യ അക്കാദമി വിപുലമായ വായനയ്ക്ക് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അക്കാദമിയുടെ വെബ്സൈറ്റിലെ (www.keralasahityaakademi.org) ഓൺലൈൻ ലൈബ്രറിയിലൂടെ ഉള്ളൂർ, ആശാൻ, വള്ളത്തോൾ, ചങ്ങമ്പുഴ എന്നിവരുടെ എല്ലാ കൃതികളും വായിക്കാം. മലയാളത്തിലെ പ്രശസ്തരായ 200 സാഹിത്യപ്രതിഭകളുടെ ചിത്രങ്ങൾ, കൈയക്ഷരം, അവരുടെ ശബ്ദം, ചെറു ജീവചരിത്രക്കുറിപ്പ് എന്നിവ ചിത്രശാല എന്ന വിഭാഗത്തിൽ സമാഹരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയുടെ എല്ലാ പ്രസിദ്ധീകരണങ്ങളും വെബ്സൈറിൽ ലഭ്യമാണ്. അക്കാദമിയുടെ യൂട്യൂബ് ചാനലിൽ സച്ചിദാനന്ദൻ, സക്കറിയ, സുനിൽ പി. ഇളയിടം, എം.എൻ. കാരശ്ശേരി, കെ.ഇ.എൻ, ബി. രാജീവൻ തുടങ്ങിയവരുടെ പ്രഭാഷണങ്ങളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വൈജ്ഞാനിക പുസ്തകങ്ങൾ തിരുവനന്തപുരം ജില്ലയിൽ ആവശ്യക്കാർക്ക് നേരിട്ട് എത്തിച്ച് നൽകും. http://www.keralabhashainstitute.org/ എന്ന വെബ്സൈറ്റിൽ കാറ്റലോഗ് പരിശോധിച്ച് പുസ്തകങ്ങൾ വാട്സ്ആപ്പിലോ ഫോൺ മുഖേനയോ ആവശ്യപ്പെടാം. ഫോൺ 9446587722, 9447972346, 9746980982.

മലയാളം മിഷൻ

ലോകത്തെങ്ങുമുള്ള മലയാളികൾ

ക്കും മലയാളം ഭാഷാ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്കുമായി മലയാളം മിഷൻ വൈവിധ്യമാർന്ന പരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് വീട്ടിലെ കളികൾ മലയാളം മിഷന്റെ ഫേസ്ബുക്ക് പേജിലൂടെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാം. 'കളിക്കാം വായിക്കാം, സമ്മാനം നേടാം' എന്ന സാഹിത്യ മത്സരത്തിൽ കുട്ടികൾക്ക് പങ്കെടുക്കാം. അതോടൊപ്പം 'വീട്ടിലെ പാട്ട്, നാട്ടിലെ കൂട്ട്' എന്ന അന്താക്ഷരി ചലഞ്ചാണ് മറ്റൊന്ന്. ഇഷ്ടമുള്ള നാലു വരി സിനിമാ പാട്ട് പാടി നാട്ടിലെ ഏതെങ്കിലും കുട്ടിയെ ചലഞ്ച് ചെയ്യാം. ആ പാട്ടിലെ ഒരു വാക്ക് വരുന്ന പാട്ടായിരിക്കണം ചലഞ്ചിൽ പങ്കെടുക്കുന്ന കുട്ടി തുടർന്ന് പാടേണ്ടത്. ആ കുട്ടിക്ക് കേരളത്തിന് പുറത്തുള്ള വേറൊരു കുട്ടിയുമായി ചലഞ്ച് തുടരാം. ഇവ മലയാളം മിഷന്റെ ഫേസ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്യും. തെരഞ്ഞെടുത്ത വീഡിയോകൾക്ക് സമ്മാനം നൽകും. മികച്ചവ മലയാളം മിഷന്റെ റേഡിയോ മലയാളത്തിലും യൂട്യൂബിലും സംപ്രേഷണം ചെയ്യും. ഏപ്രിൽ 14 ന് ഈ ചലഞ്ച് അവസാനിക്കും. മലയാളം മിഷന്റെ വിവിധ ചാപ്റ്ററുകൾ മുഖേന കൊറോണ ഹെൽപ് ഡസ്കുകളും റേഡിയോ മലയാളം മുഖേന വിവിധ മത്സരങ്ങളും നടത്തിവരുന്നുണ്ട്.

മാപ്പിള കലാ അക്കാദമി

മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി മാപ്പിളപ്പാട്ട് മത്സരം സംഘടിപ്പിക്കും. പാടുന്നവർക്കും പാട്ട് എഴുതുന്നവർക്കും പങ്കെടുക്കാം. നാല് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുക. 12 വയസ്സുവരെ ബാല്യം, 19 വരെ കൗമാരം, 35 വരെ യൗവനം, 36 മുതൽ പൊതുവിഭാഗം എന്നിങ്ങനെയാണ് വിഭാഗങ്ങൾ. മാപ്പിളപ്പാട്ട് രംഗത്തെ പ്രമുഖർ വിധി നിർണയിക്കും. പാട്ടുകാർ രണ്ടു പാട്ടുകൾ മൊബൈലിൽ പകർത്തി ജനന തിയതി തെളിയിക്കുന്ന രേഖയുടെ ഇമേജ് സഹിതം 9207173451 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയക്കാം. അവസാന തിയ്യതി ഏപ്രിൽ 10. കൂടുതൽ വിവരങ്ങൾ മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ യൂട്യൂബ് ചാനലി ലൂടെ മനസ്സിലാക്കാം. വൈദ്യർ മഹോത്സവങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട മാപ്പിളപ്പാട്ട് റിയാലിറ്റി ഷോ, മാപ്പിള കലകളുടെ അവതരണം, വൈദ്യർ സ്മാരക പ്രഭാഷണം എന്നിവയുടെ വീഡിയോ സാംസ്കാരിക മന്ത്രിയുടെ വെബ്സൈറ്റിലും ലഭിക്കും.

ഫോക്‌ലോർ അക്കാദമി

കേരളത്തിലെ നാടൻ കലാ വിജ്ഞാനത്തെ മുൻനിർത്തി ഒരു യുട്യൂബ് ചാനൽ കേരള ഫോക്‌ലോർ അക്കാദമി ആരംഭിക്കും. നാടൻ കലകളെക്കുറിച്ച് പ്രമുഖരുടെ പ്രഭാഷണങ്ങൾ ഈ ചാനലിലൂടെ ആസ്വദിക്കാം. രവികുമാർ , സി.ജെ. കുട്ടപ്പൻ , കീച്ചേരി രാഘവൻ , ഗീത കാവാലം , വൈ.വി. കണ്ണൻ തുടങ്ങിയവർ പങ്കെടുക്കും. കുട്ടികൾക്കായി നാടൻപാട്ട് സിംഗിൾ റിയാലിറ്റി ഷോ ഓൺലൈനിൽ സംഘടിപ്പിക്കും. 100 നാടൻകലകളെക്കുറിച്ചുള്ള ലഘുവിവരണ ഗ്രന്ഥം അക്കാദമി തയാറാക്കും. തോറ്റം പാട്ടുകൾ ശേഖരിച്ച് ഓൺലൈനിൽ ലഭ്യമാക്കും.

വജ്ര ജൂബിലി ഫെലോഷിപ്പ്

കൊറോണ രോഗബാധ പടരുന്നത് തടയുന്നതിന് ആവശ്യമായ സാമൂഹ്യ അകലം, വ്യക്തിശുചിത്വം എന്നിവ പാലിക്കുന്നതിനുള്ള സന്ദേശം ജനങ്ങളിലെത്തിക്കാൻ സർഗാത്മക ആവിഷ്കാരങ്ങൾ വജ്ര ജൂബിലി ഫെലോഷിപ്പ് കലാകാരന്മാർ സംസ്ഥാനത്തെമ്പാടും നടത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർണയിച്ചിട്ടുള്ള 173 ക്ലസ്റ്ററുകളിലായി വിന്യസിക്കപ്പെട്ട 1000 കലാകാരന്മാർ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രചാരണ പരിപാടികൾ നടത്തിവരുന്നു. സംഗീതം, ഏകാംഗ നാടകം, ഓട്ടൻ തുള്ളൽ, തിരുവാതിര, മാപ്പിളപ്പാട്ട്, നാടൻപാട്ട്, ചിത്രരചന, ഇൻസ്റ്റലേഷൻ തുടങ്ങിയ കലാരൂപങ്ങൾ സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ച് അവർ പ്രതിരോധം സൃഷ്ടിക്കുന്നു. കൂടാതെ മാസ്കുകൾ, സാനിട്ടൈസർ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുന്നതിലും സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് കലാകാരന്മാർ വ്യാപൃതരാണ്.

സാംസ്കാരിക വകുപ്പ്

സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച വിവിധ വിവിധ പരിപാടികൾ ജനങ്ങൾക്ക് ലഭ്യമാകാൻ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ഫെയ്സ്ബുക്ക് പേജിലൂടെ പുനഃസംപ്രേഷണം ചെയ്യും. 2016 മുതൽ ജനകീയമായി നടത്തിയ സിനിമാ അവാർഡുകൾ, ചലച്ചിത്രമേളകൾ, സാംസ്കാരിക വിനിമയ പരിപാടികൾ തുടങ്ങിയവയുടെ വിഡിയോകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുമെന്നു സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ. ബാലൻ.

കൊവിഡ്: പ്രത്യേക പരിഗണന വേണ്ടവർക്കായി ഹെൽപ് ഡെസ്ക്ക്

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി ഹെൽപ് ഡെസ്ക്ക് സ്ഥാപിക്കും. കൊവിഡ് 19ന്റെ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ ഉത്തരവായി.

ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സണായിരിക്കും ഹെൽപ് ഡെസ്ക്കിന്റെ ചുമതല. മറ്റു ചുമതലക്കാരെ ഭരണസമിതി തീരുമാനിച്ച് ഉൾപ്പെടുത്തും. ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്കും ഡെസ്ക്കിന്റെ നടത്തിപ്പ് സംബന്ധിച്ച ഉത്തരവാദിത്തങ്ങൾ നൽകും. തുടക്കത്തിൽ ഓഫീസ് സമയത്തും ആവശ്യമെങ്കിൽ അധിക സമയവും പ്രവർത്തിക്കുന്ന രീതിയിലാവും ഒരുക്കുക. ഡെസ്ക്കിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്സാപ്പുള്ള രണ്ട് ഫോൺ നമ്പറുകളുണ്ടാവും.

ഹെൽപ് ഡെസ്ക്ക് പ്രവർത്തനത്തിന്റെ ഫീൽഡ്തല ഉത്തരവാദിത്തം വാർഡ്തല സമിതികൾക്കാണ്. വാർഡിലെ അയൽക്കൂട്ടങ്ങൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ ഗ്രൂപ്പുകൾ എന്നിവയിലൂടെ ഏകോപിപ്പിക്കും. ഓരോ വാർഡ്തല സമിതിയിലും ഒരു സെൽഫോൺ കോവിഡുമായി ബന്ധപ്പെട്ട ആശയവിനിമയത്തിനായി മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ കലക്റ്ററേറ്റ്, സംസ്ഥാനതല കോവിഡ് വാർ റൂം എന്നിവയ്ക്കു പുറമെ പ്രാഥമികാരോഗ്യ കേന്ദ്രം, ആരോഗ്യ വകുപ്പ്, പോലീസ്, കമ്മ്യൂണിറ്റി കിച്ചൻ, ഐസിഡിഎസ്, റേഷൻ വിതരണ സംവിധാനം, ആംബുലൻസ്, മറ്റ് അവശ്യ സർവീസുകൾ എന്നിവയുമായും ഹെൽപ് ഡെസ്ക്കിനെ ബന്ധിപ്പിക്കും.

സവിശേഷ പരിഗണന ആവശ്യമുള്ളവരുടെ വീടുകളിൽ ഹെൽപ് ഡെസ്ക്ക് ഫോൺ നമ്പരുകൾ ഒരു സ്ലിപ്പിൽ പ്രിന്റ് ചെയ്ത് വ്യക്തമായി കാണുന്ന രീതിയിൽ പതിപ്പിക്കണം. ലോക്ക്ഡൗണിന്റെ സാഹചര്യത്തിൽ പ്രിന്റ് ചെയ്ത സ്ലിപ്പ് പതിപ്പിക്കുന്നതിന് സാധ്യത ഇല്ലെങ്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഹെൽപ്പ് ഡെസ്ക്കിന്റെ ഫോൺ നമ്പരുകൾ കൈമാറി അവ വ്യക്തമായി എഴുതിയ കടലാസ് ഓരോ വീട്ടിലും പതിപ്പിക്കാൻ നിർദേശം നൽകാം. ഒറ്റയ്ക്ക് താമസിക്കുന്നവർ, ആശ്രയമില്ലാത്ത കിടപ്പുരോഗികൾ, വീടില്ലാത്തവർ എന്നിവരുടെ ചുമതല സമീപത്തുള്ള ഒരാളിനെ ഏൽപ്പിക്കണം. ആവശ്യമെങ്കിൽ ഫോൺ മുഖേന ഈ വ്യക്തി ഹെൽപ്പ് ഡെസ്ക്കിൽ ബന്ധപ്പെട്ട് വിവരം അറിയിക്കണം.

തദ്ദേശ സ്ഥാപനത്തിലും വാർഡ് തലത്തിലും നൽകുന്ന ഓരോ സേവനവും രജിസ്റ്ററിൽ രേഖപ്പെടുത്തണം. ഈ വിവരങ്ങൾ അവലോകന യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യണം. സമൂഹ വ്യാപനം തടയുന്നതിനാവശ്യമായ ഇടപെടലുകൾ, സുരക്ഷയ്ക്കായുള്ള റിവേഴ്സ് ക്വാറന്റൈൻ, ക്വാറന്റൈൻ സെന്ററുകളിലേക്ക് രോഗലക്ഷണമുള്ളവരെ മാറ്റിപാർപ്പിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടു നൽകുന്ന സേവനങ്ങൾ സവിശേഷ പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നുവെന്ന ഉറപ്പുവരുത്തൽ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കൽ എന്നിവ ഹെൽപ് ഡെസ്ക്കിലൂടെ ഏകോപിപ്പിക്കും. സവിശേഷ പരിഗണന വേണ്ട വിഭാഗങ്ങളെക്കുറിച്ചും ഇവർക്ക് ഉറപ്പാക്കേണ്ട സഹായങ്ങളെപ്പറ്റിയും ഇത് സംബന്ധിച്ച ഉത്തരവിൽ അനുബന്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

ഓൺലൈൻ കലോത്സവത്തിന് കൊടിയിറങ്ങി

സ്വന്തം ലേഖകൻ

കൊച്ചി: കലോത്സവശൈലികൾക്ക് പുത്തൻ മുഖം നൽകിയ കൊച്ചിൻ സർവകലാശാല എസ്എഫ്ഐ യൂണിറ്റ് കമ്മിറ്റി സംഘടിപ്പിച്ച ഓൺലൈൻ കലോത്സവം കൊടിയിറങ്ങി. കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി നടന്ന കലോത്സവത്തിൽ വിവിധ ജില്ലകളിൽ നിന്നും സ്വന്തം വീടുകളിൽ ക്വാറന്റൈനിൽ കഴിഞ്ഞു കൊണ്ടുതന്നെ 716 വിദ്യാർഥികളാണ് 42 ഇനങ്ങളിലായി പങ്കെടുത്തത്.

സമൂഹമാധ്യമങ്ങളേയും വിവിധ ഡിജിറ്റൽ സാധ്യതകളേയും പരാമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തിയ ഈ സർഗോത്സവം സങ്കേതിക ലോകത്തിന് ഒരു പുതിയ അനുഭവം തന്നെയായിരുന്നു. അവസാന ദിവസമായിരുന്ന ഇന്നലെ ക്രാഫ്റ്റ് മേയ്ക്കിങ്, ഫാൻസിഡ്രസ്സ്, നാടോടി നൃത്തം, ഹിന്ദി കഥാരചന, കവിതാരചന, ഉപന്യാസരചന, എലക്യൂഷൻ, റെസിറ്റേഷൻ, ഇൻസ്ട്രുമെന്റൽ പെർക്യൂഷൻ ഈസ്റ്റേൺ, ഇൻസ്ട്രുമെന്റൽ നോൺ പെർക്യൂഷൻ വിന്റ് ഈസ്റ്റേൺ, ഇൻസ്ട്രുമെന്റൽ നോൺ പെർക്യൂഷൻ സ്ട്രിങ് ഈസ്റ്റേൺ, മോണോ ആക്റ്റ്, മിമിക്രി എന്നീ ഇനങ്ങളാണ് നടന്നത്.

കൊറോണ പ്രതിരോധത്തിന് വേണ്ട വിധം പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായി വിവിധ രചനാ മത്സരങ്ങളുടെ വിഷയങ്ങളിൽ 'Break The Chain' എന്ന വിഷയം ഉൾപ്പെടുത്തിയിരുന്നു. വിവിധ ജില്ലകളിൽ നിന്നായി 23 പേരാണ് 'ക്വാറന്റൈൻ' നിയന്ത്രിച്ചിരുന്നത്. തിരക്കിട്ട ജീവിതത്തിന്റെ ആവർത്തനവിരസതകൾക്ക് താൽക്കാലി കവിരാമിട്ട ക്വാറന്റൈൻ ദിനങ്ങളിൽ തങ്ങളുടെ കലാമികവ് പ്രദർശിപ്പിക്കാനായി ഒരുക്കിയ ഈ ഓൺലൈൻ കലോത്സവത്തിന് കേരളത്തിനകത്തും പുറത്തും നിന്നായി നല്ല സ്വീകാര്യതയാണ് ലഭിച്ചത്. സാങ്കേതികതയ്ക്ക് സർഗാത്മകതയുടെ നിറം പകർന്ന ഈ ഓൺലൈൻ കലോത്സവത്തിന് ഇന്നലെ പര്യസവസാനമായി.

വികലാംഗ കോർപ്പറേഷന് ₹20 കോടിയുടെ ഗ്യാരന്റി

തിരുവനന്തപുരം: ദേശീയ വികലാംഗ ധനകാര്യ കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിങ് ഏജൻസിയായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് കേരളത്തിലെ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നതിന് ബാങ്ക് ഗ്യാരന്റിയായി 20 കോടി രൂപ അനുവദിച്ച് ഉത്തരവായതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു.

നിലവിലുണ്ടായിരുന്ന ആറു കോടിയുടെ ഗ്യാരന്റി പുതുക്കുന്നതിനും എട്ടുകോടിയുടെ പുതിയ കരാർ നടപ്പിലാക്കുന്നതിനും പുതുതായി ആറു കോടി രൂപ അനുവദിക്കുന്നതിനുമാണ് ഉത്തരവിട്ടിരിക്കുന്നത്. ഇതുവഴി നിരവധി പുതിയ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നതിനും അതുവഴി അവരുടെ പുനരധിവാസവും ശാക്തീകരണവും ഉറപ്പുവരുത്തുന്നതിനും സാധിക്കും.

അഡ്വക്കറ്റ് ക്ലർക്ക്മാർക്ക് 3000 രൂപ സഹായം

തിരുവനന്തപുരം: കോടതികൾ അടച്ചതിനെ തുടർന്ന് വരുമാനം ഇല്ലാതായ അഡ്വക്കറ്റ് ക്ലർക്ക്മാരുടെ സുരക്ഷയ്ക്കായി അഡ്വക്കറ്റ് ക്ലർക്ക് ക്ഷേമനിധിയിൽ നിന്നു സാമ്പത്തിക സഹായം നൽകും. ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ അഡ്വക്കറ്റ്സ് ക്ലർക്കുമാർക്കും 3000 രൂപ വരെ ആശ്വാസ ധനസഹായം നൽകും. ഇതിനായി ക്ഷേമനിധിച്ചട്ടങ്ങളിൽ 15 ബി എന്ന പുതിയ ചട്ടം ചേർക്കുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

നിലവിൽ ക്ഷേമ നിധി അംഗങ്ങൾക്കും ആശ്രിതർക്കും വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ധനസഹായം നൽകുന്നു. എന്നാൽ അപ്രതീക്ഷിതമായ പകർച്ചവ്യാധിയോ സാംക്രമിക രോഗങ്ങളോ കാരണം തൊഴിൽചെയ്യാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ സാമ്പത്തിക സഹായത്തിന് അർഹതയുണ്ടായിരുന്നില്ല. അത് പരിഹരിക്കുന്നതിനാണ് കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ചട്ടങ്ങളിൽ പുതിയ ഭേദഗതി വരുത്തിയത്.

നാളെ മുതൽ വീണ്ടും മഴക്ക് സാധ്യത

തിരുവനന്തപുരം: വേനൽ ചൂടിൽ വെന്തുരുകിയ കേരളത്തിൽ നാളെ മുതൽ മഴക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. കഴിഞ്ഞയാഴ്ചയും കേരളത്തിൽ വിവിധയിടങ്ങളിൽ മഴ ലഭിച്ചിരുന്നു. പിന്നാലെ ചൂട് വർധിക്കുകയും ഉഷ്ണ തരംഗ മുന്നറിയിപ്പ് വരെ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ആശ്വാസമായി വീണ്ടും മഴയുടെ സാധ്യത തെളിയുന്നത്. നാളെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി. തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഴക്ക് സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. ശേഷം ഏഴാം തിയതി വരെയും പരക്കെ മഴക്ക് സാധ്യതയുണ്ട്. സംസ്ഥാനത്ത് ഇന്നലെ ആലപ്പുഴ,കോട്ടയം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ താപനില രണ്ടു മുതൽ മൂന്നു ഡിഗ്രി വരെ ഉയരുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. ഇന്നലെ ഏറ്റവും ഉയർന്ന താപനില പാലക്കാട് 39.0 രേഖപ്പെടുത്തി. തൃശൂരിലെ വെള്ളാനിക്കര 38.6, കോട്ടയം 38.3, പുനലൂർ 37.2, ആലപ്പുഴ 37.1 ഡിഗ്രിയും രേഖപ്പെടുത്തി. ഇന്നു താപനില സംബന്ധിച്ച മുന്നറിയിപ്പുകളൊന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നൽകിയിട്ടില്ല.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി വാദം തെറ്റ്: ബെഫി

കൊച്ചി: സാമൂഹ്യക്ഷേമ പദ്ധതികളുടെ വിതരണത്തിന് ജീവനക്കാരെ ബാങ്ക്ശാഖകളിൽ വിളിച്ചുവരുത്തിയെന്ന സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽആർസി) യുടെ വാദം തെറ്റാണെന്ന് ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ബെഫി). കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ടും ക്ഷേമ പദ്ധതികളുടെ വിതരണത്തിനും ശാഖകളുടെ പ്രവർത്തന സമയം നിയന്ത്രിച്ചിട്ടുണ്ട്. ഒരു ശാഖയിലും ജീവനക്കാരുടെ കുറവ് കാരണം പെൻഷനോ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിതരണമോ തടസ്സപ്പെട്ടിട്ടില്ല. ബാങ്ക് ശാഖകളിലേക്ക് ആളുകളെ വിളിച്ചുവരുത്തിയെന്നും പൊലീസ് തടഞ്ഞെന്നുമുള്ള പ്രചാരണം വ്യാജമാണെന്നും ബെഫി സംസ്ഥാന പ്രസിഡന്റ് ടി. നരേന്ദ്രൻ ജനറൽ സെക്രട്ടറി എസ്.എസ്.അനിൽ എന്നിവർ അറിയിച്ചു.

എസ്ബിഐ, ബാങ്ക് ഓഫ് ബറോഡ, സിണ്ടിക്കേറ്റ് ബാങ്ക് എന്നിങ്ങനെയുള്ള ചില ബാങ്കുകൾ നൂറു ശതമാനം ജീവനക്കാരോടും ഹാജരാകാൻ നിർദേശിച്ചിട്ടുണ്ട്. എസ്എൽആർസി ചുമതലയുള്ള കനറാ ബാങ്കിന് കോഴിക്കോട് കണ്ണൂർ റീജണൽ ഓഫിസിൽ നൂറു ശതമാനം ജീവനക്കാരോടും ഹാജരാകാൻ നിർദേശം നൽകി. കാസർകോട് ജില്ലയിൽ ഏറ്റവുമധികം കൊറോണ ബാധിതരുള്ള ഉദുമ പഞ്ചായത്തിലെ ശാഖകളിലുൾപ്പടെ എല്ലാ ജീവനക്കാരും ഹാജരാകണമെന്നാണ് ഈ ബാങ്കുകൾ നിർദ്ദേശിച്ചത്. വാർഷിക കണക്കെടുപ്പിനും മെഗാലയനത്തിനുമാണ് ചില ബാങ്കധികാരികൾ ജീവനക്കാരോട് ഹാജരാകാൻ പറഞ്ഞത്. വ്യാഴാഴ്ച ലയനവുമായി ബന്ധപ്പെട്ട് ഇന്ത്യൻ ബാങ്കിന്റെ പല ശാഖകളുടെയും പ്രവർത്തനം ഉച്ചക്ക് ശേഷമാണ് ആരംഭിച്ചത്.

ശാഖകളിലെ ദിവസക്കൂലിക്കാർക്ക് ജോലിക്ക് ഹാജരാകുന്നതിന് തിരിച്ചറിയൽ രേഖയോ പാസോ നൽകുന്നതിന് എസ്എൽആർസി ചുമതലയുള്ള കനറാ ബാങ്കുൾപ്പടെ തയാറായിട്ടില്ല. അവരുടെ കൂലിയും പല ബാങ്കുകളും ഇനിയും നൽകിയിട്ടില്ല. ദിവസക്കൂലിക്കാർക്ക് ഹാജരാകാനാകാത്തതിനാൽ പല ശാഖകളിലും ശുചീകരണം വേണ്ട രീതിയിൽ നടക്കുന്നില്ലെന്നും ഭാരവാഹികൾ ആരോപിച്ചു.

ഇന്നു നിങ്ങൾക്ക്



ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

●അശ്വതി: ആരോഗ്യം തൃപ്തികരമായിരിക്കും. സൽകീർത്തിയും സജ്ജന ബഹുമാന്യതയും സർവകാര്യവിജയവും സൗഖ്യവും സമാധാനവും ഉണ്ടാകും. ശുഭാപ്തിവിശ്വാസം വർധിക്കും.

●ഭരണി: സന്താന സൗഖ്യമുണ്ടാകും. വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞുമാറും. ആത്മവിശ്വാസം വർധിക്കും. മംഗളകർമങ്ങൾക്ക് നേതൃത്വം നൽകും. വ്യവസ്ഥകൾ പാലിക്കാൻ സാധിക്കും.

●കാർത്തിക: സഹോദരങ്ങൾ വിരോധികളായിത്തീരും. ക്രയവിക്രയങ്ങളിൽ പ്രതീക്ഷിച്ച നേട്ടമുണ്ടാവുകയില്ല. ഉപകാരം ചെയ്തുകൊടുത്തവർ വിപരീതമായിത്തീരും. പകർച്ചവ്യാധി പിടിപെടും.

●രോഹിണി: നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കുവാനിടവരും. സംഘനേതൃത്വസ്ഥാനം വഹിക്കും. നയതന്ത്രങ്ങൾ ഫലവത്താകും. സദ്ചിന്തകൾ വർധിക്കും. ഉപരിപഠനത്തിന് പ്രവേശനം ലഭിക്കും.

●മകയിരം: സജീവസാന്നിദ്ധ്യത്താൽ സർവകാര്യവിജയമുണ്ടാകും. ആത്മവിശ്വാസവും പ്രവർത്തനക്ഷമതയും സ്വസ്ഥതയും സമാധാനവും കുടുബത്തിൽ ഐശ്വര്യവും ഭാര്യാ ഭർത്തൃഐക്യതയും ഉണ്ടാകും.

●തിരുവാതിര: വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും. ആത്മവിശ്വാസം കുറയും. ദൂരയാത്ര മാറ്റി വെക്കും. ആരാധനാലയ ദർശനത്താൽ ആശ്വാസം തോന്നും.

●പുണർതം: സന്ധിസംഭാഷണം, ചർച്ചകൾ, വ്യവഹാരം തുടങ്ങിയവയിൽ വിജയിക്കും. സഹപാഠികളോടൊപ്പം ഉല്ലാസയാത്ര പുറപ്പെടും. സന്താനസംരക്ഷണത്താൽ ആശ്വാസം തോന്നും.

●പൂയം: ഗൃഹനിർമാണം ഏറെക്കുറെ പൂർത്തിയാകും. ആസൂത്രണങ്ങളിൽ അന്തിമവിജയമുണ്ടാകും. കുടുംബസമേതം പുണ്യതീർഥ ഉല്ലാസയാത്ര പുറപ്പെടും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും.

●ആയില്യം: സ്വന്തം ആശയവും അന്യരുടെ പണവും സമന്വയിപ്പിച്ച പദ്ധതികൾക്ക് അന്തിമരൂപം തയാറാകും. മുൻകോപം നിയന്ത്രിക്കണം. രക്തസമർദ്ദം വർധിക്കും. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിക്കണം.

●മകം: വിജ്ഞാനപ്രദമായ ചർച്ചകളിൽ പങ്കെടുക്കും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും.

●പൂരം: കർത്തവ്യബോധം വർധിക്കും. ആത്മവിശ്വാസവും ആഗ്രഹസാഫല്യവും ഉണ്ടാകും. ജന്മനാട്ടിലേക്ക് പോകാൻ അവധി ലഭിക്കും. മാതാപിതാക്കളുടെ ആവ ശ്യങ്ങൾ സാധിപ്പിക്കും.

●ഉത്രം: ദുഃഖസ്മരണകൾ വന്നുചേരും. അപൂർണമായ വാക്കുകൾ അബദ്ധങ്ങൾക്കു വഴിയൊരുക്കും. ആർഭാടങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. യാത്രാക്ലേശം വർധിക്കും.

●അത്തം: ആശയങ്ങൾ പ്രാവർത്തികമാകും. ഗ്രാമപ്രദേശത്തേക്ക് ഉദ്യോഗമാറ്റമുണ്ടാകും. വിമർശനങ്ങൾക്കു വിധേയനാകും. വിശ്വാസവഞ്ചനയിൽ അകപ്പെടരുത്. ഭരണ സംവിധാനത്തിലെ ക്രമക്കേടുകൾ പരിഹരിക്കും.

●ചിത്ര: സമ്മാന പദ്ധതികളിൽ വിജയിക്കും. ആദ്ധ്യാത്മിക ആത്മീയ പ്രഭാഷണങ്ങൾ കേൾക്കുവാനിടവരും. സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. സേവനസാമർഥ്യത്താൽ ആഗ്രഹ സാഫല്യമുണ്ടാകും.

●ചോതി: ദമ്പതികളുടെ ആഗ്രഹങ്ങൾ പരിഗണിക്കപ്പെടും. വിമർശനങ്ങളിൽ നിന്നും കുറ്റവിമുക്തനാകും. പുതിയ തൊഴിലിന്റെ ആവശ്യത്തിനായി ദൂരയാത്രപുറപ്പെടും. ജാമ്യം നിൽക്കരുത്.

●വിശാഖം: ഇടപെടുന്ന കാര്യങ്ങളിൽ ഫലപ്രാപ്തിയുണ്ടാകും. നിർദ്ദേശങ്ങൾ സ്വീകരിച്ച് ഊഹക്കച്ചവടത്തിൽ പണം മുടക്കും. സുപ്രധാനമായ കാര്യങ്ങൾ തീരുമാനത്തിലെത്തും.

●അനിഴം: അധികാരപരിധി വർധിക്കും. വ്യായാമവും പ്രാണായാമവും വർധിക്കും. കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തും. അവ്യക്തമായ പണമിടാപാടിൽ നിന്നും പിന്മാറും.

●തൃക്കേട്ട: പ്രവൃത്തിയിൽ നിഷ്കർഷ വർധിക്കും. ഔദ്യോഗിക അനിശ്ചിതാവസ്ഥ തരണം ചെയും. വ്യവസ്ഥകൾ പാലിക്കും. പഠിച്ച വിദ്യാഭ്യാസ്ഥാപനത്തിൽ പോകുവാനിടവരും.

●മൂലം: നിസാരകാര്യങ്ങൾക്ക് കൂടുതൽ പ്രയത്നം വേണ്ടിവരും. ശുഭകർമങ്ങളിൽ നിന്നും പിന്മാറുകയാണു നല്ലത്. ജാമ്യം നിൽക്കുക, ചുമതലകൾ അന്യരെ ഏല്പിക്കുക, പണം കടം കൊടുക്കുക തുടങ്ങിയവ അരുത്.

●പൂരാടം: സ്വപ്നസാക്ഷാൽക്കാരമുണ്ടാകും. അവഗണിക്കപ്പെട്ട വിഷയങ്ങൾ പരിഗണിക്കപ്പെടും. ജനസ്വാധീനം വർധിക്കും. സാമ്പത്തികവരുമാനം വർധിക്കും. വ്യവസ്ഥകൾ പാലിക്കും

●ഉത്രാടം: ആരോടും കലഹത്തിനു പോകരുത്. പ്രവർത്തനക്ഷമതയും ആത്മവിശ്വാസവും വർധിക്കും. സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കും. പുതിയ കരാറു ജോലി ഏറ്റെടുക്കും.

●തിരുവോണം: ദൂരയാത്ര വേണ്ടിവരും. പരാജയത്തെ അതിജീവിക്കും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ ഐക്യതയും ഉണ്ടാകും.

●അവിട്ടം: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങുവാൻ അവസരമുണ്ടാകും. ബന്ധുക്കൾ വിരുന്നുവരും. ഭൂമിക്രയവിക്രയങ്ങളിൽ പണം മുടക്കും. സുഖഭക്ഷണവും സുഖസുഷുപ്തിയും സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

●ചതയം: സ്വത്തുഭാഗം വെക്കുന്നതിൽ സർവർക്കും തൃപ്തിയായ നിലപാട് സ്വീകരിക്കും. പുതിയ ഉദ്യോഗത്തിൽ പ്രവേശിക്കാൻ യാത്രപുറപ്പെടും. കഠിനപ്രയത്നങ്ങൾക്ക് സ്വല്പം ഫലമുണ്ടാകും.

●പൂരോരുട്ടാതി: സ്വയംഭരണാധികാരം ലഭിക്കും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കും. ചർച്ചകൾ വിജയിക്കും. പദ്ധതിയുടെ അന്തിമരൂപം തയാറാകും. മംഗളകർമങ്ങളിൽ പങ്കെടുക്കും.

●ഉത്രട്ടാതി: സഹോദരസഹായഗുണമുണ്ടാകും. അനാവശ്യചിന്തകൾ ഉപേക്ഷിക്കണം. വാഹന ഉപയോഗം നിയന്ത്രിക്കണം. ഓർമശക്തി കുറയും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും.

●രേവതി: പ്രതികൂലസാഹചര്യങ്ങളെ തരണം ചെയും, ഭാവനകൾ യാഥാർഥ്യമാകും. സാമ്പത്തിക സുരക്ഷയ്ക്ക് മുൻതൂക്കം നൽകും. സുവ്യക്തമായ നിലപാട് സ്വീകരി ക്കും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്ല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

സച്ചിൻ ദൈവം തന്നെ: ശ്രീശാന്ത്

കൊച്ചി: ഇന്ത്യയുടെ 2011ലെ ഏകദിന ലോകകപ്പ് കിരീടനേട്ടത്തിന്റെ ഒമ്പതാം വാർഷികവും കടന്ന് പോയിരിക്കുന്നു. ക്രിക്കറ്റ് പ്രേമികളിൽ അവിസ്മരണീയ ഓർമകൾ സമ്മാനിച്ച 2011ലെ ഏകദിന ലോകകപ്പിന്റെ ഭാഗമായിരുന്നു മലയാളി താരം ശ്രീശാന്ത് ഇതിഹാസ താരം സച്ചിൻ ടെണ്ടുൽക്കറെ പുകഴ്ത്തി രംഗത്തെത്തിയിരിക്കുകയാണ്. ക്രിക്കറ്റ് ദൈവമെന്ന വിളിപ്പേര് സച്ചിന് വിശേഷണം മാത്രമല്ല അത് സത്യമാണെന്നാണ് ശ്രീശാന്ത് അഭിപ്രായപ്പെട്ടത്. ക്രിക്കറ്റ് കരിയറിലെ ഏറ്റവും വലിയ ഭാഗ്യം സച്ചിന്റെ ടെണ്ടുൽക്കറുടെ കാലഘട്ടത്തിൽ കളിക്കാൻ സാധിച്ചതാണ്. അദ്ദേഹത്തിനൊപ്പം കളിക്കാൻ സാധിച്ചത് അവിശ്വസനീയമാണ്. ഇന്ത്യയെ ഇത്രയും ഉയരത്തിലേക്കെത്തിച്ച അദ്ദേഹം തന്നെയാണ് ക്രിക്കറ്റിന്റെ യഥാർഥ ദൈവം. ഞാനുൾപ്പെടെയുള്ള ലക്ഷക്കണക്കിനാളുകൾ ക്രിക്കറ്റ് കളിക്കാൻ തുടങ്ങിയത് സച്ചിനെക്കണ്ടിട്ടാണ്. അദ്ദേഹത്തെ കാണണമെന്ന് മാത്രമാണ് ഞാൻ ആഗ്രഹിച്ചത്. എന്നാൽ അദ്ദേഹത്തിനൊപ്പം കളിക്കാനും സച്ചിനൊപ്പം ലോകകപ്പ് കിരീടം നേടാനും സാധിച്ചു-ശ്രീശാന്ത് പറഞ്ഞു.

കൊവിഡ്-19: കായിക താരങ്ങളോട് പ്രധാനമന്ത്രി

ഒന്നിച്ച് പോരാടാം

കേരളത്തിൽനിന്ന് പി.ടി. ഉഷ, അഞ്ജു ബോബി ജോർജ്, കെ.ടി. ഇർഫാൻ

ന്യൂഡൽഹി: കൊറോണ വൈറസിനെതിരേ രാജ്യം ശക്തമായ പോരാട്ടം നടത്തിക്കൊണ്ടിരിക്കെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രമുഖ കായിക താരങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കർ, ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി, നിലവിലെ ക്യാപ്റ്റൻ വിരാട് കോഹ്‌ലി, ബാഡ്മിന്റൺ സെൻസേഷൻ പിവി സിന്ധു എന്നിവരടക്കം വ്യത്യസ്ത കായിക ഇനങ്ങളിൽപ്പെട്ട 49 കായിക താരങ്ങളുമായാണ് മോദി സംസാരിച്ചത്. 49 താരങ്ങളെക്കൂടാതെ കായിക മന്ത്രി കിരൺ റിജുവും കോൺഫറൻസിൽ പങ്കെടുത്തു.കോൺഫറൻസിൽ പങ്കു കൊണ്ടവരിൽ 12 പേർക്ക് അവരുടെ അഭിപ്രായം പറയാൻ മൂന്നു മിനിറ്റ് വീതം അനുവദിച്ചിരുന്നതായി കേന്ദ്ര കായിക മന്ത്രാലയം വ്യക്തമാക്കി.

സച്ചിൻ, ഗാംഗുലി, കോഹ്‌ലി എന്നിവരെക്കൂടാതെ മുൻ ഇതിഹാസ നായകൻ എം.എസ്. ധോണി, നിലവിൽ ടീമിന്റെ വൈസ് ക്യാപ്റ്റനായ രോഹിത് ശർമ, മുൻ ഇതിഹാസ ഓപ്പണർ വീരേന്ദർ സെവാഗ്, മുൻ പേസ് ഇതിഹാസം സഹീർ ഖാൻ, മുൻ സ്റ്റാർ ഓൾറൗണ്ടർ യുവരാജ് സിങ്, നിലവിൽ ടീമിന്റെ ഭാഗമായ കെ.എൽ. രാഹുൽ, ചേതേശ്വർ പുജാര എന്നിവരാണ് ക്രിക്കറ്റിൽ നിന്നും മോദിയുമായി വീഡിയോ കോൺഫറൻസിങ്ങിൽ സംബന്ധിച്ചതെന്നാണ് വിവരം.പി.ടി. ഉഷ (അത്‌ലറ്റിക്സ്), പുല്ലേല ഗോപീചന്ദ് (ബാഡ്മിന്റൺ), നീരജ് ചോപ്ര (ജാവ്‌ലിൻ ത്രോ) വിശ്വനാഥൻ ആനന്ദ് (ചെസ്), ഹിമാ ദാസ് (അത്‌ലറ്റിക്സ്), എംസി മേരികോം (ബോക്സിങ്), അമിത് ഫംഗൽ (ബോക്സിങ്), വിനേഷ് ഫോഗട്ട് (ഗുസ്തി), മനു ഭേക്കർ (ഷൂട്ടിങ്) എന്നിവരും വീഡിയോ കോൺഫറൻസിങ്ങിൽ പങ്കു ചേർന്നു.

ഉജ്ജ്വല പ്രകടനത്തിലൂടെ രാജ്യത്തിന്റെ അഭിമാനമുയർത്തിയവരാണ് കായിക താരങ്ങളെന്നും ഇനി രാജ്യത്തിന്റെ ആത്മവിശ്വാസമുയർത്താനും സാമൂഹിക അകലം പാലിക്കുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും പ്രധാനപ്പെട്ട റോൾ വഹിക്കാൻ ഇവർക്കാവുമെന്നും മോദി പറഞ്ഞു. പ്രധാനമായും അഞ്ചു കാര്യങ്ങൾ ജനങ്ങളോടുള്ള തങ്ങളുടെ സന്ദേശത്തിൽ ഉൾക്കൊള്ളിക്കാനാണ് പ്രധാനമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്. സങ്കൽപ്പ് (മഹാമാരിക്കെതിരായ പോരാട്ടം), സന്യാം (സാമൂഹിക അകലം പാലിക്കൽ), സകരാത്മക്ത (പോസിറ്റീവ് ചിന്താഗതി നിലനിർത്തൽ), സമ്മാൻ (മഹാമാരിക്കെതിരേ പോരാടുന്നവരെ ആദരിക്കൽ), സഹയോഗ് (സംസ്ഥാന, ദേശീയ ദുരിതാശ്വാസ നിധികളിലേക്കു സഹായം) എന്നിവയാണ് അഞ്ചു കാര്യങ്ങൾ. ശാരീരികവും ഒപ്പം മാനസികവുമായ ഫിറ്റ്നസ് നിലനിർത്തുന്നതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ ശ്രമിക്കണമെന്നും പ്രധാനമന്ത്രി താരങ്ങളോട് ആവശ്യപ്പെട്ടു.

കോവിഡ് പ്രതിരോധത്തിനായി പ്രത്യേകം രൂപീകരിച്ച പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്ക് നിർലോഭം സംഭാവന നൽകിയ കായിക താരങ്ങളെ നന്ദിയറിയിച്ച് പ്രധാനമന്ത്രി നേരിട്ട് രംഗത്തെത്തിയിരുന്നു. ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് മാത്രം സംസ്ഥാന അസോസിയേഷനുകളുടെ സഹകരണത്തോടെ 51 കോടി രൂപയാണ് കെയേഴ്സ് ഫണ്ടിലേക്ക് നൽകിയത്.

കായിക താരങ്ങളോട് പ്രധാനമന്ത്രി കായികതാരങ്ങളോട് വീഡിയോ കോൺഫ്രൻസ് നടത്തുന്നു.

കോലിയും സച്ചിനും സുരേഷ് റെയ്നയും രോഹിത് ശർമയും അജിൻക്യ രഹാനെയും ഇഷാന്ത് ശർമയും ഉൾപ്പെടെയുള്ള ക്രിക്കറ്റ് താരങ്ങൾ വ്യക്തിപരമായ നിലയിലും സംഭാവന നൽകിയിട്ടുണ്ട്. മിതാലി രാജ് ഉൾപ്പെടെയുള്ള വനിതാ താരങ്ങളും സംഭാവനകളുമായി രംഗത്തുണ്ട്.

വേണ്ടത് കോഹ്‌ലിയുടെ പോരാട്ടവീര്യം: പ്രധാനമന്ത്രി

ന്യൂഡൽഹി: കൊവിഡ് 19 വൈറസ് ബാധയെ ചെറുക്കാൻ നമുക്കുവേണ്ടത് ഇന്ത്യൻ ക്രിക്കറ്റ് ടീം നായകൻ വിരാട് കോഹ്‌ലിയുടെ പോരാട്ട വീര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിനായി മഹത്തായ നേട്ടങ്ങൾ സ്വന്തമാക്കിയവരാണ് കായികതാരങ്ങൾ. ഇപ്പോൾ അവർക്ക് മറ്റൊരു സുപ്രധാന ചുമതലയാണ് നിർവഹിക്കാനുള്ളത്. രാജ്യത്തിന് പ്രചോദനം നൽകുകയും സമൂഹത്തിൽ നല്ല ചിന്തകൾ വളർത്തുകയും ചെയ്യുക എന്നതാണത്. ഈ പോരാട്ടത്തിൽ നമ്മൾ ടീം ഇന്ത്യയായി പോരാടി ജയിക്കുമെന്ന് ഉറപ്പുണ്ടെന്നും കായികതാരങ്ങൾ നൽകുന്ന പ്രചോദനം രാജ്യത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് സഹായകരമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

സാമൂഹിക അകലം പാലിക്കുന്നതിന്റെയും പരിസര-വ്യക്തി ശുചിത്വത്തിന്റെയും കാര്യം ഊന്നി പറഞ്ഞ പ്രധാനമന്ത്രി ഈ പോരാട്ടം ജയിക്കാൻ നമുക്ക് വേണ്ടത് വിരാടിന്റെ പോരാട്ടവീര്യമാണെന്ന് വ്യക്തമാക്കിയതായി മുതിർ ടേബിൾ ടെന്നീസാ താരമായ അചന്ത ശരത് കമാൽ വ്യക്തമാക്കി.രാജ്യത്തെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകർക്കും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന പോലീസ് സേനയ്ക്കും ശരിയായ പരിഗണ കിട്ടുന്നു എന്ന് ഉറപ്പുവരുത്തിയതിന് കായികലോകം പ്രധാനമന്ത്രിയോട് നന്ദി പറഞ്ഞു.

യുവിയുടെ പരിഭവം തീർത്ത് രവി ശാസ്ത്രി

മുംബൈ: ഇന്ത്യയുടെ ലോകകപ്പ് നേട്ടത്തിന്റെ ഒമ്പതാം വാർഷികത്തിൽ ട്വിറ്ററിൽ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ചപ്പോൾ സച്ചിൻ ടെൻഡുൽക്കറെയും വിരാട് കോഹ്‌ലിയെയും മാത്രം ടാഗ് ചെയ്തതിൽ പരാതി പറഞ്ഞ യുവരാജ് സിംഗിന്റെ പരിഭവം തീർത്ത് ഇന്ത്യൻ പരിശീലകൻ രവി ശാസ്ത്രി. ലോകകപ്പ് നേട്ടത്തിന്റെ ഒമ്പതാം വാർഷികമായ ഇന്നലെ ട്വിറ്ററിലാണ് ശാസ്ത്രി ഇന്ത്യയെ അഭിനന്ദിച്ചത്.അഭിനന്ദനങ്ങൾ കുട്ടികളെ, നിങ്ങളുടെ ജീവിതത്തിൽ എന്നും ഓർത്തുവെക്കാവുന്ന നേട്ടം, 1983ലെ ഞങ്ങളുടെ ലോകകപ്പ് നേട്ടം പോലെ എന്ന് പറഞ്ഞായിരുന്നു ശാസ്ത്രി സച്ചിനെയും കോഹ്‌ലിയെയും ട്വീറ്റിൽ ടാഗ് ചെയ്തത്.

എന്നാൽ ഇതിന് യുവരാജ് സിംഗ് നൽകിയ മറുപടിയാകട്ടെ, നന്ദി, സീനിയർ, താങ്കൾക്ക് എന്നെയും ധോണിയെയും കൂടി ഇതിൽ ടാഗ് ചെയ്യാമായിരുന്നു. കാരണം ഞങ്ങളും അതിന്റെ ഭാഗമായിരുന്നു എന്നായിരുന്നു. ധോണി വിജയ സിക്സർ നേടുമ്പോൾ നോൺ സ്ട്രൈക്കിംഗ് എൻഡിൽ യുവരാജ് സിംഗായിരുന്നു. കമന്ററി ബോക്സിലാകട്ടെ രവി ശാസ്ത്രിയും.എന്നാൽ ലോകകപ്പ് നേട്ടത്തിന്റെ കാര്യത്തിൽ താങ്കൾ ജൂനിയർ അല്ലെന്നും താങ്കളും ഇതിഹാസമാണെന്നുമായിരുന്നു ഇതിന് രവി ശാസ്ത്രിയുടെ മറുപടി. ഇന്നലെ ഇന്ത്യയുടെ ലോകകപ്പ് നേട്ടം അനുസ്മരിപ്പിച്ച് ധോണിയുടെ വിജയ സിക്സർ ട്വീറ്റ് ചെയ്ത ക്രിക്ക് ഇൻഫോയുടെ ട്വീറ്റിന് മറുപടിയുമായി ലോകകപ്പ് ഫൈനലിലെ ഇന്ത്യയുടെ ടോപ് സ്കോററായ ഗൌതം ഗംഭീർ രംഗത്തെത്തിയിരുന്നു. ധോണിയുടെ സിക്സർ മാത്രമല്ല ലോകകപ്പ് നേടിക്കൊടുത്തതെന്നും ടീമിന്റെ നേട്ടമാണതെന്നും ഗംഭീർ പറഞ്ഞിരുന്നു.

ലോകകപ്പ് വേദി കൊവിഡ് പരിശോധനാ കേന്ദ്രം

എഡ്ജ്ബാസ്റ്റൺ: ഏകദിന ചരിത്രത്തിലെ ഏറ്റവും ആവേശകരമായ മത്സരങ്ങളിലൊന്നായ 1999 ഏകദിന ലോകകപ്പിലെ ഓസ്ട്രേലിയ-ദക്ഷിണാഫ്രിക്ക സെമി പോരാട്ടത്തിന് വേദിയായ ഇംഗ്ലണ്ടിലെ എഡ്ജ്ബാസ്റ്റൺ ക്രിക്കറ്റ് ഗ്രൗണ്ട് ഇനി കൊവിഡ് പരിശോധനാ കേന്ദ്രം. വാർവിക് ഷെയർ കൗണ്ടി ക്രിക്കറ്റ് ക്ലബ്ബാണ് എഡ്ജ്ബാസ്റ്റൺ ക്രിക്കറ്റ് ഗ്രൗണ്ട് കൊവിഡ് പരിശോധനാ കേന്ദ്രമാക്കുന്നതിനായി ബ്രിട്ടനിലെ ആരോഗ്യമന്ത്രാലയത്തിന് (നാഷണൽ ഹെൽത്ത് സർവീസസ്) വിട്ടുകൊടുത്തത്. സ്റ്റേഡിയത്തിലെ കാർ പാർക്കിംഗ് കേന്ദ്രത്തിലാവും ബർമിങ്ഹാമിലും പടിഞ്ഞാറൻ മിഡ് ലാൻഡിലും കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരെ കൊവിഡ് പരിശോധനകൾക്ക് വിധേയമാക്കുക. നേരത്തെ ചരിത്രപ്രസിദ്ധമായ ലോർഡ്സ് ക്രിക്കറ്റ് ഗ്രൌണ്ട് ആരോഗ്യപ്രവർത്തകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഉപകരണങ്ങൾ സ്റ്റോർ ചെയ്യുന്നതിനുമായി മാർലിബോൺ ക്രിക്കറ്റ് ക്ലബ്ബ് വിട്ടുകൊടുത്തിരുന്നു.ഏകദിന ചരിത്രത്തിലെ ഏറ്റവും ആവേശം നിറഞ്ഞ മത്സരമെന്ന് ക്രിക്കറ്റ് ലോകം വിശേഷിപ്പിച്ച 1999 ഏകദിന ലോകകപ്പിലെ ദക്ഷിണാഫ്രിക്ക-ഓസ്ട്രേലിയ സെമി പോരാട്ടം നടന്നത് എഡ്ജ്ബാസ്റ്റണിലായിരുന്നു. ടൈ ആയ മത്സരത്തിനൊടുവിൽ ഗ്രൂപ്പ് ഘട്ടത്തിലെ വിജയത്തിന്റെ പിൻബലത്തിൽ ഓസീസ് ഫൈനലിലെത്തി. ബ്രയാൻ ലാറ ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ ഡർഹമിനെതിരെ പുറത്താകാതെ 501 റൺസടിച്ച് റെക്കോർഡിട്ടതും എഡ്ജ്ബാസ്റ്റണിലാണ്. ആഷസിലെ ഏറ്റവും ആവേശം നിറഞ്ഞ മത്സരമെന്ന് ആരാധകർ വിശേഷിപ്പിച്ച 2005ലെ ഇംഗ്ലണ്ട്-ഓസ്ട്രേലിയ രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നടന്നതും എഡ്ജ്ബാസ്റ്റണിലായിരുന്നു. മത്സരം ഇംഗ്ലണ്ട് രണ്ട് റൺസിനാണ് ജയിച്ചത്. കൊവിഡ് 19 വൈറസ് ബാധയെത്തുടർന്ന് ഇംഗ്ലണ്ടിൽ കൗണ്ടി ക്രിക്കറ്റ് അടക്കം മെയ് 29വരെ നിർത്തിവെച്ചിരിക്കുകയാണ്. ബ്രിട്ടനിൽ ഇതുവരെ പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഉൾപ്പെടെ 33000 പേർക്കാണ് കൊവിഡ് 19 വൈറസ് ബാധ സ്ഥിരീകരിച്ചത്. 3000ത്തോളം പേർ ഇതുവരെ മരിച്ചു.

തങ്ങളെയും സഹായിക്കണം: കനേരിയ

ഇസ്ലാമാബാദ്; കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഷാഹിദ് അഫ്രീദി ഫൗണ്ടേഷന് പിന്തുണ നൽകിയ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളായ യുവരാജ് സിങ്ങിന്റെയും ഹർഭജൻ സിങ്ങിന്റെയും സഹായം തേടി പാക്കിസ്ഥാനിൽ നിന്ന് മറ്റൊരു താരം കൂടി രംഗത്ത്. പാക്കിസ്ഥാന്റെ മുൻ താരമായിരുന്ന ഡാനിഷ് കനേരിയയാണ് ട്വിറ്ററിലൂടെ ഇരുവരുടെയും സഹായം തേടിയത്. ഭക്ഷണം നിഷേധിക്കപ്പെടുന്ന പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങൾക്കും സഹായമെത്തിക്കാൻ മുൻകയ്യെടുക്കണമെന്നാണ് ഇരുവരോടുമുള്ള കനേരിയയുടെ അഭ്യർഥന.

ദക്ഷിണാഫ്രിക്കൻ താരങ്ങൾക്ക് കൊവിഡ് ഇല്ല

ജൊഹാനാസ്ബർഗ്: കൊറോണ വൈറസ് വ്യാപനത്തിന്റെ ആദ്യ നാളുകളിൽ ഇന്ത്യയിൽ കുടുങ്ങിപ്പോയ ദക്ഷിണാഫ്രിക്കൻ താരങ്ങളിൽ ആർക്കും കോവിഡ് ഇല്ലെന്ന് പരിശോധനാ ഫലം. ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പര റദ്ദാക്കിയശേഷം നാലു ദിവസത്തോളം ഇവിടെ കുടുങ്ങിപ്പോയ ദക്ഷിണാഫ്രിക്കൻ താരങ്ങൾ ഏപ്രിൽ 18നാണ് കൊൽക്കത്തയിൽനിന്ന് നാട്ടിലേക്കു മടങ്ങിയത്. തുടർന്ന് ഇവരെ 14 ദിവസത്തെ ക്വാറന്റീനിൽ പ്രവേശിപ്പിക്കുകയായിരുന്നു. എന്നാൽ, നിരീക്ഷണ കാലാവധി പൂർത്തിയായെങ്കിലും കളിക്കാരിലാർക്കും രോഗബാധയില്ലെന്ന് തെളിഞ്ഞതായി ടീമിന്റെ മുഖ്യ മെഡിക്കൽ ഓഫിസർ ഡോ. ഷുഹൈബ് മൻജ്ര അറിയിച്ചു.നേരത്തെ, ദക്ഷിണാഫ്രിക്കൻ ടീം തങ്ങിയ ലക്നൗവിലെ ഹോട്ടലിൽ കോവിഡ് 19 സ്ഥിരീകരിച്ച ബോളിവുഡ് ഗായിക കനിക കപൂർ താമസിച്ചിരുന്നതായി കണ്ടെത്തിയത് ആശങ്ക സൃഷ്ടിച്ചിരുന്നു.

ബ്രിട്ടനിൽനിന്ന് തിരിച്ചെത്തിയശേഷം ഉത്തർപ്രദേശിലെ ലക്നോവിൽ കനിക കപൂർ താമസിച്ചത് ദക്ഷിണാഫ്രിക്കൻ താരങ്ങൾ താമസിച്ച ഹോട്ടലിലാണെന്ന് ഉത്തർപ്രദേശ് അധികൃതർ നടത്തിയ പരിശോധനയിലാണ് വ്യക്തമായത്. മാർച്ച് 11 മുതൽ നഗരത്തിലുണ്ടായിരുന്ന കനിക കപൂറിന്റെ റൂട്ട് മാപ്പ് കണ്ടെത്താൻ പ്രാദേശിക ഭരണകൂടവും യുപി ആരോഗ്യ വകുപ്പും നടത്തിയ ശ്രമത്തിനിടെയാണ് ലക്നോവിലെ 'ദക്ഷിണാഫ്രിക്കൻ ബന്ധ'വും പുറത്തുവന്നത്.അതേസമയം, ക്വാറന്റീൻ കാലാവധി പൂർത്തിയാക്കിയെങ്കിലും ദക്ഷിണാഫ്രിക്കൻ താരങ്ങൾക്ക് തൽക്കാലം വീടുകളിൽനിന്ന് പുറത്തിറങ്ങാനാകില്ല.

വൈറസ് വ്യാപനത്തെ തുടർന്ന് രാജ്യത്ത് സമ്പൂർണ ലോക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിലാണ്. ദക്ഷിണാഫ്രിക്കയിൽ രണ്ടാഴ്ച കൂടി കഴിഞ്ഞാലേ ലോക്ഡൗൺ കാലാവധി പൂർത്തിയാകൂ. ദക്ഷിണാഫ്രിക്കയിൽ ഇതുവരെ 1500ഓളം പേർക്കാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. അഞ്ചു പേർ കോവിഡ് ബാധിച്ച് മരിച്ചു. കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ ദക്ഷിണാഫ്രിക്കയിൽ കായിക മത്സരങ്ങളെല്ലാം 60 ദിവസത്തേക്ക് റദ്ദാക്കിയിരിക്കുകയാണ്.ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പരയ്ക്കായി ഇവിടെയെത്തിയ ദക്ഷിണാഫ്രിക്കൻ ടീം, വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരമ്പര റദ്ദാക്കിയതോടെയാണ് ഇവിടെ കുടുങ്ങിയത്. ധരംശാലയിൽ നടക്കേണ്ടിയിരുന്ന ആദ്യ ഏകദിനം മഴമൂലം ഉപേക്ഷിച്ചതിനു പിന്നാലെയാണ് രണ്ടും മൂന്നും ഏകദിനങ്ങൾ കോവിഡ് ഭീതിയെ തുടർന്ന് റദ്ദാക്കിയത്.

ഫലത്തിൽ ഒരു മത്സരം പോലും കളിക്കാനാകാതെ ദക്ഷിണാഫ്രിക്കൻ ടീം ഇവിടെ കുടുങ്ങുകയായിരുന്നു. പരമ്പര റദ്ദാക്കി നാലു ദിവസങ്ങൾക്കുശേഷമാണ് ദക്ഷിണാഫ്രിക്കൻ താരങ്ങൾക്ക് നാട്ടിലേക്കു മടങ്ങാനായത്.

കറുപ്പ് അഴകാകണം അപ്പോൾ കാണാം ജോഗോ ബൊനീട്ടോ!

സി.കെ. രാജേഷ്കുമാർ

ബ്രസീലിൽ ഫുട്ബോൾ ഏവർക്കും ജീവിതമാണ് എന്ന് ആലങ്കാരികമായി പറയാറുണ്ട്. വയറ്റിപ്പിഴപ്പിനായി ഫുട്ബോൾ കളിക്കുന്നവർ മുതൽ അവരുടെ ആവേശത്തിനു ലഹിരികൂട്ടാനും ആരോഗ്യത്തിനുമൊക്കെയായി ഫുട്ബോൾ കാണുന്നവരും കളിക്കുന്നവരുമുണ്ട്. എന്നാൽ, തങ്ങളുടെ ടീം ഫുട്ബോൾ കളിക്കുമ്പോൾ ഓരോ സ്ഥലങ്ങളിലും തടിച്ചുകൂടുന്ന ആയിരക്കണക്കിന് ആരാധകർക്കിടയിൽ ഒരു നേരത്തെ അന്നത്തിനായി കൈ നീട്ടുന്നവരുണ്ട്.

അതുപോലെ ചെറിയ ചെറിയ സാധനങ്ങൾ വിറ്റ് അതിൽനിന്നു കിട്ടുന്ന വരുമാനംകൊണ്ട് ദിവസത്തെ കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരുമുണ്ട്. അത്തരത്തിലുള്ള ആയിരങ്ങളിൽ ഒരാളെ 2014 ലോകകപ്പ് കാലഘട്ടത്തിൽ കാണാൻ സാധിച്ചു. അദ്ദേഹത്തിന്റെ വിശേഷം ഇതാ..അവന്റെ പേര് അലക്സ് റോഡ്രിഗോ ഡാ സിൽവ. ഒരുവശത്ത് ലോകകപ്പിന്റെ ആവേശം നുരഞ്ഞുപൊങ്ങുമ്പോൾ അതിൽ ഒരു ജനതയുടെ പകിട്ടും പദവിയും ആർഭാടവുമെല്ലാം കാണാം. അവരിൽ ഭൂരിഭാഗവും സമൂത്തിലെ വരേണ്യവർഗത്തിന്റെ പ്രതിനിധികളാണ്. എന്നാൽ, ഈ ലഹരിയുടെ ഉന്മാദത്തിൽ ലയിക്കാനോ അതിന്റെ ആവേശത്തിൽ മുഴുകാനോ ഒന്നും സാധിക്കാത്ത വലിയൊരു ജനസമൂഹം ബ്രസീലിലുണ്ട്.

ഒരുനേരത്തെ ആഹാരത്തിന് മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടേണ്ടിവരുന്നവർ. അവരുടെ പ്രതിനിധിയാണ് അലക്സ് റോഡ്രിഗോ. അവരും ഫുട്ബോൾ ആവേശത്തെ നെഞ്ചോടടക്കി പിടിക്കുന്നവരാണ്.

എന്നാൽ, ഒരു മത്സരം നേരിട്ടുകാണാനോ ഗാലറിയിലെ ആവേശത്തിനൊപ്പം തുള്ളിച്ചാടാനോ അവർക്കാകില്ല. കാരണം പലതാണ്. അപരിഷ്കൃതരെന്നോ പണമില്ലാത്തവരെന്നോ തൊലിക്ക് വെളുപ്പില്ലന്നു പറഞ്ഞു മാറ്റിനിർത്തുന്നവരോ ഒക്കെയാണ് അവർ. കോപ്പകബാന ബീച്ചിൽ ദേശീയ ടീമിന്റെ മത്സരം ആവേശത്തോടെ കാണുന്ന വലിയ ഒരു സമൂഹമുണ്ട്. അവരുടെ ഇടയിൽ അവരേപ്പോലെ ആരവത്തിലമർന്ന് കളികാണാൻ ഈ പത്തുവയസുകാരന്റെയും ഉള്ളം കൊതിക്കുന്നുണ്ട്. തീർച്ച. എന്നാൽ, കുടുംബത്തിന്റെ അരക്ഷിതാവസ്ഥയും പട്ടിണിയും അതിൽനിന്ന് അവനെ അകറ്റുന്നു. ഒരു വശത്ത് മാറിയിരുന്ന് തന്റെ ജോലിയിലേർപ്പെടുന്ന ആ പത്തുവയസുകാരനെ യാദൃശ്ചികമായാണ് കണ്ണിൽപ്പെട്ടത്.

കളിക്കാഴ്ചക്കാരുടെ കാണിക്കലുകൾക്ക് ഊർജം പകർന്ന് അതിലൂടെ ലഭിക്കുന്ന പണം തന്റെ കുടുംബത്തിന് ഒരു നേരത്തെ ആഹാരത്തിനുപകരിക്കും എന്ന തിരിച്ചറിവാണ് അവനെ ഇവരുടെ ഇടയിലെത്തിച്ചത് എന്നു മനസിലായി. കൈയിൽ വലിയൊരു ചെണ്ടയുണ്ട്. നമ്മുടെ നാട്ടിൽ കാണുന്ന ചെണ്ടയല്ല. പാതിമുറിച്ച വലിയ തടിയിൽ മൃഗത്തോൽ കെട്ടിയുണ്ടാക്കിയ ഒരുതരം ചെണ്ട. ഫുട്ബോൾ ആരാധകർക്ക് ആവേശം പകരാൻ സംഗീതോപകരണവുമായി എത്തിയതാണ് അലക്സ് റോഡ്രിഗോ.

കോപ്പകബാന ബീച്ചിന്റെ ഒരു വശത്തെ വഴിയിരികിൽ ഇരുന്ന് മനോഹരമായി ചെണ്ടകൊട്ടുകയാണ് അവൻ. നിരവധി പേർ അവനെ കണ്ടിട്ടും കാണാത്തഭാവത്തിൽ പോകുന്നു. ചിലർ എന്താശബ്ദം എന്ന് എത്തി നോക്കുന്നു. മറ്റുചിലരാവട്ടെ അവന്റെ അടുത്തിരുന്ന് അവന്റെ വൈഭവം മനസിലാക്കുന്നു. ചിലർ പണവും കൊടുക്കുന്നുണ്ട്. കോപ്പകബാനയിൽനിന്ന പോരുമ്പോഴും അവന്റെ നിഷ്കളങ്കമായ മുഖം മനസിൽനിന്നു മായുന്നില്ല. അലക്സ് റോഡ്രിഗോ കൊട്ടിക്കൊണ്ടേയിരിക്കുകയാണ്...

കോപ്പ കബാനയിൽ പ്രത്യേക തരം ചെണ്ട വാദനം നടത്തുന്ന റോഡ്രിഗോ ഡാ സിൽവ എന്ന 10 വയസുകാരൻ.

കോപ്പകബാനയിൽനിന്ന് മാറക്കാനയുടെ വിശാലമായ അന്തരീക്ഷത്തിലേക്കു പോകാം. ഗാലറിയിലേക്കു നോക്കിയാലും കാണാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്. സാധാരണക്കാർക്കും തൊലിവെളുപ്പില്ലാത്തവർക്കും കയറിയിരിക്കാൻ പറ്റുന്ന ഒരിടമല്ല മാറക്കാന സ്റ്റേഡിയം. മറ്റു സ്റ്റേഡിയങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. സങ്കര വംശീയതയ്ക്ക് പേരുകേട്ട സ്ഥലമാണ് ബ്രസീൽ. സമഭാവനയോടെയാണ് എല്ലാവരും പരസ്പരം കാണുന്നത് എന്നൊക്കെ പറയുമ്പോഴും വംശീയമായ വേർതിരിവ് ഇവിടെ കാണാനാകും.

പെലെയും ദിദയും ജർസീഞ്ഞോയും റൊണാൾഡീഞ്ഞോയും എന്തിന് നെയ്മറുമാക്കെ കടന്നുവന്നത് ആഫ്രിക്കൻ വംശജരുടെ ഇടയിൽനിന്നാണ് എന്നിരിക്കെ കളി കാണുന്നവരുടെ ഇടയിൽ കറുത്തമുത്തുകൾക്ക് വലിയ സ്ഥാനമില്ല. ഇടതുപക്ഷ, പുരോഗമന പാർട്ടികൾ നിരവധി തവണ ഭരിച്ചിട്ടുള്ള ഒരിടമാണ് ബ്രസീലെന്ന് ഓർക്കണം. ഇപ്പോൾ ഭരിക്കുന്നതും അവർതന്നെ.

എന്നാൽ, വംശ, വർഗ വേർതിരിവുകൾ ഇവിടെ ഇപ്പോഴും തുടരുന്നു. ആന്റി റേസിസം ലോകകപ്പ് എന്നാണ് ഈ ലോകകപ്പിനെ ബ്രസീൽ പ്രസിഡന്റ് ദിൽമ റൂസഫും ഫിഫ പ്രസിഡന്റ് സെപ് ബ്ലാറ്ററും വിശേഷിപ്പിച്ചത്. എന്നാൽ, ബ്രസീലിൽത്തന്നെ അതുണ്ട് എന്നു വ്യക്തമാകുന്ന കാഴ്ചകളാണ് ഇവയൊക്കെ. വംശീയ അധിക്ഷേപ ആരോപണങ്ങളും കളിക്കാർക്കെതിരേയും കാണികൾക്കെതിരേയും ഉണ്ടായിക്കഴിഞ്ഞു.

വലിയ തരത്തിലുള്ള കാമ്പയിനുകൾ ഫിഫ നടത്തുന്നുണ്ടെങ്കിലും അവയൊന്നും ജനങ്ങളിലേക്ക് പൂർണമായ അർഥത്തിൽ എത്തുന്നില്ല എന്നുവേണം മനസിലാക്കാൻ. ബ്രസീലിൽ തൊലി കറുത്തവർ ഇപ്പോഴും അവഗണന അനുഭവിക്കുന്നുണ്ടെന്ന് നിരവധി പഠനങ്ങൾ തെളിയിക്കുന്നു.മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്ക പോലുള്ള സമ്പന്ന രാജ്യങ്ങളിലും കാണുന്നതുപോലെ അത്രപ്രകടമല്ല എന്നു മാത്രം.

വൻകിട റസ്റ്റോറന്റുകളിലും ഹോട്ടലുകളിലും വൻകിട വ്യാപാരകേന്ദ്രങ്ങളിലും പോഷ് സ്ട്രീറ്റുകളിലും മാറക്കാന പോലുള്ള സ്റ്റേഡിയങ്ങളിലും നിങ്ങൾ ആരെ മിസ് ചെയ്യുന്നുവോ അവരാണ് ബ്രസീലിലെ കറുത്തവർ.

വെളിച്ചത്തുവരാൻ ഇഷ്ടപ്പെടാത്തവർ. വെളിച്ചം അനുവദിക്കപ്പെട്ടിട്ടില്ലാത്തവർ. ഫുട്ബോൾ എന്ന കളിയെ നിങ്ങൾ ബ്യൂട്ടിഫുൾ ഗെയിം (ജോഗോ ബൊനീട്ടോ) എന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിൽ എല്ലാത്തരക്കാരും ഇതിന്റെ ഭാഗമാകണം. വംശീയ വ്യത്യാസം വേണ്ടേ വേണ്ട.

SENSEX:27,590.95 (-674.36)

NIFTY:8,083.80 (-170.00)

വിനിമയ നിരക്ക്

ഡോളർ	76.30
യൂറോ	82.30
പൗണ്ട്	93.367
സ്വിസ്ഫ്രാങ്ക്	78.12
സിംഗപ്പൂർ ഡോളർ	53.11
ഓസ്ട്രേലിയൻ	45.58
കനേഡിയൻ	53.61
ബഹറിൻ ദിനാർ	201.59
കുവൈറ്റ് ദിനാർ	244.48
ഒമാനി റിയാൽ	195.95
സൗദി റിയാൽ	20.25
യു എ ഇ ദിർഹം	20.70
ഖത്തർ	20.54

താളം തെറ്റി ക്രൂഡോയിൽ വില, വിപണി പിടിക്കാൻ മത്സരമേറുന്നു



കൊച്ചി: രാജ്യാന്തര എണ്ണ വിപണയിൽ ആധിപത്യം നേടാൻ വമ്പൻമാർ നടത്തുന്ന നീക്കം ഒടുവിൽ വിപണിയുടെ താളം തെറ്റിക്കുന്നു. ഒപെക് രാഷ്ട്രങ്ങളും, അമെരിക്കയും റഷ്യയുമാണ് വിപണി ആധിപത്യത്തിനായി മത്സരിക്കുന്നത്.

അമെരിക്കയ്ക്ക് എണ്ണ വിപണിയിലെ നേട്ടം എന്നതിനേക്കാൾ സ്വന്തം സാമ്പത്തിക രംഗം തകരാതിരിക്കാനുള്ള കളികളിലാണ് ശ്രദ്ധ. എണ്ണ വില ഉയർത്താൻ യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ് നടത്തിയ 'ബിസിനസ് നീക്കം' താത്കാലിക വിജയം നേടിയ ശേഷം പാളി. ഇതോടെ വില വീണ്ടും കൂപ്പു കുത്തി. ബ്രെൻഡ് ക്രൂഡ് ഫ്യൂച്ചേഴ്സ് 3 ശതമാനം അഥവാ 9 സെന്റ് കുറഞ്ഞ് 29.05 ഡോളറിലെത്തി. ഉത്പാദനം വെട്ടിക്കുറയ്ക്കുന്നതിനായി സൗദി അറേബ്യയും റഷ്യയും തമ്മിൽ കരാറുണ്ടാകാൻ താൻ ഇടനിലക്കാരനായെന്ന ട്രംപിന്റെ പ്രഖ്യാപനമാണ് വില പെട്ടെന്ന് ഉയർത്തിയത്. ഇതിനെത്തുടർന്ന് യുഎസ് ക്രൂഡ് വില 41 ശതമാനം വരെ ഉയർന്ന ശേഷമാണ് 25 ശതമാനത്തിൽ ക്ലോസ് ചെയ്തത്. ബ്രെൻഡ് ക്രൂഡ് വില 18 ശതമാനം കൂടി ബാരലിന് 29.14 ഡോളറിലെത്തി.

ഇതിനിടെ വില ഉയർത്താനുള്ള നീക്കമെന്ന നിലയിൽ ഒപെക്കും സഖ്യകക്ഷികളും തമ്മിൽ അടിയന്തര കൂടിക്കാഴ്ചയ്ക്ക് സൗദി അറേബ്യ ആഹ്വാനം ചെയ്തിട്ടുണ്ട്. സൗദി-റഷ്യ മത്സരത്തിനിടെ കനത്ത തിരിച്ചടി നേരിട്ട അമെരിക്കൻ ഷെൽ ഓയിൽ-വാതക വിപണിയെ ശക്തിപ്പെടുത്തുകയാണ് ട്രംപിന്റെ ലക്ഷ്യം. സൗദിയുടെ എണ്ണ ഇറക്കുന്നത് കുറയ്ക്കാനാണ് ആലോചന. സൗദി അറേബ്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന അസംസ്കൃത എണ്ണയ്ക്ക് താരിഫ് ചുമത്താൻ അമെരിക്ക തയാറെടുക്കുന്നതായി വാൾ സ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്തിരുന്നു. കൊറോണ ഭീതിയിൽ സാമ്പത്തിക രംഗം കനത്ത വെല്ലുവിളികളാണ് നേരിടുന്നത്. ഈ പശ്ചാത്തലത്തിലാണ് സൗദിയും റഷ്യയും നടത്തുന്ന വിപണി പോര് മറ്റൊരു ഭാഗത്ത് മുറുകുന്നത്. കൊറോണ വൈറസ് ഭീതി മൂലം ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ് ലോകത്തെ പ്രമുഖ രാജ്യങ്ങളെല്ലാം. ഈ സാഹചര്യത്തിൽ എണ്ണ ആവശ്യം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതോടെ എണ്ണയ്ക്ക് വില കുത്തനെ ഇടിഞ്ഞു.

ലോകത്ത് ഏറ്റവും കൂടുതൽ എണ്ണ കയറ്റുമതി ചെയ്യുന്ന രാജ്യമാണ് സൗദി. ഒപെക് കൂട്ടായ്മയിൽ പ്രധാനിയും സൗദി തന്നെ. എന്നാൽ ഒപെകിൽ അംഗങ്ങളല്ലാത്ത രാജ്യങ്ങളും എണ്ണ ഉത്പാദിപ്പിക്കുന്നുണ്ട്. ഇവർക്ക് നേതൃത്വം നൽകുന്നത് ലോകത്ത് കൂടുതൽ എണ്ണ ഉത്പാദിപ്പിക്കുന്ന രണ്ടാം രാജ്യമായ റഷ്യയാണ്. ഒന്നാം സ്ഥാനത്തുള്ള സൗദിയും രണ്ടാം സ്ഥാനത്തുള്ള റഷ്യയും തമ്മിൽ ലോക വിപണിയിൽ മേൽകൈ നേടാൻ നടത്തുന്ന നീക്കമാണ് വില ഇടിച്ചിരിക്കുന്നത്.

പക്ഷെ നിലവിൽ ഉപഭോഗം തീർത്തും കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് വിപണിയെ സന്തുലിതമാക്കാൻ ഇത് പര്യാപ്തമല്ലെന്നും സാമ്പത്തിക വിദ്ഗധർ പറയുന്നു. വില പിടിച്ചുനിർത്താൻ ഉത്പാദനം കുറയ്ക്കണമെന്നാണ് സൗദിയുടെ നേതൃത്വത്തിലുള്ള ഒപെക് രാജ്യങ്ങൾ റഷ്യയോട് ആവശ്യപ്പെട്ടത്. റഷ്യ ഒപെക് രാജ്യങ്ങളുടെ ആവശ്യം നിരസിച്ചു. പതിവ് ഉത്പാദനം തുടരുകയും ചെയ്തു. എണ്ണ മേഖല ഒപെക് രാജ്യങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് പുറത്തു പോകുകയും റഷ്യയ്ക്ക് മേൽക്കൈ വരുകയും ചെയ്യുമെന്ന ഭയമാണ് സൗദി അറേബ്യയ്ക്ക്. വിപണികൾ സൗദിക്ക് നഷ്ടമാകുമോ എന്ന ആശങ്കയും അവർക്കുണ്ട്. ഈ സാഹചര്യത്തിൽ വില ഇനിയും ഇടിയാൻ സാഹചര്യമൊരുക്കി ഏപ്രിൽ ഒന്ന് മുതൽ ഉത്പാദനം കൂട്ടിയിരിക്കുകയാണ് സൗദി.

ഇതിന് മുമ്പ് വൻതോതിൽ എണ്ണ വില ഇടിഞ്ഞത് 1991ലെ ഒന്നാം ഗൾഫ് യുദ്ധ കാലത്താണ്. അന്താരാഷ്ട്ര തലത്തിൽ അസംസ്കൃത എണ്ണയ്ക്ക് ഈ മാസം 45 ശതമാനത്തിലധികം വില ഇടിഞ്ഞു. ഉത്പാദന ചെലവിനേക്കാൾ താഴേക്ക് അസംസ്കൃത എണ്ണ വില കൂപ്പുകുത്തിയത് ആഗോള ഊർജ കമ്പനികൾക്ക് കോടിക്കണക്കിന് ഡോളർ ലാഭമേകി. പ്രശ്നത്തിന് ഉടൻ പരിഹാരം കാണുകയെന്നത് ഇപ്പോൾ റഷ്യയുടെയും ആവശ്യമായി മാറിയിരിക്കുകയാണ്. എന്നാൽ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് റഷ്യയുമായി യാതൊരു ചർച്ചയ്ക്കും ഇതുവരെ തങ്ങൾ തയാറായിട്ടില്ലെന്ന് സൗദി ഊർജവകുപ്പ് വ്യക്തമാക്കി. എണ്ണ വില സുസ്ഥിരമാക്കാൻ മറ്റുള്ള എണ്ണ ഉത്പാദക രാജ്യങ്ങൾ ഒപെകുമായും റഷ്യയുമായും സഹകരിക്കാൻ തയാറാകും എന്നാണ് പ്രതീക്ഷയെന്ന് ഒരു മുതിർന്ന റഷ്യൻ ഉദ്യോഗസ്ഥൻ കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു.

ഇവരെ കൂടാതെ പുതിയൊരു പോരാളികൂടി വിപണിയിൽ ഉണ്ട് ഇറാഖ്. ലോകത്തെ പ്രധാന എണ്ണ ഉത്പാദക രാജ്യങ്ങളിലൊന്നായി ഇറാഖ്. ആഭ്യന്തര യുദ്ധം ഒഴിഞ്ഞതോടെ ഇറാഖിൽ നിന്ന് എണ്ണ കൂടുതലായി അന്താരാഷ്ട്ര വിപണിയിലേക്ക് വരുന്നുണ്ട്. ഐസിസ് പൂർണമായും ഇല്ലാതാകുകയും എണ്ണ മേഖല ഇറാഖ് സർക്കാരിന് ലഭിക്കുകയും ചെയ്തതോടെ ഇറാഖ് അന്താരാഷ്ട്ര വിപണയിൽ ഇടപെടാൻ തുടങ്ങി. ഇതു വിപണിയിലെ യുദ്ധങ്ങൾക്ക് പുതിയ മാനം നൽകും.

കുവൈറ്റിലേക്ക് കൊച്ചിൻ പച്ചക്കറി

കൊച്ചി: ലോക്ക്ഡൗൺ കാലത്തും വിദേശ വിപണിയിലേക്ക് കേരളത്തിന്റെ പച്ചക്കറി 30 ടൺ പച്ചക്കറിയാണ് ഇന്നലെ കൊച്ചിയിൽ നിന്ന് കുവൈറ്റിലേക്ക് പോയത്. പ്രതിദിന കയറ്റുമതി മുടങ്ങിയതിനുശേഷം ചാർട്ട് ചെയ്ത വിമാനങ്ങളിലാണ് ചരക്ക് അയക്കുന്നത്. ലുലു ഗ്രൂപ്പാണ് കൊച്ചിയിൽ നിന്ന് പച്ചക്കറി കയറ്റി അയക്കുന്നത്.

വാട്ടർ ബില്ലിനും ഫെഡറൽ ബാങ്ക്

തിരുവനന്തപുരം: കേരള വാട്ടർ അതോറിറ്റി ഉപഭോക്താക്കൾക്ക് വാട്ടർ ബില്ലുകൾ ഓൺലൈനായി അടക്കാൻ ഫെഡറൽ ബാങ്ക് സൗകര്യമൊരുക്കി. ഫെഡറൽ ബാങ്കിന്റെ മൊബൈൽ ബാങ്കിങ് ആപ്പ്/ഇന്റർനെറ്റ് ബാങ്കിങ് വഴിയോ ഭാരത് ബിൽ പേമെന്റ് സിസ്റ്റം പിന്തുണയ്ക്കുന്ന മറ്റു യുപിഐ/ബാങ്കിങ് ആപ്പുകൾ വഴിയോ ഉപഭോക്താക്കൾക്ക് വേഗത്തിൽ പണമടക്കാം.

കേരള വാട്ടർ അതോറിറ്റി, കെഎസ്ഇബി, ഡിടിഎച്ച്, ബ്രോഡ്ബാൻഡ്, ഫോൺ ബില്ലുകളും ഇതുപോലെ അടക്കാവുന്നതാണ്. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ബിൽ പേയ്മെന്റ് സംവിധാനമായ ബിബിപിഎസ് വഴിയാണ് ഫെഡറൽ ബാങ്ക് ഈ സൗകര്യമൊരുക്കിയിരിക്കുന്നത്.

വായ്പാ ഇളവിന് അപേക്ഷിക്കണം

കൊച്ചി: എസ്ബിഐ ഇടപാടുകാരനായ നിങ്ങൾക്ക് ഏതെങ്കിലും വായ്പയുടെ ഗഡുക്കൾ അടയ്ക്കാൻ പണമില്ലേ? എങ്കിൽ ബാങ്കിനു അപേക്ഷ നൽകി തത്കാലത്തേക്ക് പണമടയ്ക്കൽ നീട്ടിവെയ്ക്കാം. പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് എല്ലാ വിധ വായ്പകൾക്കും മൂന്നു മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതോടെ അതു നടപ്പാക്കാനുള്ള നടപടികൾ എസ്ബിഐ സ്വീകരിച്ചു കഴിഞ്ഞു.

തിരിച്ചടവ് നീട്ടി കിട്ടണം എന്നാഗ്രഹിക്കുന്നവർ മാത്രം അപേക്ഷിച്ചാൽ മതി. അടയ്ക്കാൻ കൈയിൽ പണം ഉണ്ടെങ്കിൽ നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. സാധാരണ പോലെ ഇടപാടി നടന്നു കൊള്ളും. എന്നാൽ പണമില്ലെന്നുണ്ടെങ്കിൽ നിശ്ചിത രീതിയിൽ അപേക്ഷ നൽകണം. നാഷണൽ ഓട്ടൊമേറ്റഡ് ക്ലിയറിങ് ഹൗസ്- എൻഎസിഎച്ച് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മാർച്ച് ഒന്നു മുതൽ മെയ് 31 വരെയുള്ള മൂന്നു മാസത്തെ വായ്പാ ഗഡുക്കളിൽ ആണ് ആർബിഐ താത്കാലിക ഇളവ് നൽകിയിരിക്കുന്നത്. ഇതിനകം തന്നെ അടച്ച ഗഡു തിരിച്ചു കിട്ടണമെങ്കിൽ അതിനു അപേക്ഷയും നൽകാവുന്നതാണ്. അപേക്ഷ www.sbi.co.in/stopemi എന്ന ലിങ്കിൽ നിന്നും annexure 1ലെ അപേക്ഷ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇ -മെയിലിൽ അയക്കണം.

ലോക്കായി കർഷകർ; തോട്ടം മേഖല പ്രതിസന്ധിയിൽ

കൊച്ചി: കാർഷിക മേഖലയിലെ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കി ലോക്ക്ഡൗൺ പത്താം ദിവസത്തിലേക്ക്. പ്രധാനമന്ത്രി രണ്ടു തവണ രാജ്യത്തെ അഭിസംബോധന ചെയ്തിട്ടും, മുഖ്യമന്ത്രി നടത്തുന്ന പ്രഖ്യാപനങ്ങളിലും കർഷക്ക് ആശ്വാസകരമായി ഒന്നും ഇല്ലാത്തതാണ് ഈ രംഗത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുന്നത്.

ഉത്പന്നങ്ങൾ ഒന്നും സംഭരിക്കാനോ, വില ലഭിക്കുന്ന രീതിയിൽ വിൽപ്പന നടത്താനോ സാധിക്കുന്നില്ല എന്നതാണ് പ്രശ്നം. കണക്കുകൾ അനുസരിച്ച് ഏഴായിരത്തോളം വരുന്ന മൊത്ത വിപണികളും കാർഷിക മേഖലയും നിശ്ചലം. തേയില തോട്ടങ്ങളിൽ കൊളുന്ത് നുള്ളും നിലച്ചു.

2000 പച്ചക്കറി, പഴവർഗ വിപണികൾ ഭാഗികമായി പ്രവർത്തിച്ചെങ്കിലും കർഷകരുടെയും വ്യാപാരികളുടെയും സാമ്പത്തിക സ്ഥിതി പരിങ്ങലിലായി. തേയിലത്തോട്ടങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. തേയിലയുടെ കൊളുന്ത് നുള്ള് യഥാസമയം നടത്താനായില്ലെങ്കിൽ അവ ഉപയോഗശൂന്യമായി മാറും. ഈ നില തുടർന്നാൽ പുതിയ സാഹചര്യത്തിൽ ഇനി സീസണ് രണ്ട് മാസമെങ്കിലും കാത്തിരിക്കണമെന്നാണ് വിവരം. ഇതിനിടയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത് തോട്ടം തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും സാമ്പത്തിക സ്ഥിതി സങ്കീർണമാക്കും. തേയിലയുടെ ശരാശരി വില കിലോ 150 രൂപയിൽ നിന്ന് ഇതിനകം 95 രൂപയിലേക്ക് നീങ്ങി. ലേലം നിലച്ചതോടെ ചരക്ക് കെട്ടിക്കിടക്കുകയാണ്. കൊറോണ ഭീതി തേയില കയറ്റുമതിയെ ബാധിക്കുമെന്ന കാര്യം മാസാരംഭത്തിൽ തന്നെ വ്യക്തമാക്കിയിരുന്നു. ഇന്ത്യൻ തേയിലയുടെ മുഖ്യ ഇറക്കുമതി രാജ്യങ്ങൾ പലതും കൊറോണ പിടിയിലേക്ക് നീങ്ങിയതിനാൽ അവർ ഇറക്കുമതിക്ക് നിയന്ത്രണം വരുത്തിയിരുന്നു. ലോക്ഡൗൺ ദിനങ്ങൾ കഴിഞ്ഞാലും വിദേശ മാർക്കറ്റുകളിൽ നിന്ന് തത്കാലം പുതിയ ഓർഡറുകൾ എത്തില്ല.

റബർ വിപണിയിൽ ഒരു ചലനവും ഇല്ല, തോട്ടങ്ങളിലെല്ലാം വെട്ടു നിർത്തിയിരിക്കുകയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറഞ്ഞിരിക്കുന്നതിനാൽ കമ്പനികൾ ഇറക്കുമയി ഓർഡർ നൽകുന്നുണ്ട് എന്നത് ഇനി ലോക്ക്ഡൗൺ കഴിഞ്ഞാലും ഇന്ത്യൻ കർഷകർക്ക് തിരിച്ചടി ആണ്.

ജാതിക്കയ്ക്കും ജാതിപത്രിക്കും വില ഉണ്ടായിട്ടും വിൽക്കാൻ കഴിയാത്ത അവസ്ഥയിലാണ് കർഷകർ. കൊവിഡ്-19 ഭീതിയെ തുടർന്ന് കച്ചവട സ്ഥാപനങ്ങൾ അടയ്ക്കുന്നതിനു മുൻപ് ജാതിക്കായ്ക്ക് 260 രൂപയും ജാതി പത്രിക്ക് 220 രൂപയാണ് വില ഉണ്ടായിരുന്നത്. ഇത് ഭേദപ്പെട്ട വിലയായതിനാൽ കർഷകർ ഏറെ പ്രതീക്ഷിയിലായിരുന്നു. പ്രളയവും തുടർന്നുണ്ടായ ശക്തമായ വേനലും നാമാവശേഷമാക്കിയിട്ടും ജാതി കൃഷി തിരിച്ചുവരവിന്റെ പാതയിലായിരുന്നു.

2014ൽ 300 രൂപ മറികടന്ന ഒരു കിലോഗ്രാം ജാതിക്കായ്ക്കു കഴിഞ്ഞ വർഷം 250 രൂപ മാത്രമാണ് ലഭിച്ചിരുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ ജാതിക്ക ഉത്പാദിപ്പിക്കുന്ന സംസ്ഥാനം കേരളം ആണ്. ജാതിക്ക വ്യാപകമായി കൊഴിഞ്ഞു വീണത് ഉത്പാദനം ഗണ്യമായ കുറച്ചു. ചെടി നനച്ചു കൊടുത്തു കൃഷി സംരക്ഷിച്ചു മുന്നോട്ടു പോകാനുള്ള കർഷകരുടെ ശ്രമത്തിനിടെയാണ് കൊവിഡ്-19 രോഗ ഭീതിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ വില്ലനായി മാറിയിരിക്കുന്നത്. ഇതിനിടയിലും കനത്ത ചൂടിൽ നിന്ന് കൃഷിയെ സംരക്ഷിച്ചു നിർത്താനുള്ള ശ്രമത്തിലാണ് കർഷകർ. കഴിഞ്ഞ വർഷത്തെ പ്രളയത്തിനു ശേഷം ജാതിപത്രി വില 1800 രൂപ വരെ എത്തി. ഇത്തവണ 2000 രൂപ കടന്നതോടെ കർഷകർ ഏറെ പ്രതീക്ഷയിലായിരുന്നു.

ഓൺലൈൻ എൻട്രൻസ് കോച്ചിങുമായി റിജു ആൻഡ് പിഎസ്കെ ക്ലാസസ്

തൃശൂർ: കൊവിഡ്-19ന്റെ പശ്ചാത്തലത്തിൽ റിജു ആൻഡ് പിഎസ്കെ ക്ലാസസിലെ മെഡിക്കൽ എൻജിനീയറിങ് എൻട്രൻസ് കോച്ചിങ് ക്ലാസുകൾ ഓൺലൈനിൽ ലഭ്യമാക്കിയതായി ഡയറക്റ്റർ പി. സുരേഷ്കുമാർ അറിയിച്ചു.

കൊറോണ വൈറസ് ബാധയെ തുടർന്ന് എൻട്രൻസ് കോച്ചിങ് ക്ലാസുകൾ താത്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നതിനെ തുടർന്നാണ് ഇപ്രകാരം ഓൺലൈൻ എൻട്രൻസ് കോച്ചിങ് ആരംഭിച്ചത്. അധ്യാപകർ അവരവരുടെ വീടുകളിലിരുന്ന് ഓൺലൈനിൽ വിദ്യാർഥികൾക്ക് ക്ലാസെടുക്കുകയും സംശയങ്ങൾ ദുരീകരിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

പൂങ്കുന്നത്ത് കോർപ്പറേറ്റ് ഓഫീസിൽ ഇതിനായി പ്രത്യേക സ്റ്റുഡിയോ ഒരുക്കിയിട്ടുണ്ട്. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ് പ്ലസ് വൺ ക്ലാസുകളിലേക്ക് പ്രവേശനം നേടുന്ന വിദ്യാർഥികൾക്കായുള്ള ഓൺലൈൻ ബ്രിഡ്ജ് കോഴ്സും റിജു ആൻഡ് പിഎസ്കെയിൽ ആരംഭിച്ചിട്ടുണ്ടെന്ന് സുരേഷ്കുമാർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

ദുബായിൽ വീട്ടിൽ മദ്യം എത്തിക്കാൻ കമ്പനി റെഡി

ദുബായ്: കേരളത്തിൽ മദ്യം വീട്ടിലെത്തിക്കുന്നതിനെ ചൊല്ലി തർക്കങ്ങൾ മുറുകുമ്പോൾ അതിന്റെ പുതിയ ബിസിനസ് സാധ്യത തുറന്നിരിക്കുകയാണ് ദുബായ്. ഒരു ഡോക്റ്ററുടെയും സർട്ടിഫിക്കറ്റ് ഇല്ലാതെ ഇവിടെ മദ്യം വീട്ടുപടിക്കൽ എത്തും. ഇതിന്റെ അനുമതി സർക്കാർ നൽകിക്കഴിഞ്ഞു. ഓൺലൈനിലൂടെ അപേക്ഷിച്ചാൽ മദ്യം ആവശ്യക്കാരുടെ വീട്ടുപടിക്കലെത്തുന്ന സംവിധാനം ദുബായിൽ നിലവിൽവന്നു. legalhomedelivery.com ലൂടെ രാവിലെ 12 മണിക്ക് മുൻപായി അപേക്ഷിച്ചാൽ പിറ്റേന്ന് വൈകിട്ട് നാലിന് മുൻപ് മദ്യമെത്തും.

ഇതാദ്യമായാണ് ദുബായിൽ മദ്യം വീട്ടിൽ എത്തിക്കുന്ന സംവിധാനം. അംഗീകൃത മദ്യവിതരണ കമ്പനികളായ എംഎംഐ, ആഫ്രിക്കൻ ഈസ്റ്റേൺ കമ്പനി എന്നിവർ സംയുക്തമായാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്. ലൈസൻസുള്ളവർക്ക് മാത്രമേ മദ്യം ലഭിക്കുകയുള്ളൂ. യുഎഇയിൽ ഷാർജയിലൊഴിച്ച് മറ്റെല്ലാ എമിറേറ്റുകളിലും മദ്യവിൽപന യുണ്ട്. ആഫ്രിക്കൻ ഈസ്റ്റേൺ കമ്പനിക്ക് യുഎഇയിൽ ആകെ 28 ഔട്ട്ലെറ്റുകളാണുള്ളത്. ദുബായിൽ മാത്രം 17 എണ്ണം. എന്നാൽ ഇതിൽ 11 എണ്ണം നിലവിൽ തുറന്നു പ്രവർത്തിക്കുന്നു. ഇവിടെ നിന്ന് ലൈസൻസുള്ളവർക്ക് നേരിട്ടു മദ്യം വാങ്ങിക്കാവുന്നതാണ്. എംഎംഐ, ആഫ്രിക്കൻ ഈസ്റ്റേൺ കമ്പനി വെബ്സൈറ്റിലൂടെ ലൈസൻസിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. ദുബായ് പൊലീസാണ് ലൈസൻസ് അനുവദിക്കുന്നത്. 21ന് വയസിന് മുകളിലുള്ള യുഎഇ താമസ വിസക്കാർക്കും സന്ദർശക വിസയിലുള്ളവർക്കും ഈ സേവനം പ്രയോജനപ്പെടുത്താം. മുസ്ലീങ്ങൾക്ക് ലഭിക്കില്ല.

legalhomedelivery.com ലൂടെ മദ്യത്തിന് അപേക്ഷിക്കുമ്പോൾ ലൈസൻസ് നമ്പർ നൽകണം. സന്ദർശകർ പാസ്പോർട്ട് നമ്പറും. മദ്യം ഡെലിവറി വരുന്നതിന് 30 മിനിറ്റ് മുമ്പ് ഉപഭോക്താക്കൾക്ക് എസ്എംഎസ് ലഭിക്കും. മദ്യം വീട്ടുപടിക്കലെത്തുമ്പോൾ ഒറിജിനൽ ലൈസൻസ് (കാർഡ്) /പാസ്പോർട്ട് കാണിക്കണം. 250 ദിർഹത്തിന്റെ മദ്യം ഓർഡർ ചെയ്താലേ ഹോം ഡെലിവറിയുള്ളൂ. ഡെലിവറി ചാർജായി 50 ദിർഹം നൽകണം.

പോളിസി തിയതി നീട്ടി

കൊച്ചി: ലോക്ക്ഡൗണിനെ തുടർന്ന് മോട്ടോർ, ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ പുതുക്കുന്നതിന്റെ തിയതി സർക്കാർ പുതുക്കി തീരുമാനിച്ചു. മാർച്ച് 25 മുതൽ ഏപ്രിൽ 14 വരെ പുതുക്കൽ തിയതികളുള്ള പോളിസികൾ ഏപ്രിൽ 21നകം പുതുക്കിയാൽ മതി.

വിൽപ്പന ഇടിഞ്ഞ് ബജാജ് ഓട്ടൊ

മുംബൈ: ബജാജ് ഓട്ടൊ ലിമിറ്റഡ് വിൽപനയിൽ 38 ശതമാനം ഇടിവ് രേഖപ്പെടുത്തി. മാർച്ച് മാസത്തെ കമ്പനിയുടെ ആകെ വിൽപ്പന 2,42,57 യൂണിറ്റാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 3,93,351 ആയിരുന്നു. മൊത്തം ആഭ്യന്തര വിൽപ്പന 55 ശതമാനം ഇടിഞ്ഞ് 1,16,541 യൂണിറ്റായി. 2019 മാർച്ചിൽ ഇത് 2,59,185 യൂണിറ്റായിരുന്നു. കമ്പനിയുടെ മൊത്ത ഇരുചക്രവാഹന വിൽപ്പന 35 ശതമാനം ഇടിഞ്ഞ് 2,10,976 യൂണിറ്റായി. കഴിഞ്ഞ വർഷം ഇത് 3,23,538 യൂണിറ്റായിരുന്നു.

കൊവിഡ്: ലോട്ടറി അടിച്ച് സൂം

മുംബൈ: ലോകമെങ്ങുമുള്ള ബിസിനസ് സാമ്രാജ്യങ്ങളെ കുലുക്കി കളഞ്ഞ കൊവിഡ് സമ്പന്നമാക്കിയ ഒരു കമ്പനിയുണ്ട്. അതും ചൈനയിൽ തന്നെയാണ്. വീട്ടിലിരുന്ന് ജോലിചെയ്യാൻ സഹായിക്കുന്ന വീഡിയൊ കോൺഫറൻസ് ആപ് ആയ സൂമാണിത്.

ഈ വർഷത്തിന്റെ തുടക്കത്തിൽ ഏകദേശം 64 ഡോളർ വിലയുണ്ടായിരുന്ന സൂമിന്റെ ഓഹരി വില ഇപ്പോൾ 150 ഡോളർ കടന്നിരിക്കുന്നു. കഴിഞ്ഞ ഒരു മാസത്തിനിടയിലാണ് ഏറ്റവും ശ്രദ്ധേയമായ ഈ നേട്ടം കൈവരിച്ചത്. ഇതോടെ കമ്പനിയുടെ വിപണി മൂലധനം 42 കോടി ഡോളറായി (ഏകദേശം 3.16 ലക്ഷം കോടി രൂപ) ഉയർന്നു. സൂം സ്ഥാപകൻ എറിക് യുവാന്റെ വ്യക്തിഗത ആസ്തിയും ഗണ്യമായി വർധിച്ചു. തന്റെ കമ്പനിയുടെ നിലവിലെ മാർക്കറ്റ് കാപ് ഉയർന്നതോടെ യുവാന് ഇപ്പോൾ 700 കോടി ഡോളറിന്റെ വ്യക്തിഗത ആസ്തി ഉണ്ട്. വ്യക്തിഗത ആസ്തിയിൽ ഈ വർഷം തന്നെ 400 കോടി ഡോളറിന്റെ വർധനവാണ് രേഖപ്പെടുത്തിയത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ഡൗൺലോഡ് ചാർട്ടുകളിൽ സൂം ആദ്യത്തെ പത്തിൽ ഇടം നേടിയിട്ടുണ്ട്. 1997ൽ ചൈനയിൽ നിന്ന് യുഎസിലെത്തിയ യുവാൻ, 2011ൽ സൂം വിഡിയോ കമ്മ്യൂണിക്കേഷൻസ് ആരംഭിച്ചു. ഇതിന് മുൻപ് സിസ്കോയ്ക്കൊപ്പമാണ് പ്രവർത്തിച്ചിരുന്നത്.

എന്റർപ്രൈസ് ആശയവിനിമയങ്ങളിൽ പൂർണമായും ശ്രദ്ധ കേന്ദ്രീകരിച്ച് 2013ൽ ആപ്ലിക്കേഷനും വിഡിയൊ സർവീസും തുടങ്ങി. വിദൂര ജോലികൾക്കായി കമ്പനികളും ഓർഗനൈസേഷനുകളും ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന ഒരു ആപ്ലിക്കേഷനായി സൂം പെട്ടെന്നാണ് മാറിയത്. 2013ൽ 10 ലക്ഷം ഉപയോക്താക്കളുണ്ടായിരുന്നു. 2014ൽ, തങ്ങളുടെ കമ്പനികൾക്കും ഓർഗനൈസേഷനുകൾക്കുമിടയിൽ ആശയവിനിമയം നടത്താൻ സൂം ഉപയോഗിക്കുന്ന ഉപയോക്താക്കളുടെ എണ്ണം ഒരു കോടിയായി ഉയർന്നു. 2015ൽ ഇത് നാലു കോടിയായി അവിടെ നിന്ന് പടിപിടിയായി കുതിക്കുകയായിരുന്നു.

സ്വർണം 31,800

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	31,800
കടല	5100-6300	പാം ഓയിൽ	7450

വിൽപ്പന സമ്മർദം; വിപണി നഷ്ടത്തിൽ

മുംബൈ: വിദേശ നിക്ഷേപകർ ഉൾപ്പടെയുള്ളവരുടെ കനത്ത വിൽപ്പന സമ്മർദത്തിൽ ഓഹരി വിപണി വീണ്ടും നഷ്ടത്തിൽ ക്ലോസ് ചെയ്തു. സെൻസെക്സ് 674.36 പോയിന്റ് നഷ്ടത്തിൽ 27,590.95ലും നിഫ്റ്റി 170 പോയിന്റ് താഴ്ന്ന് 8083.80ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ബിഎസ്ഇയിലെ 1126 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 1078 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 174 ഓഹരികൾക്ക് മാറ്റമില്ല.

ആക്സിസ് ബാങ്ക്, ഇൻഡസിൻഡ് ബാങ്ക്, ടൈറ്റൻ കമ്പനി, ഐസിഐസിഐ ബാങ്ക്, എസ്ബിഐ തുടങ്ങിയ ഓഹരികളാണ് കനത്ത നഷ്ടം നേരിട്ടത്. സൺ ഫാർമ, സിപ്ല, ഗെയിൽ, ഐടിസി, ഒഎൻജിസി തുടങ്ങിയ ഓഹരികൾ നേട്ടത്തിലുമാണ് ക്ലോസ് ചെയ്തത്.

ഊർജം, അടിസ്ഥാനസൗകര്യവികസനം, എഫ്എംസിജി, ഫാർമ വിഭാഗങ്ങളിലെ ഓഹരികൾ നേട്ടത്തിലായിരുന്നു. വാഹനം, ബാങ്ക്, ഐടി, ലോഹം ഓഹരികളാണ് വിൽപ്പന സമ്മർദത്തിപ്പെട്ടത്.

കർഷകർക്ക് പലിശ ഇളവ് മെയ് വരെ

വായ്പയെടുത്ത് കൃത്യസമയത്ത് തിരിച്ചടവ് നടത്തുന്ന കർഷകർക്കാണ് പലിശ സബ്സിഡിയ്ക്കും ഇൻസെന്റീവുകൾക്കും അർഹത

കൊച്ചി: കാർഷിക വിളകൾക്ക് വേണ്ടി എടുത്ത കർഷകരുടെ വായ്പകളുടെ പലിശ ആനുകൂല്യം മെയ് 31 വരെ ലഭിക്കും. വായ്പയെടുത്ത് കൃത്യസമയത്ത് തിരിച്ചടവ് നടത്തുന്ന കർഷകർക്കാണ് പലിശ സബ്സിഡിയ്ക്കും ഇൻസെന്റീവുകൾക്കും അർഹത. ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കർഷകർക്ക് ഈ ആനുകൂല്യം ലഭിക്കാനുള്ള തിയതി മെയ് 31 വരെയാക്കുകയായിരുന്നു. 2020 മാർച്ച് ഒന്നിനും മെയ് 31നും ഇടയിൽ കാലാവധി എത്തുന്ന കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്നതിനാണ് തിയതി നീട്ടി നൽകിയത്. ഇതനുസരിച്ച് പലിശ സബ്സിഡി ആനുകൂല്യങ്ങൾ ഈ കർഷകർക്ക് നഷ്ടമാവില്ല. മൂന്ന് ലക്ഷം രൂപ വരെയാണ് കാർഷിക വായ്പ നൽകുന്നത്.

കൃത്യസമയത്ത് തിരിച്ചടവ് നടത്തുകയാണെങ്കിൽ ഇത്തരം വായ്പകൾക്ക് അഞ്ച് ശതമാനം സബ്സിഡി കഴിച്ച് നാലു ശതമാനം പലിശ നൽകിയാൽ മതിയാകും. എന്നാൽ കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പല കർഷകർക്കും വിളവെടുത്ത ശേഷം ഇത് വിൽക്കാനോ മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാനോ കഴിയാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ പലർക്കും തിരിച്ചടവിൽ കൃത്യത പാലിക്കാനാകുമായിരുന്നില്ല. തിരിച്ചടവ് മുടങ്ങുമ്പോൾ പലിശ ആനുകൂല്യത്തിനുള്ള അർഹതയും നഷ്ടപ്പെടുമായിരുന്നു. തിയതി നീട്ടി നൽകുക വഴി കർഷകർക്ക് തിരിച്ചടവിന് മൂന്ന് മാസത്തെ സാവകാശം കിട്ടും. അർഹമായ പലിശ ആനുകൂല്യം നേടാനുമാകും.

ആസ്റ്റർ മിംസ് കൊവിഡ്-19 ചികിത്സയ്ക്ക് 750 കിടക്കകൾ നൽകും

കോഴിക്കോട്: കൊറോണ പ്രതിരോധത്തിന് സർക്കാർ സംവിധാനങ്ങൾക്കൊപ്പം ചലിക്കാൻ ആസ്റ്റർ മിംസും. കൊവിഡ്-19 ബാധിച്ച രോഗികളുടെ ചികിത്സയ്ക്കായ് ആസ്റ്റർമിംസിന്റെ കേരളത്തിലെ അഞ്ച് ആശുപത്രികളിലായി 750 കിടക്കകൾ വിട്ടുനൽകുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ.

കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് ആസ്റ്റർ മിംസിന്റെ എറണാകുളം, കോഴിക്കോട്, കോട്ടയ്ക്കൽ, കണ്ണൂർ, വയനാട് ആശുപത്രികളിലായി 750 കിടക്കകൾ വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2.5കോടി നൽകുമെന്നും അദ്ദേഹം അറിയിച്ചു.

750 കിടക്കൾ ചികിത്സയ്ക്കായ് നീക്കിവെക്കുന്നതിന് പുറമേ കൊച്ചി, കോഴിക്കോട്, കണ്ണൂർ ആശുപത്രികൾക്ക് സമീപമുള്ള ഹോട്ടലുകൾ അപ്പാർട്ട്മെന്റുകൾ തുടങ്ങിയിടങ്ങളിൽ നിരീക്ഷണത്തിലുള്ള രോഗികളെ ചികിത്സിക്കാനായി ഡോക്റ്റർമാരുടെ സേവനം നൽകും. ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് സെന്റർ (ഐസിഎംആർ) അംഗീകാരം നൽകിയ കൊറോണ വൈറസ് പരിശോധനാ ലാബ് അടുത്തദിവസം തന്നെ കോഴിക്കോട് ആസ്റ്റർമിംസിൽ പ്രവർത്തിച്ച് തുടങ്ങും.

കോട്ടയംജില്ല കോവിഡ് വിമുക്തം

കോട്ടയം: കോവിഡ് ബാധിച്ച് കോട്ടയം മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന അവസാനത്തെ രോഗിയും വീട്ടിലേക്കു മടങ്ങി. ഇതോടെ കോവിഡ് സ്ഥിരീകരിച്ച് പോസിറ്റീവായി തുടരുന്നവർ ഇല്ലാത്ത ഏക ജില്ലയായി കോട്ടയം. കോവിഡ് രോഗം ജില്ലയിൽ അവസാനമായി റിപ്പോർട്ട് ചെയ്തത് മാർച്ച് 23നാണ്.

മൂന്നാമത്തെ സാമ്പിൾ പരിശോധന നെഗറ്റീവാണെന്ന് സ്ഥിരീകരിച്ചതിനെത്തുടർന്നാണ് ചികിത്സയിലായിരുന്ന സ്റ്റാഫ് നഴ്സ് രേഷ്മ മോഹൻദാസിനെ ഡിസ്ചാർജ്ജ് ചെയ്യാൻ മെഡിക്കൽ ബോർഡ് തീരുമാനിച്ചത്. ഡോക്റ്റർമാർക്കും സഹപ്രവർത്തകർക്കും നന്ദി പറഞ്ഞ് ഉച്ചയോടെ രേഷ്മ വീട്ടിലേക്ക് മടങ്ങി. വീട്ടിൽ 14 ദിവസം നിരീക്ഷണത്തിൽ തുടരും. കോവിഡ് ചികിത്സാ വിഭാഗത്തിൽതന്നെ തുടർന്നും ജോലി ചെയ്യാൻ രേഷ്മ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽനിന്നും ആരോഗ്യ മന്ത്രിയുടെ പ്രത്യേക നിർദേശപ്രകാരം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയ 93 വയസുള്ള റാന്നി സ്വദേശി തോമസും 88 കാരിയായ ഭാര്യ മറിയാമ്മയും വെള്ളിയാഴ്ച വൈകിട്ട് ആശുപത്രി വിട്ടിരുന്നു. കോവിഡ് സ്ഥിരീകരിച്ചതിനു പുറമെ പ്രായാധിക്യവും വിവിധ ആരോഗ്യ പ്രശ്നങ്ങളും കണക്കിലെടുത്ത് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനാണ് ഇവരെ കോട്ടയത്തേക്ക് കൊണ്ടുവന്നത്.

പത്തനംതിട്ട ജില്ലയിൽ ആദ്യം കോവിഡ് സ്ഥിരീകരിച്ചവരുടെ ബന്ധുക്കളാണ് തോമസും മറിയാമ്മയും. ഇവരുടെ ബന്ധുക്കളായ ചെങ്ങളം സ്വദേശി റോബിനും ഭാര്യ റീനയ്ക്കുമാണ് കോട്ടയത്ത് ആദ്യമായി രോഗം ബാധിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന ഇവർ നേരത്തെ രോഗവിമുക്തരായി ആശുപത്രി വിട്ടിരുന്നു. ഇനി ജില്ലയിൽ കൊറോണ ലക്ഷണങ്ങളുമായി ചികിത്സയിലുള്ളത് വെള്ളിയാഴ്ച മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട ഒരാൾ മാത്രമാണ്. 3251 പേർ വീടുകളിൽ നിരീക്ഷണത്തിൽ തുടരുന്നുണ്ട്. 28 ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് ഇവരെ നിരീക്ഷണത്തിൽനിന്ന് ഒഴിവാക്കും.

ആശുപത്രി വിട്ടവരെ യാത്രയാക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ്, ആശുപത്രി സൂപ്രണ്ട് ഡോ. ജയകുമാർ, സാംക്രമിക രോഗ ചികിത്സാ വിഭാഗം മേധാവി ഡോ. സജിത്കുമാർ, തീവ്രപരിചരണ വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ഡോ. വി.ടി. അനുരാജ്, മുൻ എം.എൽ.എ വി.എൻ. വാസവൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യയുടെ തോപ്രാംകുടി ജീവിതം

ടോമയ്യ കഥ പറയാനായി ഇരുന്നു.

ഇടുക്കി ജില്ലയിൽ തോപ്രാംകുടിക്കടുത്താണ് എന്റെ വീട്.

'ങേ! ദിനോസറിനു വീടോ?'- കുഞ്ഞാപ്പു ഒന്ന് അന്താളിച്ചു.

ചോദ്യം സ്വാഭാവികം.

''അതെ, വീട് തന്നെ. ഞാൻ ദാ ഇവനെപ്പോലെ ഒരു പല്ലിയായിരുന്നു മുമ്പ്''.

അതു കേട്ടതും മടിയിലിരുന്ന പല്ലി കട്ടിലിന്റെ തലയ്ക്കലേക്ക് ചാടിയിരുന്നു. യഥാർത്ഥത്തിൽ എനിക്ക് ഇത്രയും വലിയൊരു ശരീരം ഉണ്ടായി എന്നത് എങ്ങനെയെന്ന് ചോദിച്ചാൽ എനിക്കു തന്നെ അറിയില്ല. ഞാൻ ഉണ്ടായ വീട്ടിൽ ആകെ ഒരു വല്യമ്മമ്മാച്ചി മാത്രമേ ഉണ്ടായിരുന്നുള്ളു. അവരുടെ ഏഴു മക്കളും വിദേശത്തായിരുന്നു. എല്ലാവരുടേയും കുടുംബ ഫോട്ടോ ചുവരിൽ മൂപ്പ് എളേത് അനുസരിച്ച് നിരത്തി തൂക്കിയിരുന്നു.എന്നും വൈകിട്ട് ഫോൺ വരും. വല്യമ്മമ്മാച്ചിയുടെ കഴുത്തിലാണ് മൊബൈൽ ഫോൺ കെട്ടിത്തൂക്കിയിരുന്നത്. ഓരോ ഫോൺ വരുമ്പോഴും ഓരോ ഫോട്ടോയ്ക്കു മുന്നിലും ചെന്നു നിൽക്കും. അതിൽ നിന്നറിയാം വിളി ആരുടേതാണെന്ന്.

ഞാൻ അവിടെ കഴിഞ്ഞ കാലത്തൊന്നും ഒരാളും വന്നു കണ്ടിട്ടില്ല. മൂന്നു നേരം ഒരാൾ വന്ന് ജനലിലൂടെ ഭക്ഷണം അകത്തേക്കു വച്ചിട്ടു പോകും. ഉച്ചയ്ക്കുള്ള ചോറിന്റെ പങ്കാണ് ഞങ്ങൾ പല്ലികൾക്ക് കിട്ടുക. ഞങ്ങളന്ന് എട്ടു പത്തുപേരുണ്ടായിരുന്നു. വല്യപ്പപ്പാച്ചന്റെ ഫോട്ടോയ്ക്കു പിന്നിലുണ്ടായിരുന്ന മുതുക്കൻ പല്ലിയോടായിരുന്നു വല്യമ്മമ്മാച്ചിക്ക് ഏറ്റവും ഇഷ്ടം.

അതങ്ങോരു തന്നാ- എന്നാണ് പറയുക.

ഇതിനിടയിലാണ് എന്റെ വളർച്ച അതിരു കടന്നത്.നീയങ്ങു തടിച്ചുകൊഴുത്തല്ലോടാ എന്നാൺ വല്യമ്മമ്മാച്ചി പറയുക.

'അപ്പൊ ഈ പല്ലിവർഗ്ഗം തന്നെയാണോ ദിനോസറായിരുന്നത്?'-

എന്റെ സംശയം ന്യായമായതാണല്ലോ.

ദിനോസർ അല്പം ചരിത്രം പറയാമെന്ന മട്ടിൽ അനങ്ങിയിരുന്നു.

'പിന്നല്ലാതെ, പണ്ടു ഞങ്ങടെ മുതുമുത്തപ്പൂപ്പൻമാരൊക്കെ നിവർന്നു നിന്നാൽ ഇന്നത്തെ ചില ഫ്ലാറ്റുകളുടെ പൊക്കം വരും. ഒരു കാലുവച്ചാൽ കുറഞ്ഞത് അഞ്ചു കിലോമീറ്ററെങ്കിലും കവച്ചുവയ്ക്കാം'.

ഇതു കേട്ടതും പല്ലി ഒന്ന് അഹങ്കാരത്തോടെ എന്നെ നോക്കി.

ഏതായാലും തോപ്രാംകുടി ജീവിതം കുശാലായിരുന്നു. അങ്ങനെയിരിക്കെ പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്. '

ടോമയ്യ പെട്ടെന്ന് ഒരു നിമിഷം നിശബ്ദനായി.

(ജീവിതം വഴിമാറിയ ആ സംഭവം നാളെ)

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ തെരെഞ്ഞെടുത്തത്:

ഐശ്വര്യ പ്രകാശ്
7th സ്റ്റാൻഡേർഡ്
കേന്ദ്രീയ വിദ്യാലയം
കടവന്ത്ര, കൊച്ചി

ശരിയുത്തരം:
ദിനോസറുകൾ പല്ലിയല്ല. അവ വ്യത്യസ്ത ഉരഗവർഗത്തിൽപ്പെട്ടവയാണ്. മറ്റ് ഉരഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവയ്ക്ക് നിവർന്നു നടക്കാൻ കഴിയുമായിരുന്നു.

ഇന്നത്തെ ചോദ്യം:
ദിനോസറുകൾ എത്ര കാലം മുമ്പ് ജീവിച്ചിരുന്നവയാണ്?

ഉത്തരം അയക്കേണ്ട വാട്ട്സ്ആപ് നമ്പർ:
7304041234

മാങ്ങ പായസം

മാങ്ങ സീസണിൽ നാവിൽ കൊതിയൂറും ഒരു മാങ്ങ പായസം ആയാലോ....

ഹോം കുക്കിങ്

ബിനിത ദേവസീ

ചേരുവകൾ :

പഴുത്തമാങ്ങ - 1 എണ്ണം
ശർക്കര ചീകിയത് - 150 ഗ്രാം
തേങ്ങ കൊത്ത് - 1/4 കപ്പ്
നെയ്യ് - 2 ടീസ്പൂൺ
അണ്ടിപ്പരിപ്പ് - 10 എണ്ണം
ഏലക്ക പൊടി - 1/4 ടീസ്പൂൺ
ചുക്ക് പൊടിച്ചത് - 1/4 ടീസ്പൂൺ
തേങ്ങയുടെ ഒന്നാം പാൽ - 1/2 കപ്പ്
തേങ്ങയുടെ രണ്ടാം പാൽ - 1 1/2 കപ്പ്

തയാറാക്കുന്ന വിധം :

മാങ്ങ ചെറിയ സ്ക്വയർ രൂപത്തിലുള്ള കഷണങ്ങളാക്കി ഒരു ടീസ്പൂൺ നെയ്യിൽ വഴറ്റി മാറ്റി വക്കുക. തേങ്ങകൊത്തും അണ്ടിപരിപ്പും നെയ്യിൽ വറുത്തെടുത്ത് മാറ്റിവയ്ക്കുക. ശർക്കര 1/2 കപ്പ് വെള്ളവും ഒഴിച്ചു ഉരുക്കി അരിച്ചെടുക്കുക. നാളികേരത്തിന്റെ ഒന്നാം പാലിനായ് ചിരകിയ തേങ്ങയിലേക്ക് മൂന്നോ നാലോ ടീസ്പൂൺ ചൂടു വെള്ളം ഒഴിച്ചു മിക്സിയിൽ ചതച്ചു നന്നായി പിഴിഞ്ഞ് മാറ്റുക. രണ്ടാം പാലിനായ് ആദ്യം പിഴിഞ്ഞു മാറ്റിയ നാളികേരം കുറച്ചു നല്ലോണം വെള്ളം ഒഴിച്ചു മിക്സിയിൽ ചതച്ചു നന്നായി പിഴിഞ്ഞെടുക്കുക. രണ്ടാം പാലിൽ വഴറ്റിയ മാങ്ങകഷണങ്ങൾ ഇട്ടു നന്നായി വേവിക്കുക. ഒരു വിധം വേവാകുമ്പോൾ ശർക്കര പാനി ഒഴിച്ചു നന്നായി കുറുക്കി എടുക്കുക. അതിലേക്കു ഏലക്ക പൊടിച്ചത്, ചുക്ക്പൊടിച്ചത് ഇട്ടു ഇളക്കുക. തീ ഓഫ് ചെയ്ത ശേഷം ഒന്നാം പാൽ ഒഴിച്ചു നന്നായി യോജിപ്പിക്കുക. തേങ്ങകൊത്തും അണ്ടിപരിപ്പും കൂടി ഇട്ടാൽ അടിപൊളി മാങ്ങ പായസം റെഡി.

അഗത്തിച്ചീര

തൊടിയിലെ വിസ്മയം

റീനാ വർഗീസ്

ഇലയും പൂവും കായും വേരുമെല്ലാം മുരിങ്ങയെപ്പോലെ. എന്നാൽ, അതിലേറെ ഔഷധമൂല്യമുള്ള ആഹാരവൃക്ഷമാണ് അഗത്തിച്ചീര. അഗസ്ത്യമുനിക്ക് ഏറെ പ്രിയപ്പെട്ട വൃക്ഷം. പയറുവർഗത്തിൽപെട്ട ഈ ചെടിയുടെ ശാസ്ത്രനാമം സെസ്ബാനിയ ഗ്രാൻഡിഫ്ലോറ എന്നാണ്.

പത്തടിവരെ ഉയരത്തിൽ വളരും. അഞ്ചുവർഷം വരെ ഇലയും പൂവും വിത്തുകിട്ടുന്ന കായും സമൃദ്ധമായി ലഭിക്കും. അതുകഴിഞ്ഞാൽ തടി മുറിച്ച് വേരെടുത്ത് ഔഷധമാക്കാം. ഇല ദാഹശമിനിയായും ഉപയോഗിക്കുന്നു.

മാംസ്യം, കൊഴുപ്പ്, അന്നജം, നാര്, കാത്സ്യം, ഫോസ്ഫറസ്, ഇരുമ്പ്, ജീവകം സി, എ തുടങ്ങി അറുപതോളം പോഷകങ്ങൾ ഈ അത്ഭുത ച്ചെടിയുടെ ഇലയിൽ അടങ്ങിയിരിക്കുന്നു.

ഒരു ഔൺസ് അഗത്തിയില വേവിച്ച ചാറ് ഒരു ടീ സ്പൂൺ കോഡ് ലിവർ ഓയിലിനു സമം. മൂത്രാശയക്കല്ല് മാറ്റാൻ അഗത്തിയിലയിട്ട് വേവിച്ചെടുത്ത വെള്ളം ഉത്തമം. ജൈവവേലിയായും അടുക്കളത്തോട്ടത്തിലും വീട്ടുമുറ്റത്തുമൊക്കെ ഈ ചീരവൃക്ഷം കൃഷി ചെയ്യാം. ഒക്റ്റോബർ മുതൽ ഡിസംബർ വരെ നടീൽ കാലം. രോഗ കീടങ്ങളൊന്നുമുണ്ടാകാറില്ല.

പൂവിന്റെ പ്രത്യേകത കാരണം ശിവപൂജയ്ക്കും വിശേഷപ്പെട്ടതാണ്. ദിവസവും കൂടിയ അളവിൽ അഗത്തിച്ചീര കഴിക്കാൻ പാടില്ല. പാകം ചെയ്യുമ്പോൾ വെളുത്തുള്ളി ചേർക്കുന്നത് ഗ്യാസ്ട്രബിൾ ഉണ്ടാകാതിരിക്കാൻ സഹായിക്കും.

ഡാൻസുമായി അഹാനയും സഹോദരിമാരും

ലോക്ക്ഡൗൺ കാലത്ത് പരീക്ഷിക്കാവുന്നതെല്ലാം വീട്ടിലിരുന്ന് ചെയ്യുകയാണ് എല്ലാവരും. ഇപ്പോഴിത നടി അഹാന കൃഷ്ണയും സഹോദരിമാരും ഒരു കിടിലൻ ഡാൻസുമായെത്തിയിരിക്കുകയാണ്. അഹാനയും സഹോദരിമാരായ ദിയ, ഇഷാനി, ഹൻസിക എന്നിവർ മുമ്പും ഇവരുടെ ഡാൻസ് വിഡിയോകൾ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചിട്ടുണ്ട്.

ഇക്കുറിയും വിഡിയോ ആരാധകർ ഏറ്റെടുത്തു കഴിഞ്ഞു. അഹാനയുടെ യൂട്യൂബ് പേജിലും ഇൻസ്റ്റഗ്രാമിലും പങ്കുവച്ച വിഡിയോ ഇതിനോടകം ലക്ഷകണക്കിന് ആളുകളാണ് കണ്ടത്. എന്നാൽ ദിയയാണ് കൂടുതൽ കൈയടി നേടിയത്. ഇതിന് മുൻപും നാൽവർ സംഘത്തിന്റെ വിഡിയോകൾ സമൂഹമാധ്യമങ്ങളിൽ തരംഗമായിരുന്നു.

സർക്കാർ നിർദേശങ്ങൾ നടപ്പാക്കുക മുഖ്യം: സ്വരാജ്

സൂരജ് സജി

തൃപ്പൂണിത്തുറ: എല്ലാ ദിവസവും എല്ലായിടത്തും കറങ്ങി നടക്കുന്നത് ശരിയല്ലല്ലോ...! അപ്പോൾ അത്യാവശ്യമുള്ള സ്ഥലത്ത് പോകുകയാണ് വേണ്ടത്. നമ്മൾ ചെല്ലേണ്ട സ്ഥലങ്ങളിൽ രണ്ടു മണിക്കൂറെങ്കിലും മാറ്റിവെച്ച് നേരിട്ടെത്തും, ബാക്കി മുഴുവൻ ഫോണിലൂടെയും അല്ലാതെയും കൈകാര്യം ചെയ്യും. സംസ്ഥാന സർക്കാർ നിർദേശിച്ച കാര്യങ്ങൾ കർശനമായി നടപ്പാക്കുന്നതിലാണ് മുഖ്യം. ലോക്ക്ഡൗൺ കാലത്തെ എം.സ്വരാജ് എംഎൽഎയുടെ വാക്കുകളാണിത്.

എംഎൽഎ ഓഫിസ് ഉൾപ്പെടെ കൊറോണ മുൻകരുതിലിനെ തുടർന്ന് സ്വരാജ് പൂട്ടിയിട്ട് ദിവസങ്ങളേറെയായി. സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുന്ന നിർദേശ പാലിക്കാതെ എംഎൽഎ എന്ന പ്രിവിലേജൻ കറങ്ങി നടക്കാൻ ഈ യുവ എംഎൽഎയ്ക്ക് ഒട്ടും താൽപര്യമില്ല. റോഡിലിറങ്ങി വാഹനങ്ങൾ തടഞ്ഞും, കമ്യൂണിറ്റി കിച്ചണുകൾ തോറും കേറിയിറങ്ങി പടമെടുക്കുന്നതിലുമല്ല, ഈ കൊറോണ കാലത്ത് സ്വരാജ് ശ്രദ്ധ ചെലുത്തുന്നത്. തന്റെ മണ്ഡലത്തെ കൊറോണ ഭീതിയിൽ നിന്ന് മോചിപ്പിക്കുകയെന്നതിനാണ്. അതിനായി സർക്കാർ നിർദേശം കർശനമായി നടപ്പാക്കുകയാണ് എംഎൽഎ.

രാവിലെ തന്നെ നിരീക്ഷങ്ങളിൽ കഴിയുന്നവരെ കുറിച്ചുള്ള വിവരങ്ങളാണ് ആദ്യം ആരായുക. നിരീക്ഷത്തിലുള്ളവരുടെ സ്ഥിതിയും അവർ വീട്ടിൽ നിന്ന് പുറത്ത് പോകുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ആരോഗ്യ പ്രവർത്തകരേയും ഫോണിൽ ബന്ധപ്പെടും. കൂടുതൽ സഹായങ്ങൾക്ക് സഖാക്കളും സന്നദ്ധപ്രവർത്തകരും കൂടി ചേരുന്നതോടെ നിരീക്ഷണത്തിലുള്ളവരെയും നല്ല രീതിയിൽ ശ്രദ്ധിക്കാനും കഴിയുന്നുണ്ട്.

ശ്രീലക്ഷ്മിക്ക് എം. സ്വരാജ് എംഎൽഎ ചോക്ലേറ്റ് സമ്മാനിക്കുന്നു

ദിവസവും മണ്ഡലത്തിലെ ഒന്നോ രണ്ടോ പഞ്ചായത്തിൽ നേരിട്ടെത്തും. ആ പഞ്ചായത്തിലെ സെക്രട്ടറിയേയും, പ്രസിഡന്റിനേയും ഹെൽത്ത് ഇൻസ്പെക്റ്ററേയും വില്ലജെ് ഓഫിസറേയും നേരിൽ കാണും. അവിടുത്തെ സാഹചര്യങ്ങൾ വിലയിരുത്തി വേണ്ട നിർദേശങ്ങളും നൽകും. ലോക്ക്ഡൗൺ തുടങ്ങിയതു മുതൽ പതിവിലും നേരത്തെ വീട്ടിലെത്താൻ പറ്റുന്നുണ്ട് എംഎൽഎയ്ക്ക്. കൂടുതൽ സമയവും വീട്ടിൽ തന്നെയിരിക്കാനാണ് ശ്രമമെങ്കിലും വിശ്രമിക്കുന്നത് വിരളം. മുഴുവൻ സമയവും ഫോണിൽ തന്നെയാണ്.

ഫോണിലൂടെയാണ് മറ്റു പ്രവർത്തനങ്ങളെല്ലാം തന്നെ ഏകോപിപ്പിക്കുന്നത്. പോകാൻ കഴിയാത്ത മറ്റിടങ്ങളിലെല്ലാം തന്നെ ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഓരോ ദിവസവും വിലയിരുത്തും. സർക്കാർ നിർദേശങ്ങൾക്ക് ആനുപാതികമായുള്ള ഏകോപനമാണ് മണ്ഡലത്തിൽ നടത്തുന്നത്. പൊതുപരിപാടികളെല്ലാം തന്നെ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്.

എന്നിരുന്നാലും കഴിഞ്ഞ ദിവസം ഓട്ടിസം ദിനാചരണത്തിന്റെ ഭാഗമായി വൈകല്യങ്ങൾ പേറുന്ന മൂന്നു കുട്ടികളുടെ വീടുകൾ സ്വരാജ് സന്ദർശിച്ചു. തൃപ്പൂണിത്തുറ ബിആർസിയിൽ പഠിക്കുന്ന എടമ്പാടം ചൈതന്യയിൽ ശ്രീലക്ഷമിയുടെ വീട്ടിലായിരുന്നു ആദ്യം എത്തിയത്. കാർത്തികേയന്റെയും ഗ്രീഷ്മയുടെയും മകളായ ശ്രീലക്ഷ്മി ബിആർസിയിലെ പരിശീലനത്തിലാണ് അത്യാവശ്യം സംസാരിച്ചു തുടങ്ങിയത്. മകൾ അമ്മേ എന്നു വിളിച്ചുതുടങ്ങിയതിന്റെ സന്തോഷത്തിലായിരുന്നു വീട്ടുകാർ. എംഎൽഎ വീട്ടിലെത്തിയപ്പോ കളി ചിരികളോടെയാണ് ശ്രീലക്ഷ്മി വരവേറ്റത്. സമ്മാനമായി ചോക്ലേറ്റ് ബോക്സ് കിട്ടിയപ്പോൾ എംഎൽഎ മാമന് താങ്സ് പറയാനും ശ്രീലക്ഷ്മിക്ക് ഏറെ ഉത്സാഹമായിരുന്നു. എരൂർ വലിയപറമ്പിൽ ഉല്ലാസന്റെ മകൻ അനന്തുവിനെയും എരൂർ പയ്യപ്പിള്ളിച്ചിറയിൽ ജീനയേയും സന്ദർശിച്ച് മധുരം നൽകി .